www.viswasasamrakshakan.org

# വിശ്വാസസംരക്ഷകൻ

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണം

Vol. 3 Issue 65 November 16 - Dec15 2008

# ആലുവ തൃക്കുന്നത്ത് സെമിനാരി യാക്കോബായ സഭയ്ക്ക് അവകാശപ്പെട്ടത് -ശ്രേഷ്ഠ ബാവ

ആലുവ തൃക്കുന്നത്ത് സെമിനാരിയും സ്വത്തുക്കളും യാക്കോബായ സുറിയാനി സഭയ്ക്ക് മാത്രം അവകാശപ്പെട്ടതാണ് എന്ന് ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് തോമസ് പ്രഥമൻ ബാവ പ്രഖ്യാപിച്ചു. പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവാമാരിൽ നിന്ന് സ്ഥാനപദവികൾ സ്വീകരിച്ച മെത്രാപ്പോലീത്തന്മാരാൽ മാത്രമാണ് സെമിനാരി സ്ഥാപിക്കപ്പെട്ടതും ഭരിക്കപ്പെട്ടതും. അങ്കമാലി ഭദ്രാസനത്തിന്റെ ആസ്ഥാനമായ സെമിനാരിയും പള്ളിയും 1934 ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടേണ്ടതല്ല എന്നാണ് കോടതി വിധിച്ചിട്ടുള്ളത്. നിയമാനുസൃതം വാഴിക്കപ്പെട്ടിട്ടുള്ളതും അങ്കമാലി ഭദ്രാസനത്തിന്റെ അംഗീകാരവുമുള്ള മെത്രാപ്പോലീത്താമാരാലാണ് തൃക്കുന്നത്ത് സെമിനാരി ഭരിക്കപ്പെടേണ്ടതെന്ന് ബവാ പറഞ്ഞു.

യാക്കോബായ സഭയുടെ അങ്കമാലി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായും പരി.പാത്രിയർക്കീസ് ബാവായിൽ നിന്ന് സ്ഥാനപദവികൾ സ്വീകരിച്ചിട്ടുള്ള ശ്രേഷ്ഠ ബസ്സേലി യോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായാണ് ഇപ്പോൾ ഈ ഭദ്രാസനത്തിന്റെ അധിപൻ. അങ്കമാലി ഭദ്രാസനത്തിലെ 99% പള്ളികളും ജനങ്ങളും ശ്രേഷ്ഠ ബാവായെയാണ് ഭദ്രാസന മെത്രാപ്പോലീത്തയായി അംഗീകരിക്കുന്നതെന്ന് ബാവ വെളിപ്പെടുത്തി.

സഭാ സമാധാന കാലയളവിൽ 1966 ൽ തൃക്കുന്നത്ത് സെമിനാരിയിൽ പ്രവേശിച്ച മെത്രാപ്പോലീത്ത 1970 ൽ പരി.സഭയുടെ പൂർവ്വീക സത്യവിശ്വാസത്തിൽ നിന്ന് വ്യതിച ലിച്ചത് മുതലാണ് സെമിനാരിയിൽ പ്രശ്നങ്ങൾക്ക് തുടക്കം കുറിച്ചത്. 1912 ൽ രൂപീകൃതമായ മെത്രാൻകക്ഷി സഭയ്ക്ക് 1880 ൽ സ്ഥാപിച്ച തൃക്കുന്നത്ത് സെമിനാരിയുടെ മേൽ എങ്ങനെ ഉടമസ്ഥാവകാശം പറയുവാൻ സാധിക്കും. സെമിനാരി സംബന്ധിച്ച രേഖകൾ കോടതിവിധികളടക്കം ഏത് മദ്ധ്യസ്ഥരുടെ മുമ്പാകെയും വെക്കുവാൻ യാക്കോബായ സഭ ഒരുക്കമാണ്. മൂന്ന് പതിറ്റാണ്ടുകളിലധികമായി പൂട്ടികിടക്കുന്ന ഈ പുണ്യദൈവാലയത്തിൽ ആരാധനകളും പ്രാർത്ഥനകളും ആരംഭിക്കേണ്ടത് അനിവാര്യമാണ്. ഇരുസഭകൾക്കും ഈ അവസരം ഉണ്ടാകണമെന്നാണ് യാക്കോബായ സഭയുടെ നിലപാട് എന്ന് ബാവ ഓർമ്മിപ്പിച്ചു.

കഴിഞ്ഞ ദിവസം മെത്രാൻകക്ഷികൾ കോട്ടയത്ത് നടത്തിയ സമ്മേളനത്തിന് കാരണമായി പറയുന്ന കാര്യങ്ങൾ വിചിത്രമായി തോന്നുന്നു. പ.അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധം ഊട്ടി ഉറപ്പിക്കുന്നതിനുവേണ്ടി കൂനൻ കുരിശ് എന്ന പേരിൽ അറിയപ്പെടുന്ന ചരിത്രസംഭവത്തെ വളച്ചൊടിക്കുവാനുള്ള മെത്രാൻ കക്ഷികളുടെ ശ്രമങ്ങൾ തികച്ചും ചരിത്രത്തോടുള്ള നിഷേധമായി മാത്രമേ കാണുവാൻ സാധിക്കു എന്ന് ബാവ പറഞ്ഞു.

നീതി നിഷേധത്തെകുറിച്ചും പള്ളി കയ്യേറ്റങ്ങളെക്കുറിച്ചും പറയുവാൻ ഇവർക്ക് എന്തവകാശമാണുള്ളത്. ഭൂരിപക്ഷം വരുന്ന വിശ്വാസികളുടെ ആഗ്രഹത്തിനും വിശ്വാസത്തിനും വിരുദ്ധമായി കുറച്ച് ആളുകളെ സംഘടിപ്പിച്ച് അനധികൃതമായി പള്ളികളിൽ പ്രവേശനം നടത്തുവാനും, പ്രശ്നങ്ങൾ സൃഷ്ടിച്ച് അവ പൂട്ടിക്കുവാനുമാണ് ഈ വിഭാഗം ശ്രമിക്കുന്നത്. കഴിഞ്ഞ ഒക്ടോബർ 19-ാം തീയതി യാക്കോബായ സഭയുടെ പിറവം വലിയപള്ളിയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ദ്വിദിമോസ് കാതോലിക്കായുടെ നേതൃത്വത്തിൽ അവിടെ നടന്നതായ അതിക്രമങ്ങളും കയ്യേറ്റങ്ങളും വിശ്വാസികളുടെ ആരാധനാസ്വാതന്ത്ര്യത്തെ നിഷേധിക്കുവാനുള്ള ലക്ഷ്യത്തോടുകൂടിയായിരുന്നു. ഏതാനും നാളുക ൾക്ക് മുമ്പ് മുവാറ്റുപുഴയിലെ തോമസ് അത്താനാസിയോസിന്റെ നേതൃത്വത്തിൽ പിറവം പള്ളിയിൽ അനധികൃതമായി പ്രവേശിക്കുവാൻ നടത്തിയതായ ശ്രമങ്ങളും വിശ്വാസികളുടെ സമൂഹം വേദനയോടുകൂടിയാണ് കണ്ടിട്ടുള്ളത്. ഇതുപോലുള്ള നീതിനിഷേധ പ്രവർത്തനങ്ങളിൽ നിന്ന് കാതോലിക്കപക്ഷം പിൻവാങ്ങുകയാണ് വേണ്ടത്.

കോടതിവിധികൾ നടപ്പിലാക്കണമെന്നാണ് ഇവർ പറയുന്നത്. കോടതിവിധികൾ നടപ്പിലാക്കുവാൻ തെരുവിൽ പ്രകടനം നടത്തി പുലഭ്യങ്ങൾ പുലമ്പാതെ കോടതിയെ തന്നെ സമീപിക്കുകയാണ് വേണ്ടത്. 1995 ൽ ഉണ്ടായതായ വിധി ഇവർക്ക് അനുകൂല്യമാണെന്ന് അവകാശപ്പെടുമ്പോൾ 13 വർഷം കഴിഞ്ഞിട്ടും എന്തുകൊണ്ടാണ് കോടതിയെ സമീപിച്ച് വിധി നടപ്പിലാക്കി എടുക്കാത്തത് എന്ന് മനസിലാകുന്നില്ല.

സുപ്രീം കോടതി വിധിക്ക് ശേഷം പള്ളികളിൽ പ്രവേശിക്കുവാൻ പോലീസ് സംരക്ഷണവും യാക്കോബായ സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവായെയും, മെത്രാപ്പോലീത്തമാരെയും പള്ളികളിൽ പ്രവേശിക്കുന്നതിൽ നിന്ന് ശാശ്വതമായ നിരോധനം തുടങ്ങി പല കാര്യങ്ങളും ആവശ്യപ്പെട്ട് ഇവർ ഹൈക്കോടതിയെയും, സുപ്രീം കോടതിയെയും സമീപിച്ചിരുന്നുവെങ്കിലും ഇവരുടെ എല്ലാ അവകാശവാദങ്ങളെയും കോടതി നിരാകരിക്കുകയാണ് ഉണ്ടായത്. അന്ത്യോഖ്യായിലെ പരി.പാത്രിയർക്കീസ് ബാവായാണ് ഞങ്ങളുടെ ആത്മീയ മേലദ്ധ്യക്ഷൻ എന്ന് വിശ്വാസികൾ പറയുമ്പോൾ അതല്ല കോട്ടയം കാതോലിക്കയാണെന്ന് പറയുവാൻ സാധിക്കുകയില്ല എന്ന നിലപാടാണ് ബഹു.സുപ്രീം കോടതി വിധിന്യായത്തിൽ ചൂണ്ടികാണിച്ചിട്ടുള്ളത് ബാവ പറഞ്ഞു.

കോടതിവിധി തങ്ങൾക്ക് അനുകൂലമാണെന്ന് പറയുന്നവർ തന്നെ അതിനെ നിരാകരിക്കുന്ന നിലപാടുകൾ സ്വീകരിക്കുന്നതായാണ് നമുക്ക് കാണുവാൻ കഴിയുന്നത്. ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായാ ണെന്നും ആകമാന സുറിയാനിസഭയുടെ ഭാഗമാണ് മലങ്കര സഭയെന്നും, കാതോലിക്കാ യുടെ മേൽസ്ഥാനിയാണ് പ.പാത്രിയർക്കീസ് ബാവായെന്നും, ഇടവകപള്ളികൾ ജനങ്ങളുടേതാണെന്നുംമുള്ള കോടതിയുടെ കണ്ടെത്തലുകൾ എന്തുകൊണ്ട് ഇവർ മാനിക്കുന്നില്ല. 1995ലെ വിധി, ബഹു. ഗവൺമെന്റ് നിയോഗിക്കുന്ന അഡ്വക്കേറ്റ് ജനറൽ അടക്കമുള്ളവരോ മറ്റ് നിഷ്പക്ഷരായ നിയമ വിദഗ്ദരോ പരിശോധിക്കുമ്പോൾ യാക്കോബായ സഭയുടെ നിലപാടുകൾ സത്യമാണ് എന്ന് ബോധ്യപ്പെടും. അത് ബോദ്ധ്യമുള്ളതുകൊണ്ടാണ് ഓർത്തഡോക്സ് വിഭാഗം മദ്ധ്യസ്ഥശ്രമങ്ങളിൽ നിന്ന് ബോധപൂർവ്വം മാറിനിൽക്കുന്നത്.

1975 മുതൽ ശ്രേഷ്ഠ കാതോലിക്ക ബാവ യാക്കോബായ സുറിയാനി സഭയുടെ എല്ലാ പള്ളികളിലും പ്രവേശിച്ച് ആത്മീയ കാര്യങ്ങൾ നടത്തിവരുന്നു. അതിന് എതിരായ ഒരു കോടതിവിധിയും നാളിതുവരെയായും ഉണ്ടായിട്ടില്ല. അനധികൃതമായ ഒരു പ്രവേശനത്തിനും ശ്രേഷ്ഠ കാതോലിക്ക ബാവ ഇതുവരെ പരിശ്രമിച്ചിട്ടുപോലുമില്ല.

മെത്രാൻകക്ഷി വിഭാഗം ഇടവക വിശ്വാസികൾ അദ്ധ്വാനിച്ചുണ്ടാക്കിയ സ്വത്തുക്കൾ കൈവശപ്പെടുത്തുവാനാണ് ശ്രമിക്കുന്നത്. യാക്കോബായ സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം ഇത് സ്വത്തിന്റെ പ്രശ്നമല്ല. വിശ്വാസത്തിന്റെ കാര്യമാണ്. തങ്ങളുടെ പൂർവ്വീക പിതാക്കന്മാർ പിൻതുടർന്ന വിശ്വാസത്തിൽ ജീവിച്ച് അവസാനകാലം വരെ അതിൽ നിലനിൽക്കുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ടത്.

പ.ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ കബർ സ്ഥിതി ചെയ്യുന്ന മഞ്ഞനിക്കര ദയറാ പിടിച്ചടുക്കുമെന്നാണ് ഇവർ പ്രഖ്യാപിച്ചിരിക്കുന്നത്. ഇതുപോലുള്ള കൈയേറ്റ പ്രോത്സാഹനങ്ങൾ സഭ നൽകുന്നിടത്താണ് അസമാധാനവും, നിയമലംഘനവും ഉണ്ടാകുന്നത്. ഇതുപോലുള്ള പ്രസ്താവനകൾ ഇറക്കി യാക്കോബായ സഭാ വിശ്വാസികളുടെ വികാരങ്ങളെ വൃണപ്പെടുത്തുന്ന നിലയിലേക്ക് കാര്യങ്ങൾ കൊണ്ടുചെന്നെത്തിച്ചാൽ ദൂരവ്യാപകമായ ഭവിഷ്യത്തുകൾക്ക് കാരണമായിതീരും.

പ. പാത്രിയർക്കീസ് ബാവായുടെ ശ്ലൈഹീക സന്ദർശനം നിരോധിക്കണമെന്ന് ആവശ്യപ്പെട്ട് കോടതിയെ സമീപിച്ച് അപഹാസ്യരായവർ അർമേനിയൻ സുപ്രീം കാതോലിക്കയെ കൊണ്ടുവന്ന് കർമ്മങ്ങൾ നടത്തിയതിലെ വൈരുദ്ധ്യം വളരെ സ്പഷ്ടമാണ്. സന്ദർശക വിസായിൽ വരുന്ന സഭാ അദ്ധ്യക്ഷന്മാർ മതചടങ്ങുകളിൽ പങ്കെടുക്കരുതെന്ന ആവശ്യം ഉന്നയിച്ചവർ ഈ കാര്യത്തിൽ എടുത്ത നിലപാടുകൾ വിചിത്രമാണ്. തനിക്ക് മുകളിൽ ദൈവംതമ്പുരാൻ മാത്രമേയുള്ളു എന്ന ദ്വിദിമോസ് കാതോലിക്കായുടെ പ്രഖ്യാപനവും കോട്ടയം സമ്മേളനത്തിൽ മെത്രാപ്പോലീത്താമാർ അടക്കമുള്ളവരുടെ പ്രസംഗങ്ങളും ആ സ്ഥാനങ്ങൾക്ക് യോജിച്ചതായിരുന്നുവോ എന്ന് അവർ സ്വയം ചിന്തിക്കട്ടെ. കോതമംഗലം മാർ തോമാ ചെറിയപള്ളി ഇടവകാംഗമായ തോമസ് പോൾ റമ്പാൻ തന്റെ പിതാവിന്റെ ശവസംസ്കാര ശുശ്രൂഷ ദേവലോകം കാതോലിക്കായുടെയും, മെത്രാപ്പോലീത്താമാരുടെയും കാർമ്മികത്വത്തിൽ നടത്തണമെന്ന് ആവശ്യപ്പെട്ട് ബഹു. കോടതിയിൽ ഹർജി നൽകിയെങ്കിലും ദേവലോകം കാതോലിക്കായും, മെത്രാപ്പോലീത്താമാരും പ്രവേശിക്കണമെന്ന ആവശ്യം ബഹു.കോടതി നിരാകരിക്കുകയും, പിതൃപുത്ര ബന്ധത്തെ കരുതിയും മരിച്ച വ്യക്തിയോടുള്ള ബഹുമാന സൂചകമായും പള്ളിയിലെ നിലവിലുള്ള ആചാരഅനുഷ്ഠാനങ്ങൾക്കും ചടങ്ങുകൾക്കും വിധേയമായി ഇടവക വികാരിയുടെ സാന്നിദ്ധ്യത്തിൽ കർമ്മങ്ങൾ നടത്തുവാൻ അനുമതി നൽകുകയുമാണ് ഉണ്ടായത്. എങ്കിലും ഈ കാര്യത്തിൽ ചില മാധ്യമങ്ങളിൽ, മറുവിഭാഗത്തെ മെത്രാൻമാർ പള്ളിയിൽ പ്രവേശിച്ചതായി തെറ്റായി വാർത്തകൾ വന്നത് ദു:ഖകരമാണ്.




സംഘർഷങ്ങളും സ്ഫോടനാത്മകമായ അന്തരീക്ഷവും ഒഴിവാക്കുവാൻ മാനുഷികമായ സമീപനമാണ് യാക്കോബായ സഭയും ശ്രേഷ്ഠ കാതോലിക്ക ബാവായും ഭരണാധികാരികളോട് ചേർന്ന് കോതമംഗലത്ത് ചെയ്തത്.

കോട്ടയം നഗരസഭയിൽ മെത്രാൻ കക്ഷി കൗൺസിലർമാർ തമ്മിലുള്ള പടലപിണക്കം മൂലം ഉണ്ടായ പ്രശ്നങ്ങൾ യാക്കോബായ സഭാംഗമായ ചെയർപേഴ്സണ് എതിരെ അവിശ്വാസവുമായി മുമ്പോട്ടുപോകുന്ന ചില രാഷ്ട്രീയ കക്ഷികളുടെ ലക്ഷ്യം തെറ്റിദ്ധാരണ ഉളവാക്കുന്നതാണ്.

മദ്ധ്യസ്ഥശ്രമങ്ങളെ യാക്കോബായ സഭ എന്നും സ്വാഗതം ചെയ്തിട്ടുണ്ട്. മുൻ മുഖ്യമന്ത്രി ശ്രീ. സി. അച്ചുതമേനോൻ അടക്കമുള്ള രാഷ്ട്രീയ സാമൂഹിക രംഗത്തെ പ്രമുഖരും ഇതര സഭാ മേലദ്ധ്യന്മാരും സമാധാന ശ്രമങ്ങളുമായി മുമ്പോട്ടു വന്നപ്പോൾ മറുവിഭാഗം നിസ്സഹകരിക്കുന്ന സമീപനമാണ് കാട്ടിയത്.

സഭാ പ്രശ്നത്തിൽ നീതിനിഷ്ഠമായ സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. സമാധാന അന്തരീക്ഷം നിലനിർത്തുവാൻ സർക്കാർ ശ്രമിക്കുമ്പോൾ അതിനെ വിമർശിക്കുകയും തെരുവിലിറങ്ങി അക്രമവാസന കാട്ടുന്നതായ പ്രവണതയിൽ നിന്ന് പിൻമാറി നാട്ടിലും പള്ളിയിലും, ദൈവാലയങ്ങളിലും സമാധാന അന്തരീക്ഷം നിലനിർത്തുന്നതിന് സർക്കാരുമായി സഹകരിക്കുകയാണ് മറുവിഭാഗം ചെയ്യേണ്ടത്. എന്തു പ്രതിസന്ധികൾ നേരിടേണ്ടിവന്നാലും യാക്കോബായ സഭയ്ക്ക് മാത്രം അവകാശപ്പെട്ട തൃക്കുന്നത്ത് സെമിനാരി അടക്കം ഒരു ദൈവാലയവും മറുവിഭാഗത്തിന് വിട്ടുകൊടുക്കുവാൻ സാധിക്കുകയില്ല.അവ സംരക്ഷിക്കുവാനുള്ള ഓജസ്സും ശക്തിയും സഭയ്ക്കുണ്ട്, ഭീഷണികൾ കൊണ്ടും വ്യക്തിഹത്യ കൊണ്ടും സഭയെ കീഴ്പ്പെടുത്താമെന്ന് ആരും കരുതരുത്. ബാവ ഓർമ്മിപ്പിച്ചു.

# ദൈവാലയവും അതിലെ പ്രതിനിധാനങ്ങളും

**ഡോ. മാത്യു ഡേവിഡ് M.sc. Ph.D. രചിച്ച വി. കുർബ്ബാന : മാനവോദ്ധാരണത്തിനുള്ള ദൈവീകപദ്ധതി എന്ന ഗ്രന്ഥത്തിൽ നിന്ന്**

ആരാധനയ്ക്കായി മാത്രം വേർതിരിച്ചു വച്ചിരിക്കുന്നതും ജനത്തിനും പുരോഹിതനും ഒരു പോലെ നിന്നു പ്രാർത്ഥിക്കുവാനും ആരാധന നടത്തുവാനുമുള്ള സജ്ജീകരണങ്ങളോടു കൂടിയ സ്ഥലമാണ് ദൈവാലയം.

പഴയ നിയമത്തേയും പഴയ നിയമ ആചാരങ്ങളേയും ബഹുമാനിക്കുന്നവരാണല്ലോ സുറിയാനി ക്രിസ്താനികൾ. കർത്താവ് പഴയ നിയമങ്ങളെ നീക്കിക്കളയുവാനല്ല വന്നതെന്നും പിന്നെയോ അവ നിവർത്തിപ്പാനാണ് വന്നതെന്നും നാം വിശ്വസിക്കുന്നു. യിസ്രായേൽ ജനതയുടെ ആഗ്രഹപൂർണ്ണത വരുത്തിയ യറുശലേം ദൈവാലയത്തിന്റെ പൂർത്തീകരണ ദിവസം ദൈവ തേജസ്സാൽ ദൈവാലയം നിറഞ്ഞു. (1 രാജാ.8:11) എന്നെഴുതപ്പെട്ടിരിക്കുന്നു. അവൻ എന്നെന്നേക്കും അവിടെ വസിക്കും. (1 രാജാ. 9:3) എന്നും തിരുവെഴുത്തുകൾ സംസാരിക്കുന്നു. പുതിയ നിയമ കാലത്ത് കർത്താവും, അവന്റെ മാതാവും യൗസേഫും, ശിഷ്യൻമാരും മുടങ്ങാതെ യറുശലേം ദൈവാലയത്തിൽ പോകുമായിരുന്നുവെന്നും, കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിന്റെ ശേഷവും അവർ ദൈവാലയ ശുശ്രൂഷകളിൽ പങ്കെടുത്തിരുന്നുവെന്നും വി. വേദപുസ്തകം സാക്ഷിക്കുന്നു. (മത്താ. 24:1, ലൂക്കോ. 21:37, അ.പ്ര. 2:46, അ.പ്ര. 3:1, എബ്ര. 4:16) ക്രിസ്തുമത പീഢന കാലത്ത് ചിലയിടങ്ങളിൽ ദൈവാലയം ഉയർത്തുവാൻ കഴിയാതിരുന്നതിനാൽ രഹസ്യമായി ഗുഹകളിലും സ്വകാര്യഭവനങ്ങളിലും ഒന്നിച്ചു കൂടി വി. കുർബ്ബാന നടത്തിയിരുന്നതായി കാണുന്നു. എന്നാൽ അക്കാലത്തുപോലും അവർ ദൈവാലയത്തിൽ പോയി ആരാധനയിൽ പങ്കെടുത്തിരുന്നുവെന്ന് കാണുന്നു. (അ.പ്ര. 5:20). ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും ദൈവാലയങ്ങൾക്കുമുള്ള സ്ഥാനം ശ്ലൈഹീക കാലം മുതലേ നൽകിയിരുന്നുവെന്നുള്ളതിന്റെ തെളിവുകളാണ് മേൽപ്പറഞ്ഞ തിരുവെഴുത്തുകൾ. ദൈവം സർവ്വവ്യാപിയാണ്. രണ്ടുപേർ തന്റെ നാമത്തിൽ എവിടെക്കൂടിയാലും അവൻ അവരുടെ മദ്ധ്യേ ഉണ്ടാകും എന്ന് കർത്താവു തന്നെ അരുളിചെയ്തിട്ടുണ്ടല്ലോ. രണ്ടുപേർ ദൈവാലയത്തിൽ അവന്റെ നാമത്തിൽ കൂടുമ്പോൾ അവൻ അവിടെയും ഉണ്ടായിരിക്കും. പ്രാർത്ഥനയ്ക്കും ആരാധനയ്ക്കും ദൈവാലയം ആവശ്യമില്ല എന്നു വാദിക്കുന്നവരുണ്ട്. എന്നാൽ പ്രാർത്ഥനാലയം പ്രത്യേകം വയ്പാനും, അവയെ വിശുദ്ധമായി സൂക്ഷിപ്പാനും ശ്ലൈഹിക പിതാക്കൻമാർ നമ്മെ പഠിപ്പിക്കുന്നു. മാർത്തോമ്മാശ്ലീഹാ ഭാരതത്തിൽ ഏഴര പള്ളികൾ സ്ഥാപിച്ചതായി നാം വിശ്വസിക്കുന്നു. ആരാധനയ്ക്കായി ദൈവാലയം ശ്ലൈഹികകാലം മുതലേ ഉവയോഗിച്ചിരുന്നുവെന്ന് ആയതിൽ നിന്നും നമുക്ക് മനസ്സിലാക്കാം. ആരാധനയ്ക്കായി ദൈവാലയം പ്രത്യേകം ഉണ്ടായിരുന്നാൽ അത് വിശുദ്ധമായി സൂക്ഷിപ്പാനും, അതിൽ തടസ്സമില്ലാതെ ഏതു സമയവും പ്രാർത്ഥിക്കുവാനും, ദൈവസന്നിധിയിലാണ് നാം നില്ക്കുന്നതെന്ന പ്രതീതി നമ്മിലുളവാക്കുവാനും കഴിയും. എല്ലാ ദൈവാലയങ്ങൾക്കും യറുശലേം ദൈവാലയത്തോട് സാദൃശ്യമുണ്ടായിരിക്കണം എന്ന് സഭയ്ക്ക് നിർബന്ധമുണ്ട്. ആയതിനാൽ എല്ലാ പള്ളികളും യറുശലേം ദൈവാലയത്തിന്റെ പ്രതിനിധാനങ്ങൾ ആണ്.

സുറിയാനി ക്രിസ്ത്യാനികളുടെ ദൈവാലയങ്ങൾ എല്ലാം തന്നെ കിഴക്കുപടിഞ്ഞാറു ദിശയിലേ പണിതുയർത്തുകയുള്ളൂ. ജനം കിഴക്ക് തിരിഞ്ഞു നിന്നേ പ്രാർത്ഥിക്കുകയും ആരാധിക്കുകയും ചെയ്യുകയുള്ളൂ. കിഴക്കിന്റെ പ്രാധാന്യത്തെക്കാണിക്കുന്ന അനേകം വേദഭാഗങ്ങൾ എടുത്തുകാട്ടുവാനുണ്ട്. മശിഹായുടെ രണ്ടാമത്തെ വരവ് കിഴക്കു നിന്നായിരിക്കും എന്ന് വി. പുസ്തകത്തിൽ പരാമർശിക്കുന്നുണ്ട് (മത്താ. 24:27) ആയതിനാൽ കർത്താവിന്റെ രണ്ടാമത്തെ വരവിനെ പ്രതീക്ഷിച്ചു നാം കിഴക്കോട്ട് അഭിമുഖമായി നിന്ന് പ്രാർത്ഥനയും ആരാധനയും നടത്തുന്നു. യെഹസ്കിയേൽ പ്രവാചകൻ കണ്ടദർശനങ്ങളിൽ പല പ്രാവശ്യം കിഴക്കിന്റെ പ്രാധാന്യത്തെ ചൂണ്ടിക്കാണിക്കുന്നുണ്ട്. യഹോവയുടെ ആലയത്തിന്റെ കിഴക്കേ പടിവാതിലിൽ........ യഹോവയുടെ മഹത്വം നിന്നു (യെഹ. 10:19) എന്നും, ദൈവത്തിന്റെ തേജസ്സ് കിഴക്കേവഴിയായി വിശുദ്ധ മന്ദിരത്തിൽ പ്രവേശിച്ചു (യെഹ. 43:2) എന്നും, യഹോവ മന്ദിരത്തിന്റെ കിഴക്കേ ഗോപുരത്തിൽക്കൂടി അകത്തു പ്രവേശിച്ചു (യെഹ. 44:1) എന്നും യാഗങ്ങൾ അർപ്പിക്കുമ്പോൾ കിഴക്കോട്ടു ദർശനമുള്ള ഗോപുരം തുറന്നിടേണം (യെഹ. 46:12) എന്നും, വി. വേദപുസ്തകം തന്നെ കിഴക്കിന്റെ പ്രാധാന്യത്തെ ചൂണ്ടിക്കാട്ടുന്നുണ്ട്. കൂടാതെ കിഴക്ക് ഉദയത്തിന്റെ ദിശയാണ്. സൂര്യൻ ഉദിച്ചുയരുന്നതവിടെ നിന്നാണ്. ലോകത്തിന്റെ പ്രകാശമായവനും നീതി സുര്യനുമായ മശിഹാ വരുവാനിരിക്കുന്നതും കിഴക്കുനിന്നും മിന്നൽ വരുന്നതു പോലെയായിരിക്കും. കൂടാതെ ദൈവം കിഴക്കേദിക്കിലാണ് ഏദൻ തോട്ടം (പറുദീസാ) സൃഷ്ടിച്ചത് (ഉല്പ. 2:8) പാപം ചെയ്ത് പറുദീസാ നഷ്ടപ്പെട്ട മാനവ കുലം പാപമോചനത്തിനും പറുദീസാ പ്രാപ്തിക്കുമായി നോക്കിപ്പാർത്ത് പ്രാർത്ഥിക്കേണ്ടത് കിഴക്ക് നോക്കിത്തന്നെയാവണം. (ഇക്കാരണത്താൽ തന്നെയാണ് മരിച്ചവരെ കബറടക്കുമ്പോൾ കിഴക്ക് ദൃഷ്ടി വരത്തക്കവണ്ണം സംസ്കരിക്കുന്നത്) ആയതിനാൽ കിഴക്കോട്ട് തിരിഞ്ഞു നിന്നു പ്രാർത്ഥിക്കുന്നത് ഉചിതവും, അർത്ഥപൂർണ്ണവും ആണ്. പ്രാർത്ഥനയുടെ സൗകര്യത്തെ കരുതിയാണ് ദൈവാലയങ്ങൾ കിഴക്ക് പടിഞ്ഞാറ് സില്ക്കുമാറ് നിർമ്മിക്കുന്നത്.

## ദൈവാലയത്തിന്റെ വിവിധ ഭാഗങ്ങൾ

യറുശലേം ദൈവാലയം എന്ന പോലെ സുറിയാനി ക്രിസ്ത്യാനികളുടെ ദൈവാലയങ്ങളും നാലു പ്രധാനഭാഗമായി വിഭജിച്ചിരിക്കുന്നു. കിഴക്കുഭാഗത്തുള്ള അതിവിശുദ്ധസ്ഥലം (മദ്ബഹാ), അതിന് തൊട്ടുപടിഞ്ഞാറായി അഴിക്കകം, മൂന്നാമതായി ഹൈക്കലാ അഥവാ പ്രാകാരം, ഏറ്റവും പടിഞ്ഞാറായി പൂമുഖം എന്നിവയാണ് ഈ ദൈവാലയ ഭാഗങ്ങൾ.

### മദ്ബഹ

യറുശലേം ദൈവാലയത്തിന്റെ അതിവിശുദ്ധ സ്ഥലത്തെ ഇത് സൂചിപ്പിക്കുന്നു. ഇവിടെ വച്ചാണ് വിശുദ്ധ ശുശ്രൂഷകൾ എല്ലാം തന്നെ നടത്തുന്നത്. മദ്ബഹായിൽ വി. ത്രോണോസും (ബലിപീഠം), ത്രോണോസിൻമേൽ അലങ്കൃതമായ ഒരു സ്ളീബായും, തടികൊണ്ടുള്ള ഒരു സാധാരണ സ്ളീബായും, പതിമൂന്ന് മെഴുകുതിരികൾ ഓരോ തണ്ടിൻമേലും ഉണ്ടായിരിക്കും. ത്രോണോസ് ചിത്തോല കൊണ്ട് പൊതിഞ്ഞിരിക്കും ത്രോണോസിനുതാഴെ, മുമ്പിലായി ഒരു ചവിട്ടുപടി (ദർഗ്ഗാ)യും, ത്രോണോസിന്റെ വലതുഭാഗത്ത് വി. വേദപുസ്തകം വയ്ക്കുന്നതിനുള്ള ഒരു പീഠവും ഉണ്ടായിരിക്കും. മദ്ബഹാ, ദേവാലയത്തിന്റെ ഇതരഭാഗങ്ങളിൽ നിന്നും ഒരു തിരശ്ശീല ഉപയോഗിച്ച് വേർതിരിച്ചിരിക്കുന്നു.

### അഴിക്കകം

മദ്ബഹായുടെ പടികൾ ഇറങ്ങിയാലുടൻ കാണുന്ന ഭാഗമാണ് ഇത്. ഈ ഭാഗം പള്ളിയുടെ മറ്റുഭാഗങ്ങളിൽ നിന്നും അഴികളാൽ വേർതിരിക്കപ്പെട്ടിരിക്കുന്നു. ആയതിനാലാണ് ഈ സ്ഥലത്തെ അഴിക്കകം എന്ന് പേർ വിളിക്കുന്നത്. അഴിക്കകം മദ്ബഹായിൽ നിന്നും മൂന്നു പടികൾ താണും, പള്ളിയുടെ മറ്റുഭാഗങ്ങളിൽ നിന്നും ഒരു പടി ഉയർന്നും സ്ഥിതി ചെയ്യുന്നു. ഇവിടെ ഒരു നമസ്കാരമേശയും, മേശമേൽ ഒരു കുരിശും രണ്ട് മെഴുകുതിരികളും ഒരു വേദപുസ്തകവും ഉണ്ടായിരിക്കും. മാമോദീസാത്തൊട്ടിയും, വി. മൂറോൻ വയ്ക്കുന്നതിനുള്ള ഭിത്തി അലമാരയും ഇവിടെയാണ് സ്ഥാപിച്ചിരിക്കുന്നത്.

### ഹൈക്കലാ അഥവാ പ്രാകാരം

ജനങ്ങൾക്കു നില്ക്കുവാനുള്ള വലിയ ഹാളാണ് ഇത്. ഈ ഹാളിന്റെ പടിഞ്ഞാറേ അറ്റത്ത് ദൈവാലയത്തിലേക്കുള്ള പ്രധാന വാതിലും, ഇടത്തും വലത്തുമായി ചെറിയ വാതിലുകളും ഉണ്ടായിരിക്കണം. ഹൈക്കലായുടെ മദ്ധ്യേ ഏഴുതിരികളോ/പന്ത്രണ്ടുതിരികളോ ഉള്ള ഒരുനിലവിളക്കും വേണം.

### പൂമുഖം

പടിഞ്ഞാറേ വാതിലിനടുത്ത്, ഹൈക്കലായുടെ പടിഞ്ഞാറ് വേർതിരിച്ചിട്ടുള്ള ഭാഗമാണ് ഇത്. മാമോദീസായാൽ അംഗമാക്കപ്പെടാത്ത സ്ഥാനാർത്ഥികൾക്കു വേണ്ടിയുള്ള സ്ഥലമാണ് ഇത്. ഇന്ന് അത്തരത്തിലുള്ള മതപരിവർത്തനങ്ങളും, ജ്ഞാനസ്നാനവും ഇല്ലാത്തതിനാൽ പൂമുഖം, മിക്കപള്ളികളിലും, വേർതിരിച്ചിടാറില്ല. ഇന്നും ചില പുരാതന ദൈവാലയങ്ങളിൽ ഈ ഭാഗം വേർതിരിച്ചിരിക്കുന്നതു കാണാം.

# ഞങ്ങൾ ഓർത്തഡോക്സുകാർ

ഞങ്ങൾ പള്ളി പണിതില്ല
ഞങ്ങൾ മണ്ണ് ചുമന്നില്ല
ഞങ്ങൾ തടി വെട്ടിയിട്ടില്ല
ഞങ്ങൾ വെയിലു കൊണ്ടിട്ടില്ല
ഞങ്ങൾ അദ്ധ്വാനിച്ചിട്ടില്ല
ഞങ്ങൾ പിടിയരി പിരിച്ചിട്ടില്ല
ഞങ്ങൾ എല്ലാം നോക്കികണ്ടു
ഞങ്ങൾ പലർക്കും മോഹങ്ങൾ കൊടുക്കുന്നു
ഞങ്ങൾ അവസരം വന്നപ്പോൾ ചാടിവീണു
ഞങ്ങൾ ഭരണഘടന ഉണ്ടാക്കി
ഞങ്ങൾ എല്ലാവരേയും അസോസിയേഷന്റെ കീഴിലാക്കി
ഞങ്ങൾ കേസുകൾ കൊടുത്തു
ഞങ്ങൾ ചില സഹായികളുടെ സഹായത്തോടെ കേസുകൾ ജയിച്ചു
ഞങ്ങൾ വിജയം അവകാശപ്പെടുന്നു
ഞങ്ങൾ പലരേയും കൂറു മാറ്റുന്നു
ഞങ്ങൾ കൂറുമാറിയവർ വഴി പള്ളി പിടിക്കുന്നു
ഞങ്ങൾ പള്ളികൾ പൂട്ടിക്കുന്നു
ഞങ്ങളുടെ സഭയ്ക്ക് കേരളത്തിലെ മുൻ മുഖ്യമന്ത്രിയുണ്ട്
ഞങ്ങൾക്ക് ഏറ്റവും പ്രചാരമുള്ള പത്രമുണ്ട്
ഞങ്ങൾക്ക് പ്രസിഡന്റ് സ്ഥാനമോഹികളായ സ്ഥാനാർത്ഥിയുണ്ട്
ഞങ്ങൾക്ക് മറ്റുള്ളവർ അദ്ധ്വാനിച്ച സെമിനാരിയുണ്ട്
ഞങ്ങൾ ബ്ലേഡ് കമ്പനികളിൽ പണം നിക്ഷേപിക്കുന്നു
ഞങ്ങൾ എക്യുമെനിസത്തിന്റെ വക്താക്കളാണ്
ഞങ്ങളെ ആർക്കും തൊടുവാൻ സാധിക്കില്ല
ഞങ്ങളുടെ പണം ബ്ലേഡ് കമ്പനിക്കാർ പൊട്ടിച്ച്എടുത്തുകൊണ്ട് പോകുകയാണ് പതിവ്
ഞങ്ങൾ പള്ളികൾ വിട്ടുകൊടുക്കില്ല
ഞങ്ങളുടെ മെത്രാന്മാർ പള്ളിക്ക് ഒന്നും കൊടുക്കുന്നില്ല
ഞങ്ങൾ ആവശ്യത്തിന് കൂറുമാറിയവരെ ഉപയോഗിക്കുന്നു
ഞങ്ങൾ അവസാനം അവരെ പുറത്താക്കുന്നു
ഞങ്ങൾക്ക് പക്ഷെ ദൈവം കൂടെയില്ല
ഞങ്ങൾ അതുകൊണ്ട് പള്ളി പിടിച്ചെടുക്കും
ഞങ്ങൾക്ക് എല്ലാ അധാർമ്മികളുടെയും പിന്തുണയുണ്ട്
ഞങ്ങൾ ഓർത്തഡോക്സുകാർ...!

# അഖില മലങ്കര പ്രാർത്ഥനായജ്ഞം നടന്നു

അന്ത്യോഖ്യാ വിശ്വാസ സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ 29-ാമത് അഖില മലങ്കര പ്രാർത്ഥനാ യജ്ഞം കിഴക്കമ്പലം സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് പള്ളിയിൽ നടന്നു. വികാരി. ഫാ. ബാബു വർഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം അഭി. ഏബ്രഹാം മോർ സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘോടനം ചെയ്തു. സഭയിൽ പൂട്ടികിടക്കുന്ന പള്ളികൾ വിശ്വാസികൾക്ക് ആരാധനയ്ക്കായി തുറന്ന് കൊടുക്കണമെന്ന് എതിർ വിഭാഗം ഈ സഭയ്ക്കെതിരെ കൊടുത്തിരിക്കുന്ന കേസുകൾ പിൻവലിക്കണമെന്നും എതിർവിഭാഗം അന്യായമായി കൈവശം വച്ചുകൊണ്ടിരിക്കുന്ന ആലുവാതൃക്കുന്നത്ത് സെമിനാരിയും അവിടെ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ ഈ സഭയ്ക്ക് മാത്രം അവകാശപ്പെട്ടതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ദൈവ രാജ്യത്തിന്റെ പ്രസക്തി എപ്പോഴും എല്ലാവരുടെയും മനസിൽ ഉണ്ടാവണമെന്നും മെത്രാപ്പോലീത്ത ആഹ്വാനം ചെയ്തു.

യോഗത്തിൽ പ. പാത്രിയർക്കീസ് ബാവായിൽ നിന്നും സ്ഥാനം ലഭിച്ച കമാണ്ടർ എം. സി. ജേക്കബ്, ഫാ. പീറ്റർ ഇല്ലിമൂട്ടിൽ എന്നിവരെ ആദരിച്ചു. ഷെവ. ജോൺ പുന്നമറ്റം, ഷെവ. ഉമ്മച്ചൻ വെങ്കിടത്ത്, ഷെവ. കെ. ഒ. ഏലിയാസ്, ഷെവ. മോൻസി വാവച്ചൻ, ഷെവ. പൗലോസ് കൂരൻ, ഡോ. കെ. സി. രാജൻ, അഡ്വ. ജോർജ്ജുകുട്ടി ഏബ്രഹാം, ബെന്നി എം. തോമസ്, അജി തേപ്പാല, സജു പട്ട്ലാട്ട്, ജേക്കബ് സി. മാത്യു, പൗലോസ് മുടക്കുംതല, ട്രസ്റ്റിമാരായ എം. സി. ബേബി, എ. പി. വർഗീസ്, റ്റി. വി. പൗലോസ് എന്നിവർ പ്രസംഗിച്ചു.



പ്രാർത്ഥനാജ്ഞം എബ്രാഹാം സേവേറിയോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.അഡ്വ. ജോർജ്ജുകുട്ടി ഏബ്രഹാം,ബെന്നി. എം. തോമസ്,ഷെവ. മോൻസി വാവച്ചൻ,ഫാ. ബാബു വർഗീസ്, ഡോ. കെ. സി. രാജൻ, ഷെവ.ജോൺപുന്നമറ്റം, ഷെവ.പൗലോസ്കൂരൻ, ഷെവ. ഉമ്മച്ചൻ വെങ്കിടത്ത് എന്നിവർ സമീപം.

# ഒരവസരം തരണം സാർ

ഫാദർജി

(കോടതി മുറി)

-കോടതിയിൽ സത്യം മാത്രമേ പറയാവു- ജഡ്ജി.
അത് ബുദ്ധിമുട്ടാണ് സാർ- കള്ളൻ.
- ബുദ്ധിമുട്ടോ, അതെന്താ?
നമ്മള് കള്ളൻ. നമ്മടെ പണിക്ക് നേരുപറയാൻ പ്പറ്റില്ല സാർ
-രാഷ്ട്രിയക്കാരും മതനേതക്കാൻമാരും ഇവിടെ സതപ്രതിജ്ഞ ചെയ്യാറുണ്ടല്ലോ?
അവരുടെ മുമ്പിൽ നമ്മളാരുസാറെ, വെറും ശിശു.
- മുപ്പത്തിയാറുമോഷണക്കേസുകളാണ് തന്റെ പേരിലുള്ളത്. കുറ്റം സമ്മതിക്കുന്നുണ്ടോ?

മുപ്പത്തിയാറൊന്നുമല്ല സാറെ, ഇക്കൊല്ലം തന്നെ പത്തുമുന്നൂറ്റമ്പതുവരും. നമ്മളതിന്റെ കണക്കൊന്നും സൂക്ഷിക്കാറില്ല, നമുക്കതിന്റെ വല്ല്യഭാവോല്ല്യാ.

- കുറ്റബോധമുണ്ടോ?

ചേയ്!

- അതെന്താ?

നമ്മള് കള്ളനായിട്ട് പെറന്നു, നമുക്കറിയാവുന്ന പണി ചെയ്യുന്നു. അതിലിപ്പോ എന്തിന് കുറ്റബോധം സാറെ. നമുക്കുചെയ്യാവുന്ന സഹായങ്ങളൊക്കെ ചെയ്തു ജിവിച്ചു പോണു.

- മോഷണം നിയവിരുദ്ധമാണെന്നു നിനക്കറിയാമോ?

ശരി. മോഷ്ടീര് നിർത്താം സാറ് ചെലവിനുതരോ? പിന്നെ സാറിന്റെ 'നീ' എന്ന വിളി നിർത്തണം. നമ്മൾ രണ്ടുപേരും ഇന്ത്യൻ പൗരൻമാര്, നമുക്കുരണ്ടുപേർക്കും വോട്ട് ഒരോന്ന്. സാദ്തത്ത്വം പറഞ്ഞ് ജീവിക്കണ്, നമ്മൾ കള്ളൻമാർ തട്ടുപൊളിച്ചു പെഴക്കണ്. സാറേന്ന് വിളിക്കണവനെ തിരിച്ചു സാറെന്നു വിളിക്കാനൊള്ള വെവരം പോലും സാറിനില്ലേ?

- സമൂഹത്തിൽ എന്തു സഹായം ചെയ്യുന്നെന്നാ പറഞ്ഞത്?

വളവും പൊളവുമുള്ള ഞങ്ങളില്ലെങ്കിൽ വകുപ്പും ന്യായവും പറയാൻ സാറിനെപ്പോലുള്ളവർക്ക് കസേര കിട്ടോ? എത്രയോ പോലീസുകാർ ഞങ്ങൾ മൂലം കഞ്ഞി കുടിച്ചു കഴിയുന്നു സാർ? ഞങ്ങൾ തൊണ്ടി തൊട്ടുകാണിച്ചതുകൊണ്ടല്ലെ കാക്കിക്കാരു കേസു തെളിയിക്കുന്നത്? അല്ലെങ്കിൽ, ദേ, ഞൊട്ടും.

- ഓഹോ, ഇതൊക്കെയാണോ ഉപകാരങ്ങൾ?

ഇനിംണ്ട്. കള്ളനെ പേടിച്ചല്ലെ ആളുകള് പണം ബാങ്കിലിടുന്നത്. അതൊരു വലിയ വ്യവസായമാവില്ലേ? സ്വന്തം സാധനങ്ങൾ പൂട്ടിസൂക്ഷിക്കുന്ന സ്വഭാവം കള്ളനെ പേടിച്ചുണ്ടായതല്ലേ? വെറും കൊല്ലപ്പണിക്കാർ മുതൽ ഗോദ്റേജ്കമ്പനി വരെ പൂട്ടും താഴും വിറ്റ് ജീവിക്കണില്ലെ? ഞങ്ങൾ കള്ളൻ മാരുടെ ജീവിതം കഥയും കവിതയും സിനിമയുമാക്കി എത്രയോ പേര് ജീവിച്ച് പോകുന്നു. കുത്തക മൊതലാളിമാരുടെ പണപ്പെട്ടിക്ക് തൊരങ്കംവയ്ക്കുന്ന കള്ളൻ പക്കാ സോഷ്യലിസ്റ്റല്ലെ സാർ? നമ്മടെ പാക്കറ്റടിച്ചല്ലെ സാറെ നേതാക്കൻമാരും കാക്കിസാറൻമാരും വെലസണത്? എന്നിട്ടും കള്ളന് റിട്ടയർമെന്റോ, പെൻഷനോ, റിസ്ക്ക് അലവൻസോ ഉണ്ടോ? രാജ്യം കട്ടുമുടിച്ചവർക്കും ലാപായന്റ് പറഞ്ഞ് വാചകമടിച്ച് തുട്ടുവാങ്ങുന്ന സാറിനെപ്പോലുള്ളവർക്കും എന്താസെറ്റപ്പ്?

- ആരാണ് നിന്നെ കള്ളനാക്കിയത്?

ന്റെ തൊലഞ്ഞ ജീവിതം. അമ്മേനെ തല്ലുന്ന അപ്പൻ. അംഗവൈകല്ല്യമുള്ള പെങ്ങൾ, അത്താഴം വിളമ്പാത്ത രാത്രികൾ, നേരം വെളുത്താൽ വിശപ്പിനു വല്ലതും കിട്ടുമെന്നാശിച്ചുറങ്ങിയ രാത്രികൾ, ഒന്നും കിട്ടാത്ത പകലുകൾ. ഇല്ലായ്മയുടെ മുമ്പിൽ നിന്നു പിഴയ്ക്കുവാൻ വഴിയൊന്നേ കണ്ടുള്ളു. ഇന്നും വഴിയതുതന്നെ. നിങ്ങളൊക്കെകൂടി കള്ളക്കളി നടത്തി കളത്തിനു പുറത്താക്കിയ ഞങ്ങൾക്ക് പിന്നെന്തു വഴിയെന്റ് സാറെ!

- ദാരിദ്ര്യം കഠിനാദ്ധ്വാനത്തിനും പഠനത്തിനും ജീവിത വിജയത്തിനുമായി പ്രയോജനപ്പെടുത്തിയവരുണ്ടല്ലോ?

അവരൊക്കെ തലയ്ക്കകത്ത് എന്തെങ്കിലുമുള്ള പാർട്ടീസ്. നമ്മള് വഴീല് വീണ പതിര്.

- മതരാഷ്ട്രീയ നേതാക്കന്മാർ പകലും നിങ്ങൾ രാത്രീം കട്ടുമുടിച്ച് ദൈവത്തിന്റെ സ്വന്തം നാട് നശിച്ചല്ലോ?

ഞങ്ങൾ കള്ളന്മാർക്ക് ഒരവസരം തരണം സാർ. നാട് കണ്ടീഷനാക്കിത്തരാം.

- എങ്ങിനെ?

പ്രധാന മന്ത്രീടെ കസേര ഒരു വർഷത്തേക്ക് നമുക്ക് തന്നാൽ നമ്മുടെ നാട് കണ്ടീഷൻ മാവേലിനാടാക്കിത്തരാം.

- എങ്ങിനെയെന്ന്?

തലയ്ക്കു നട്ടപ്രെ ഒരു അടിയന്തരാവസ്ഥ പ്രഖ്യാപിക്കും. എല്ലാ കള്ളന്മാർക്കും മോഷണലൈസൻസ് നിർബന്ധമാക്കും. മോഷ്ടിക്കാവുന്ന തുകയ്ക്ക് പരിധിയും ടാക്സും നിർബന്ധമാക്കും. കാളിംഗ് ബെല്ലടിച്ച് ലൈസൻസ് കാണിച്ച് കള്ളന്മാർക്ക് മനസമാധാനത്തോടെ മോഷ്ടിക്കാം. താഴുപൊളിക്കൽ, ദേഹോപദ്രവമൊക്കെ ഒഴിവാക്കാം. ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവർ, വിധവമാർ, വൃദ്ധർ, ചിക്കൻഗുനിയ ബാധിതർ തുടങ്ങിയവരെ മോഷണത്തിൽ നിന്ന് ഒഴിവാക്കും. മോഷണം നടന്ന് 24 മണിക്കൂറിനകം തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്തിരിക്കണം. ലൈസൻസില്ലാതെ പകൽ കൊള്ള നടത്തുന്ന മതരാഷ്ട്രീയ പെരുകള്ളന്മാരെ ലൈസൻസിന്റെ പരിധിയിൽ നിർബന്ധമായും കൊണ്ടുവരും. ലക്ഷണമൊത്ത കള്ളന്മാർ അവരെ നിരീക്ഷിക്കുന്നതായിരിക്കും. പഠിച്ച കള്ളന്മാരെ ക്രൈംബ്രാഞ്ചിൽ എസ്സൈ, ഡി. വൈ. എസ്. പി. തസ്തികകളിൽ നിയമിച്ച് കുറ്റാന്വേഷണം ചെലവുകുറഞ്ഞതും കാര്യക്ഷമവുമാക്കും. നമ്മുടെ നാടിനെ പാര വയ്ക്കുന്ന ഭീകരന്മാരെ നേരിടാൻ വില്ലാദി വില്ലന്മാരായ കള്ളന്മാരെ അതിർത്തികളിൽ കൂത്താടാൻ ജയിലുകളിൽ നിന്നും തുറന്നുവിടും. നമ്മുടെ അഭിമാനഭാജനങ്ങളായ കള്ളന്മാർ ഭീകരന്റെ ലിവറും പറിച്ചോണ്ടുവരും.

- തീർന്നോ?

എവിടെ തീരാൻ. കരിഞ്ചന്തക്കാർ, പുഴ്ത്തിവയ്പുകാർ തുടങ്ങിയവരുടെ ഗുദാമുകൾ കൊള്ളയടിക്കും. കുറ്റവാസനയുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം കൊടുത്ത് കുറ്റാന്വേഷണ വിദഗ്ദ്ധരാക്കും. എല്ലാ ദേവാലയങ്ങളുടെയും ഭണ്ഢാരത്തിന്റെ കാവൽ ലൈസൻസുള്ള കള്ളന്മാരെ ഏല്പിക്കും. ഭണ്ഡാര വരുമാനത്തിന്റെ ഒരോഹരി ശമ്പളമായി നൽകും. ഭണ്ഡാരത്തിൽ കൈയ്യിട്ടു വാരുന്ന കൈക്കാരന്മാരെ കൈയ്യോടെ പിടിച്ച് കൈകാര്യം ചെയ്യും. കോടതി പറഞ്ഞിട്ടും ബന്ധും ഹർത്താലും നിർത്തുന്നില്ലല്ലോ? ഞങ്ങളു നിർത്തും സാറെ

- അതെങ്ങനെ?

ബന്തൊന്നുക്ക് 60 കോടിയും ഹർത്താലൊന്നുക്ക് 30 കോടിയും പ്രഖ്യാപിക്കുന്ന കക്ഷി ഒരാഴ്ച മുമ്പ് ഖജനാവിൽ കെട്ടി വച്ച് രസീത് വാങ്ങണം. അങ്ങനെ ഓരോ ബന്തും കേരളത്തിന്റെ കമ്മി നികത്തും. ഏതെങ്കിലും രാഷ്ട്രീയ കക്ഷി കെട്ടി വയ്ക്കാൻ വിസമ്മതിച്ചാൽ കള്ളന്മാരെ വിട്ട് രാഷ്ട്രീയ നേതാക്കന്മാരുടെ വീടിന് തുരങ്കം വച്ച് വസൂലാക്കും. ഒരവസരം തരണം സാർ.

- ഒരു കള്ളനായി ജനിച്ചുപോയതിൽ വിഷമമുണ്ടോ?
ചേയ്! ഒരുപാട് അച്ചന്മാരും തിരുമേനിമാരും പള്ളിപ്രമാണികളുമുണ്ടായിട്ടും കർത്താവിനോടൊപ്പം തൂങ്ങാൻ രണ്ടു കള്ളന്മാരല്ലേ സാറെ ഉണ്ടായുള്ളൂ? അതൊരു ഭാഗ്യമല്ലെ സാർ?

# പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുനാൾ സ്വിറ്റ്സർലണ്ടിലെ ബേണിൽ ആഘോഷിച്ചു

### കക്കാട്ട് വറുഗീസ് തോദസ് (ബെന്നി) സൂറിച്ച്, സ്വിറ്റ്സർലണ്ട്

സെന്റ് മേരീസ് സിറിയൻ ഓർത്തഡോക്സ് ചർച്ച് സ്വിറ്റ്സർലണ്ടിന്റെ ആഭിമുഖ്യത്തിൽ പ. പരുമലതിരുമേനിയുടെ (ചാത്തുരുത്തിൽ മോർ ഗ്രിഗോറിയോസ് ഗീവർഗീസ്) 106-മത് ഓർമ്മപെരുനാൾ സ്വിറ്റ്സർലണ്ടിന്റെ തലസ്ഥാന നഗരമായ ബേണിൽ ഭക്തിയാദരവുപൂർവ്വം ആഘോഷിക്കപ്പെട്ടു. നവംബർ 7-ാം തീയതി വൈകുന്നേരം സൂറിച്ച് വിമാനത്താവളത്തിൽ യൂറോപ്പ് ഇടവകകളുടെ മെത്രാപ്പോലീത്ത അഭി. ഡോ. മോർ തേയോഫിലോസ് കുര്യാക്കോസ് മെത്രാപ്പോലീത്തായെ ഇടവകവികാരി ഫാ. ജോമി ജോസഫും, ഇടവകാംഗങ്ങളും ചേർന്നു സ്വീകരിച്ചു. 8-ാം തീയതി ശനിയാഴ്ച 10 മണിക്ക് അഭി. മെത്രാപ്പോലീത്തായെ പള്ളിയിലേക്ക് സ്വീകരിച്ചാനയിക്കുകയും, 11 മണിക്ക് അഭി. മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ വി. കുർബ്ബാന നടത്തപ്പെട്ടു. ഇടവകാംഗങ്ങൾ എല്ലാവരും ചേർന്നൊരുക്കിയ നേർച്ച സദ്യയിൽ വിവിധ സഭാംഗങ്ങൾ സംബന്ധിച്ചു.

ഒരാഴ്ച നീണ്ടുനിൽക്കുന്ന അഭി. മെത്രാപ്പോലീത്തായുടെ സന്ദർശനത്തിൽ മറ്റു സഭാ മേലദ്ധ്യക്ഷന്മാരമായും ക്രിസ്തീയ സംഘടനാഭാരവാഹികളമായും കൂടിക്കാഴ്ച നടത്തുന്നതാണ്. 16-ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1.30ന് ബാസലിൽ ( സെന്റ് ജോസഫ് ) അഭി. മെത്രാപ്പോലീത്ത വി. കുർബ്ബാന അർപ്പിക്കുകയും ഇടവകാംഗങ്ങളെ അഭിസംബോധന ചെയ്യുകയും ചെയ്യും.



# തുമ്പമൺ ഭദ്രാസന ബാലകലോത്സവം

പത്തനംതിട്ട: മലങ്കര യാക്കോബായ സിറിയൻ സൺഡേ സ്കൂൾ അസ്സോസിയേഷൻ തുമ്പമൺ ഭദ്രാസന ബാലകലോത്സവം വാഴമുട്ടം കിഴക്ക് മോർ ഇഗ്നാത്തിയോസ് യാക്കോബായ പള്ളിയിൽ നടന്നു.ഭദ്രാസന സെക്രട്ടറി ഫാ. സാം. ജി. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ വന്ദ്യ. പി. ജെ. ജോസഫ് കോറെപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്തു. ഫാ. യോഹന്നാൻ വാക്കയിൽ, ഫാ. റോയി ചാക്കോ, ഫാ. മാത്യു റ്റി. ജോയി, എം. ജെ. എസ്. എസ്. എ. അഖില മലങ്കരസെക്രട്ടറി ഡോ. ജോസ് കൈപ്പള്ളിൽ, ഡയറക്ടർ ഷെവ. റ്റി. മാത്യു, കോന്ദ്ര കമ്മറ്റി അംഗം ജോസ് പനച്ചയ്ക്കൽ, സെക്രട്ടറി റോയ്സ് മാത്യു, പി. ഡി. തങ്കച്ചൻ എന്നിവർ പ്രസംഗിച്ചു. കലാമത്സരങ്ങളിൽ ഏറ്റവും കൂടുതൽ പോയ്ന്റുനേടി മെഴുവേലി സെന്റ് ജോർജ്ജ് സൺഡേ സ്കൂൾ ഒന്നാം സ്ഥാനവും, വി. കോട്ടയം സെന്റ് മേരീസ് സൺഡേ സ്കൂൾ രണ്ടാം സ്ഥാനവും കരസ്ഥമാക്കി.



എം. ജെ. എസ്. എസ്. എ തുമ്പമൺ ഭദ്രാസന ബാലകലോത്സവം വന്ദ്യ പി.ജെ. ജോസഫ് കോറെപ്പിസ്കോപ്പ ഉദ്ഘാടനം ചെയ്യുന്നു. റവ.ഫാ. മാത്യു റ്റി. ജോയി, ഡി. നൈനാൻ, അനീഷ്, ഡോ. ജോസ് പനച്ചയ്ക്കൽ, ഷെവ. റ്റി. മാത്യു തുടങ്ങിയവർ സമീപം


## വൈവാഹികം

യാക്കോബായ യുവാവ് 30 വയസ്സ്. സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. സാമ്പത്തികമായി സാമാന്യം ഭേദപ്പട്ട കുടുംബം. വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 0481- 2458610, 9446740721

യാക്കോബായ യുവാവ് 28 വയസ്സ്., Fair. ഉയരം 5 അടി 9 ഇഞ്ച് സ്വകാര്യ ടെലിഫോൺ കമ്പനിയിൽ ജോലി. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്ന് വിവാഹാലോചനകൾ ക്ഷണിക്കുന്നു. ഫോൺ: 0484-2734868

# യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 4–ാമത് യു. എ. ഇ. മേഖല കുടുംബസംഗമം

## ഷാർജ സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പള്ളി

2008 ഡിസംബർ 2
രാവിലെ 8.00 മുതൽ വൈകിട്ട് 8 വരെ
അജ്മാൻ ജൂവൽ പാലസ്
ഓഡിറ്റോറിയത്തിൽ

നേതൃത്വം കൊടുക്കുന്നവർ
ശ്രേഷ്ഠ കാതോലിക്കാ ബാവ
അഭി.യൂഹാനോൻ മോർ
മിലിത്തിയോസ്
അഭി. മാത്യൂസ് മോർ അപ്രേം
അഭി. ഗീവർഗീസ് മാർ കൂറിലോസ്
യു. എ. ഇ. ഇടവകകളിലെ വൈദീകർ

**മുഖ്യ പ്രാസംഗികൻ**

## അഭി. ഗീവർഗീസ് മോർ കൂറിലോസ്

Theme: “Be you Holy, For I am Holy (1 Peter 1: 116)”



ആകമാന സുറിയാനി സഭയുടെ പരമ മേലദ്ധ്യക്ഷൻ മോറോൻ മോർ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ബാവ

## മെത്രാപ്പോലീത്തന്മാരുടെ സന്ദേശം





വാത്സല്യമുള്ളവരെ,

ദൈവത്തിന്റെ അളവറ്റ കരുണയാൽ യു. എ. ഇ. യിലുള്ള വിവിധ പള്ളികളുടെ ആഭിമുഖ്യത്തിലുള്ള 4–ാമത്തെ ഫാമിലി കോൺഫറൻസ് 2008 ഡിസംബർ 2–ാം തീയതി നടക്കുകയാണല്ലോ. ഈ അനുഗ്രഹീത സന്ദർഭം ഒരുക്കിത്തന്ന ദൈവത്തെ നമുക്ക് ഒരിക്കൽകൂടി മഹത്വപ്പെടുത്താം. ആഗോളീകരണത്തിന്റെയും ഉപഭോഗസംസ്കാരത്തിന്റെയും വേലിയേറ്റം ആധുനിക കാലഘട്ടത്തിലെ കുടുംബബന്ധങ്ങളിൽ ശൈഥില്യം സൃഷ്ടിച്ചിട്ടുണ്ട്. മാറിവരുന്ന ഈ സാമ്പത്തിക സാമൂഹിക ചുറ്റുപാടിൽ കുടുംബ ബന്ധങ്ങൾ കൂടുതൽ ദൃഢമാക്കേണ്ടിയിരിക്കുന്നു. ഈ വർഷത്തെ ഫാമിലി കോൺഫറൻസിന്റെ ചിന്താവിഷയം ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിക്കുവിൻ എന്നതാണല്ലോ. നമ്മുടെ കുടുംബജീവിതത്തെ വിശുദ്ധീകരിക്കുവാനും, സമൂഹത്തെ വിശുദ്ധീകരിക്കുവാനും ഇത് പ്രയോജകീഭവിക്കട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് കർതൃനാമത്തിൽ എല്ലാവരേയും ഈ കോൺഫറൻസിലേക്ക് ക്ഷണിക്കുകയും ചെയ്യുന്നു. ദൈവം അനുഗ്രഹിക്കട്ടെ. എന്ന്

യൂഹാനോൻ മിലിത്തിയോസ്
മെത്രാപ്പോലീത്ത
മാത്യൂസ് അപ്രേം മെത്രാപ്പോലീത്ത



യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക തലവൻ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ

## യു. എ. ഇ. യിൽ വീണ്ടും യാക്കോബായ കുടുംബസംഗമം

**മെൽവിൻ എം. ചാക്കോ, പബ്ലിസിറ്റി കൺവീനർ**



സമൂഹത്തിന്റെ ഉത്തമ പൗരന്മാരെ വാർത്തെടുക്കുവാനുള്ള അടിസ്ഥാനഘടകം കുടുംബമാകയാൽ കുടുംബബന്ധങ്ങളെ ഊട്ടിയുറപ്പിക്കുവാൻ കുടുംബസംഗമങ്ങൾക്കുള്ള പങ്ക് വലുതാണ്. ഈ ലക്ഷ്യം മുന്നിൽ കണ്ട് യു. എ. ഇയിൽ കഴിഞ്ഞ മൂന്ന് വർഷമായി നടക്കുന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ കുടുംബസംഗമം ഈ വർഷം ഷാർജ സെന്റ് മേരീസ് സൂനോറോ പള്ളിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്നു.

ഇന്ന് തികച്ചും യാന്ത്രികമായ ജീവിത ശൈലിക്ക് ഉടമകളായ പ്രവാസികൾക്ക്, കുടുംബബന്ധങ്ങളുടെ ഊഷ്മളത നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. ഭാര്യഭർതൃബന്ധത്തെക്കാളുപരി മാതാപിതാക്കളും കുട്ടികളുമായുള്ള ബന്ധങ്ങളിൽ പോലും ഇന്ന് വിള്ളൽ വീണിരിക്കുന്നു. സുറിയാനി ക്രിസ്ത്യാനികളായ നാം പാരമ്പര്യമായി അനുവർത്തിച്ചു പോരുന്ന പ്രാർത്ഥനങ്ങളുടെയും സംഗീർത്തന സ്തുതികളുടെയും പരിശുദ്ധിയും നിർവൃതിയും നമ്മുടെ വരുംതലമുറയ്ക്ക് നഷ്ടപ്പെടുന്ന ഈ കാലഘട്ടത്തിൽ വർഷത്തിലൊരിക്കൽ മാത്രം നടത്തുന്ന ഇത്തരം കുടുംബസംഗമം വളരെയേറെ പ്രാധാന്യം അർഹിക്കുന്നു.

അഭി. കുര്യാക്കോസ് മോർ തെയോഫിലോസ് തിരുമേനി പരീക്ഷണാടിസ്ഥാനത്തിൽ 2005 ഡിസംബർ 2–ാം തീയതി ആരംഭിച്ച കുടുംബസംഗമം ദുബായ് മോർ ഇഗ്നാത്തിയോസ് യാക്കോബൈറ്റ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് വളരെ ഭംഗിയായി നടത്തപ്പെടുകയും അതോടെ ഈ സംരഭം യു. എ. ഇ. യിൽ മേഖലയിലെ സഭകളുടെ ചരിത്രത്തിൽ തന്നെ ഇദംപ്രദമവും അതീവപ്രാധാന്യമർഹിക്കുന്നതുമായി . 2006 ഡിസംബർ 2–ാം തീയതി ഷാർജ സെന്റ് മേരീസ് സൂനോറോ പള്ളിയുടെ നേതൃത്വത്തിൽ പ്രതികൂല കാലാവസ്ഥയെപ്പോലും അവഗണിച്ച് ആയിരക്കണക്കിനാളുകൾ എത്തിച്ചേർന്ന് വിജയിപ്പിക്കുകയും, വരുംവർഷങ്ങളിലും ഡിസംബർ 2–ാം തീയതി തന്നെ നടത്തുവാനും തീരുമാനിച്ചു. അതിനുശേഷം 2007 ഡിസംബർ 2–ാം തീയതി ദുബായ് മോർ ഇഗ്നാത്തിയോസ് യാക്കോബൈറ്റ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രലിൽ വച്ച് വളരെ ഭംഗിയായി നടത്തപ്പെടുകയുമുണ്ടായി. ഇങ്ങനെ കുടുംബസംഗമത്തിൽ എത്തിച്ചേരുന്നത് ഇതിന്റെ പ്രാധാന്യത്തെ വിളിച്ചോതുന്നു.

പ. ദൈവമാതാവിന്റെ സൂനോറോയാൽ അനുഗ്രഹീതമായ ഷാർജ സെന്റ് മേരീസ് സൂനോറോ പള്ളിയുടെ നേതൃത്വത്തിൽ നാലാമത് കുടുംഹസംഗമം 2008 ഡിസംബർ 2–ാം തീയതി അജ്മാൻ ജൂവൽ പാലസ് ഓഡിറ്റോറിയത്തിൽ ഷെവ. കുഞ്ഞുമോൻ പാറയ്ക്കലിന്റെ മേൽനോട്ടത്തിലുള്ള കമ്മറ്റി കർത്താവിൽ പ്രത്യാശിച്ച് മുമ്പോട്ട് പോകുമ്പോൾ യു. എ. ഇ. മേഖലയിൽ എല്ലാ ഇടവക അംഗങ്ങളേയും കർമ്മനിരതരായ വൈദീക ശ്രേഷ്ഠരേയും, എല്ലാ അഭ്യുദേയകാംക്ഷികളേയും എല്ലാവിധ അനുഗ്രഹങ്ങളും പ്രാർത്ഥനാ പൂർണ്ണമായ കൈതാങ്ങളുകളും നൽകുന്ന പ. പാത്രിയർക്കീസ് ബാവായെ, ശ്രേഷ്ഠ കാതോലിക്ക ബാവായേയും സർവ്വോപരി എല്ലാ മാർഗ്ഗനിർദ്ദേശവും നൽകുന്ന അഭി. യൂഹാനോൻ മോർ മിലിത്തിയോസ് തിരുമേനിയേയും അഭി. മാത്യൂസ് മോർ അപ്രേം തിരുമേനിയേയും നന്ദി പൂർവ്വം സ്മരിക്കുന്നു. ഷാർജ സെന്റ് മേരീസ് സൂനോറോ പള്ളി, ദുബായ് മോർ ഇഗ്നാത്തിയോസ് കത്തീഡ്രലൽ, അബുദാബി സെന്റ് സ്റ്റീഫൻസ് യാക്കോബായ സുറിയാനി പള്ളി, അൽ ഐൻ സെന്റ് ജോർജ്ജ് പള്ളി, ഫുജൈറ സെന്റ് പീറ്റേഴ്സ് പള്ളി, റാസൽഖൈമ സെന്റ് ഗ്രീഗോറിയോസ് പള്ളി തുടങ്ങിയ ദൈവാലയങ്ങളുടെ കീഴിലുള്ള മുഴുവൻ കുടുംബാംഗങ്ങളുടെയും ഈ ഒത്തുചേരൽ അനുഗ്രഹമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

## പങ്കെടുക്കുന്ന ഇടവകകൾ

- ഷാർജ സെന്റ് മേരീസ് സൂനോറോ പള്ളി
- ദുബായ് മോർ ഇഗ്നാത്തിയോസ് ജാക്കബൈറ്റ് സിറിയൻ ഓർത്തഡോക്സ് കത്തീഡ്രൽ
- അബുദാബി സെന്റ് സ്റ്റീഫൻസ് ജാക്കബൈറ്റ് സിറിയൻ ഓർത്തഡോക്സ് പള്ളി
- അൽ ഐൻ സെന്റ് ജോർജ്ജ് പള്ളി,ഫുജൈറ സെന്റ് പീറ്റേഴ്സ് പള്ളി
- റാസൽഖൈമ സെന്റ് ഗ്രീഗോറിയോസ് പള്ളി

## Family a Godly Concept

*“There for what God has joined together, let man not separate”*(Mathew 19:6)



Family is established by our God the creator of this beautiful World; so it is a Godly Concept which is a continuity of generations after generations. While we look towards west it is totally ruined but it is still a Godly Concept at east especially among Indians. Gathering of many families makes a Family conferance which here U A E we have started in 2005 by the visional leadership of then Bishop H G Dr. Mor Theophilose Kuriakose. By the abundant Blessings of our Lord and Saviour Jesus Christ we are now ready for the 4$^{th}$ Family Conferance, which is Blessingly hosted by St. Mary’s J. S Soonoro Church Sharjah on 2$^{nd}$ december 2008.

At this glorious occasion we place our sincere prayers for H H Moran Mor Ignatius Zakka 1 I was our Patriarch, H. B Aboon Mor Baselios Thomas 1, Catholicos of East and all the Metropolitans, for their spiritual guidance, good health and long life.

On behalf of the Family Conference committee i wish to record my sincere gratitude to one and all who spent their valuable time and effort to make this historical event a great success.

**Yours in Christ**
**Chev. Kunjumon Parakkal**
**General Convener-** Family Conference Committee

# യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ 4–ാമത് യു. എ. ഇ. മേഖല കുടുംബസംഗമം

## ഷാർജ സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പള്ളിയുടെ നേതൃത്വത്തിൽ അജ്മാൻ ജുവൽ പാലസ് ഓഡിറ്റോറിയത്തിൽ 2008 ഡിസംബർ 2 രാവിലെ 8 മുതൽ വൈകിട്ട് 8 വരെ

പ്രിയരെ,

കാലം കടിഞ്ഞാണില്ലാത്ത കുതിരയെപ്പോലെ കുതിച്ചു പായുമ്പോൾ യാക്കോബായ സുറിയാനി സഭയും പ്രത്യേകാൽ യു. എ. യിലുള്ള നമ്മുടെ ഇടവകകൾ ദൈവാനുഗ്രഹത്താൽ അഭിവൃദ്ധി പെടുന്നതിനെ ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്താം.

യാക്കോബായ സുറിയാനി സഭയിലെ യു. എ. യിലെ ഇടവകകൾ നാലാമത് കുടുംബസംഗമത്തിനായി ഒരുങ്ങുന്നു. ജീവിത തിരക്കിനിടയിൽ തലമുറകൾക്ക് കൈമാറേണ്ട മൂല്യങ്ങളിൽ നിന്ന് വ്യതിചലിച്ചുകൊണ്ടിരിക്കുന്ന സാമൂഹ മദ്ധ്യത്തിൽ ക്രിസ്തീയ വഴികളെ പിനപറ്റേണ്ടവരാണ് നാം. ഒരുവശത്ത് ആശയവിനിമയ സംവിധാനങ്ങൾ വർദ്ധിക്കുംതോറും ഇന്ന് കുടുംബങ്ങളിലെ, ഇടവകകളിലെ സൗഹൃദ കൂട്ടായ്മകൾക്ക് കോട്ടം തട്ടിക്കൊണ്ടിരിക്കുന്നു. ഈ. കുടുംബസംഗമത്തിനായി നാം പരസ്പരം കൈകോർക്കുമ്പോൾ നമുക്ക് നഷ്ടപ്പെട്ടുപോയ മൂല്യങ്ങളിലേക്ക് തിരിച്ചുവരാം. സ്നേഹത്തിന്റെ കരുതലിന്റെ ഓർമ്മയുടെ ആത്മീവിൽ പുനർജനിക്കാം.

സ്നേഹത്തോടെ
ഫാ. ബിജു അരീയ്ക്കൽ
സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പള്ളി, ഷാർജ

### 4th FAMILY CONFERANCE
### JACOBITE SYRIAN ORTHODOX CHURCHES- UAE
HOSTED BY ST. MARY'S JACOBITE SYRIAN SOONORO CHURCH- SHARJAH

PROGRAMME

| TIME | PROGRAMME | SPEAKER/PERFORMER |
|---|---|---|
| | PROGRME SHEDULE-1 | Main Venue: Mor Ignathios Hall at Jewel Palace Auditorium Ajman |
| 8.00-900 | Registration & breakfast | |
| 9.00-9.45 | Public Meeting | |
| 1 | Prayer Song | Church Choir members |
| 1i | U A E National Anthem | |
| 1ii | Tribute to the Nation | Fr. Reji Paul (Dubai Mor Ignathios Cathidral) |
| 1V | Welcome Speech | H. G. Mor Aprem Mathew Metropolitan |
| V | Presidential Address | H. G. Mor Militious Yuhanon Metropolitan |
| Vi | Blessing & Inagration | H. B. Baseliose Thomas 1 |
| Vii | Facilitation Speech | Fr. Paulose Kalliyamelil (St. Peters Church, Fujairah & Gregorious Church, RAK) |
| Viii | Theme Introduction | Fr. Eldhose Kakkadan (St. Stephens Church, Abudhabi) |
| ix | Complements to the Guests | |
| x | Vote of thanks | Chev. Kunjumon Parakkal |

**Adult Session**

9.45-13.00 FAMILY SESSION BY H. G. Dr. Geevarghese Mor Coorilose

| | |
|---|---|
| 13.00-14.00 | Lunch Break |
| 14.00-14.30 | Addressing |
| 14.30-17.00 | Family Session Contd.. |
| 17.00-17.30 | Tea / Refreshments |
| 17.30-18.00 | Class: Spirituality in Syriac Tradition |
| 18.00-19.00 | Devotional Songs |
| 18.00- 18.10 | Abu-Dhabi Church |
| 18.10-18.20 | Al Ain Church |
| 18.20-18.30 | Dubai Chrch |
| 18.30-18.50 | Sharjah Church |
| 18.50-19.00 | Ras Al Khaima & Fujairah |
| 19.00-19.30 | Dhyanam-Prayer-Conclusion H. B. Baseliose Thomas1 |
| 19.30-20.00 | Dinner |

**PROGRME SHEDULE-1 Teenagers Session**

**VENUE: Mor Baselious Hall at Jewel Palace Auditorium Ajman**

| | | |
|---|---|---|
| 9.00-9.45 | General Function at Main Venue | |
| 9.45-13.00 | Intractive session | Mr. Sajan |
| 13.00-14.00 | Lunch Break | |
| 14.00-17.00 | Interactive session | Mr. Hermen |
| 17.00-17.30 | Tea/Refreshments | |
| 17.30-18.00 | Children's with | H. G. Mor Koorilose Geevarghese Metropolitan |
| 18.00-20.00 | General Function at Main Venue | |

**PROGRME SHEDULE-3 Children's Session**

**Venue: Mor Gregoriose Hall at Jewel Palace Auditorium Ajman**

| | | |
|---|---|---|
| 9.00-9.45 | General Function at Main Venue | |
| 9.45-13.00 | Intractive/Entertainment programmes | |
| 13.00-14.00 | Lunch Break | |
| 14.00-17.00 | Intractive/Entertainment programmes | |
| 17.00-17.30 | Tea/Refreshments | |
| 17.30-18.00 | Children's with | Fr. Aji Mathew (st. George Church, Al Ain) |
| 18.00-20.00 | General Function at Main Venue | |

## ഇടവക വികാരിമാർ

ഷാർജ



ഫാ. ബിജു അരീയ്ക്കൽ
വികാർ,സെന്റ് മേരീസ് യാക്കോബായ സുറിയാനി സൂനോറോ പള്ളി

ദുബായ്



ഫാ. റജി പോൾ
വികാർ, മോർ ഇഗ്നേഷ്യസ് ചർച്ച്

അബുദാബി



ഫാ. എൽദോസ് കക്കാടൻ
വികാർ,സെന്റ് സ്റ്റീഫൻസ് ചർച്ച്

അൽ ഐൻ



ഫാ. അജി മാത്യു
വികാർ,സെന്റ് ജോർജ്ജ് ചർച്ച്

ഫുജൈറ റാസൽഖമ



ഫാ. പൗലോസ് കാളിയമേലിൽ
വികാർ, സെന്റ് പീറ്റേഴ്സ് &സെന്റ് ഗ്രിഗോറിയോസ് ചർച്ച്

## ചർച്ച് കമ്മറ്റി



പി. കെ. വർഗ്ഗീസ്
വൈസ് പ്രസിഡന്റ്, സെന്റ് മേരീസ് ചർച്ച്



ഏബിൾ പി. സി. സെക്രട്ടറി, സെന്റ് മേരീസ് ചർച്ച്



ഫിലി വർക്കി ട്രസ്റ്റി, സെന്റ് മേരീസ് ചർച്ച്

## കൺവീനേഴ്സ്



ഷെവ. കുഞ്ഞുമോൻ പാറക്കൽ
ജന. കൺവീനർ



സി. എ. ജോർജ്ജ്
പ്രോഗ്രാം.



ബിനോയ് പോൾ
ഫൈനാൻസ്



സി. വി. വർഗ്ഗീസ്
സ്റ്റേജ് & ഡക്കറേഷൻ



സി. എ. കുര്യൻ
റിസപ്ഷൻ



മെൽവിൻ എം. ചാക്കോ
പബ്ലിസിറ്റി



സാജു എം. വർഗ്ഗീസ്
സോണൽ സെക്രട്ടറി



ഐപ്പ് സി. കുര്യൻ
ഓഡിറ്റർ



ജോളി മാത്യു
അഡ്വ. & സ്പോൺസർഷിപ്പ്



എബ്രഹാം പി. ഐ
ഫുഡ്

# സഭയുടെ കാതോലികത്വവും സ്വയശീർഷകവാദവും

യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക തലവനായിരുന്ന പുണ്യശ്ലോകനായ ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവായിൽ നിന്ന് പ. പാത്രിയിർക്കീസ് ബാവാ തിരുമനസ്സിലെ കല്പന പ്രകാരം മെത്രാപ്പോലീത്ത സ്ഥാനമേറ്റതിനെ തുടർന്ന് മെത്രാൻ കക്ഷി വിഭാഗത്തിലേക്ക് കൂറുമാറിയ ഡോ. തോമസ് മോർ അത്തനാസിയോസ് മൂവാറ്റുവുഴ (യാക്കോബായ സഭയിൽ ആയിരുന്നപ്പോൾ എഴുതിയ ഈ ലേഖനം ഞങ്ങൾ പുനപ്രസിദ്ധീകരിക്കുന്നു.)

കാതോലിക്കേറ്റിന്റെ സ്ഥാനത്തേയും, അതിന് അന്ത്യോഖ്യാ പാത്രിയർക്കേറ്റുമായുള്ള ബന്ധത്തേയും പറ്റി വേദശാസ്ത്രം, ചരിത്രം, കാനോൻ ഇവയുടെ അടിസ്ഥാനത്തിൽ ചർച്ച ചെയ്യുകയായിരുന്നു കഴിഞ്ഞ അദ്ധ്യായത്തിൽ. ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ എ. അക്കം കാനോനും 1934 ൽ അവർ തന്നെയുണ്ടാക്കിയ ഭരണഘടനയുടെയും കാതോലിക്കേറ്റ് സ്ഥാപിച്ച കാലത്ത് അബ്ദുൾ മ്ശീഹ പാത്രിയർക്കീസ് ഇറക്കിയെന്ന് പറയപ്പെടുന്ന കൽപനകളും അനുസരിച്ച് കാതോലിക്കേറ്റ് പാത്രിയർക്കേറ്റിന് തുല്യമല്ല; പ്രത്യുത പാത്രിയർക്കേറ്റിന്റെ ഭരണത്തിന് വിധേയമായി ആഗോള സുറിയാനി സഭയുടെ ഭാഗമായ മലങ്കരയുടെ പ്രാദേശിക തലവൻ മാത്രമാണ്. അത് ആ സഭയിലെ പണ്ഢിതരും സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കാതോലിക്കേറ്റിൽ പ്രശ്നമുണ്ടായപ്പോൾ അന്ത്യോഖ്യ പാത്രിയർക്കീസ് നേരിട്ട് ഇടപ്പെട്ടു പ്രശ്ന പരിഹാരമുണ്ടാക്കിയതിന്റെ ചരിത്രമാണ് കഫർതൂത്ത സുന്നഹദോസ്. അതുകൊണ്ട് കാതോലിക്കേറ്റിന്റെ സ്ഥാപനം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അധികാരത്തിന്റെ അസ്തമയ ബിന്ദുവായി പരിഗണിക്കണമെന്ന വാദത്തിന് സാധൂകരണമില്ല. കാതോലിക്കേറ്റിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനു വേണ്ടി ഭരണ ചുമതല വഹിക്കുന്ന സ്ഥാനിയാണ് കാതോലിക്കോസ്. അദ്ദേഹം എന്നും അന്ത്യോഖ്യാ പാത്രിയർക്കീസിന് ഭരണപരമായി വിധേയനായിരുന്നു.

ഈ അധ്യായം ചർച്ച ചയ്യാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ.

1. സഭയുടെ അടിസ്ഥാന സ്വഭാവങ്ങളായ ഐക്യം (unity) സാർവ്വത്രികതയും (catholicity) സ്വയം ശീർഷകത്തിന്റെയും (autocephaly) സ്വതന്ത്ര അധികാര വിനിയോഗത്തിന്റെയും പേരിൽ നിഷേധിക്കുന്നതിനു നീതികരണമുണ്ടോ?

2. 'ദേശീയ സഭ' (national church) എന്ന ധാരണക്ക് സുറിയാനി സഭയുടെ വേദശാസ്ത്ര-സഭാ ചരിത്ര വസ്തുക്കളുടെ പിൻ ബലമുണ്ടോ?

3. മലങ്കര സഭയുടെ ഭരണസ്വാതന്ത്യം എന്ന ആശയം സംരക്ഷിക്കുന്നതിൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് എത്രമാത്രം സാധിച്ചു.

4. നിലവിലുള്ള ഭിന്നതയ്ക്ക് ഏതെങ്കിലും പരിഹാരത്തിനു സാധ്യതയുണ്ടോ?

ഈ ചർച്ചയോടെ ഈ ലഘു പരമ്പര അവസാനിക്കുകയാണ്.

നാം ഓരോ പ്രാവിശ്യവും പൊതു ആരാധന നടത്തുമ്പോൾ സഭയെ സംബന്ധിച്ച വിശ്വാസം-കാതോലികവും (സാവർത്രികവും) ഏകവും ആയ വി. സഭയിൽ ഞങ്ങൾ വിശ്വസിക്കുന്നു എന്ന് ഏറ്റു പറയുന്നു. സഭ കർത്താവിന്റെ ശരീരവും പരിശുദ്ധാത്മാവിന്റെ വാസസ്ഥലവും ആകയാൽ വിഭാക്താവസ്ഥ അതിന്റെ അടിസ്ഥാന സ്വഭാവത്തിനു വിരുദ്ധമാണ്. അതു സൃഷ്ടി മുഴുവന്റെയും വീണ്ടെടുപ്പിനായുള്ള ക്രിസ്തുവിന്റെ രക്ഷാപദ്ധതിയിൽ പങ്കുചേരാൻ വിളിക്കപ്പെട്ടിരിക്കുന്നു. വേർതിരിവിന്റെ സകല മതിലുകളും ക്രിസ്തുവിൽ ഇടിച്ചു കളയപ്പെട്ടിരിക്കുകയാണ്. അങ്ങനെ ജാതി, ദേശീയത, ഭാഷ എന്നിവയ്ക്ക് ഉപരിയായി സഭയുടെ സാർവത്രകതയും ഐക്യവും വ്യക്തമാക്കപ്പെട്ടിരിക്കുന്നു. അതായതു ദേശ ഭാഷ-വംശ അടിസ്ഥാനത്തിലുള്ള വിഭാഗീത സഭയെ സഭയല്ലാതാക്കിത്തീർക്കുന്നു. കാരണം അതുവഴി സഭയുടെ മൗലിക സ്വഭാവമായ ഐക്യവും സാർവത്രികതയും ബലികഴിക്കപ്പെടുകയാണ്.

എന്നാൽ ഇന്ത്യൻ ഓർത്തഡോക്സുകാരെ സംബന്ധിച്ചു സഭയുടെ അടിസ്ഥാന സ്വഭാവം സ്വയം ശീർഷകത്വം (autocephaly) ആണത്രേ. ഈ പ്രാവശ്യത്തെ കേസ് ആരംഭിച്ചതു മുതൽ കേൾക്കുന്ന ഒരു വാദമാണിത്. സ്വയം ശീർഷകത്വത്തിന്റെ പേരിലാണു സഭയുടെ ഐക്യവും സാർവത്രികതയും അവർ നിഷേധിക്കുന്നത്. അപ്പോൾ സ്വയം ശീർഷകത്വം എക്യത്തിനും സാർവത്രികതയ്ക്കും ഉപരിയായി സഭയുടെ അടിസഥാന സ്വഭാവം ആയിരിക്കണനല്ലൊ. അതുകൊണ്ട് അടുത്തകാലത്തു കേൾക്കാൻ തുടങ്ങിയ ഈ കാര്യം എന്താണ് എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു.

ഇതു മുമ്പു കേൾക്കാത്ത പദമായതിന് അദാഭുതപ്പെടണ്ടതില്ല. ഒരു സഭാപിതാവും ഇതു പറഞ്ഞിട്ടില്ല. വേദപുസ്കാടിസ്ഥാനം ഇതിനുണ്ട് എന്ന് ആരും പറയുന്നുമില്ല. സുറിയാനി സഭയുടെ വേദശാസ്ത്രത്തിലും വിശ്വാസത്തിലുംപെട്ട കാര്യമായിരുന്നുവെങ്കിൽ ഉതിനു സമാനമായ സുറിയാനി പദമെങ്കിലും നാം കേട്ടിട്ടുണ്ടായിരിക്കണമല്ലോ. ഇതു കണ്ടുപിടിച്ചത് ബൈസന്റയിൻ ഓർത്തഡോക്സു സഭകളാണ്. ആദ്യമായി ഈ പദത്തിന്റെ അർത്ഥമെന്താണ്, ഉപയോഗിക്കപ്പെട്ട ചരിത്രപരവും സഭാ ശാസ്ത്രപരവരമായ സാഹചര്യമെന്താണ്, ഇവയെല്ലാം ചിന്തിക്കേണ്ടിയിരിക്കുന്നു, അവുട്ടോ കെഫാലെയോസ് (autokephaleos) എന്ന ഗ്രീക്ക് പദത്തിന്റെ ഇംഗ്ലീഷ് ഭാഷാന്തരമാണു autocephalous (സ്വയം ശീർഷത്വമുള്ളത്) 'അവുട്ടോ' എന്നാൽ സ്വയം തീരുമാനശേഷിയുള്ളത്, സ്വയം പ്രവർത്തിക്കുന്നത്, സ്വാതന്ത്രം എന്നും 'കെഫാലെയോസ" എന്നതിനു തല എന്നും അർത്ഥമാണ്. അതായതു സഭാ സ്വയം ശീർഷത്വമുള്ളത് എന്നം പറഞ്ഞാൽ ഏതെങ്കിലും ഒരു പ്രദേശത്തെ സഭ പരിപൂർണ്ണ സ്വതന്ത്രമാണ് എന്നർത്ഥം. അതായത് അതിന്റെ ഭരണം സംബന്ധിച്ചു സ്വന്ത തീരുമാന- പ്രവർത്തന സ്വാതനന്ത്ര്യം ഉണ്ട്.

ഇനി ഇത് ഏത് സഭകളെപ്പറ്റിയാണ് പരാമർശിക്കാൻ ഉപയോഗിക്കുന്നത് എന്ന് അന്വേഷിക്കാം. സ്വയം ശീർഷക സഭകൾ എന്ന്തു ബൈസന്റയിൽ പാരമ്പര്യത്തിൽപ്പെട്ട അംഗ സഭകളെ പറ്റി മാത്രം പരാമർശിക്കാൻ ഉപയോഗിക്കുന്ന പദമാണ്. മറ്റ് അനേക സ്വതന്ത്ര സഭകൾ ഈ ഭൂമുഖത്തുണ്ടെങ്കിലും അവയ്ക്കൊന്നും ഈ പദം ഉപയോഗിക്കുന്നില്ല. നിലവാരമുള്ള ഏതു ചരിത്ര-വേദശാസ്ത്ര നിഘുണ്ടുവും ഈ കാര്യം വ്യക്തമാക്കുന്നു. ഇതു ബൈസന്റയിൽ സഭയിലെ ദേശീയ സഭകളെ പരാമർശിക്കാൻ ഉപയോഗിക്കുന്ന വാക്കാണ് എന്നു ചുരുക്കം

ഈ പദത്തിന്റെ ചരിത്ര- വേദശാസ്ത്ര പശ്ചാത്തലം അന്വേഷിക്കാൻ നാം നിർബന്ധിനമായി തീരുന്നു. ഓട്ടോസെഫാലസ് സഭകൾ സ്വയം പ്രഖ്യാപനത്തിലൂടെ നിലവിൽ വന്ന ബൈസന്റയിൽ ഓർത്തഡോക്സ് സഭയിലെ അംഗ സഭകളാണ്. ഏകദേശം പതിനാല് സഭകളാണീക്കൂട്ടത്തിലുള്ളത്. ഇവയുടെ പിതൃ പാത്രിയർക്കേറ്റായ കുസ്തന്തീനോപ്പോലീസ് ഇതര മൂന്നു പാത്രിയർക്കേറ്റുകളെപ്പോലെ അപ്പോസ്തോലികമോ പൂർവ്വികമോ ആയിരുന്നില്ല. കുസ്തന്തീനോപ്പോലീസ് റോമാസാമ്രാജ്യത്തിന്റെ തലസ്ഥാനമെന്ന രാഷ്ട്രിയ പ്രാധാന്യം മാത്രം കണക്കിലെടുത്തു രാഷ്ട്രീയ സ്വാധീനത്തിൽ തന്ത്രപരമായി കൽക്കിദോൻ സുന്നഹദോസിലെ പ്രത്യേക പശ്ചാത്തലത്തിൽ അംഗീകരിപ്പിച്ചാണു പാത്രിയർക്കേറ്റാക്കിയത്. അതുകൊണ്ട് ഈപാത്രിക്കേറ്റിന്റെ അടിസ്ഥാനം കുസ്തന്തീനോപ്പോലീസിന്റെ രാഷ്ട്രിയ പ്രാമുഖ്യം മാത്രമായിരുന്നു. രാഷ്ട്രീയ പ്രാമുഖ്യം പിൽക്കാലത്തു നഷ്ടപ്പെടുകയും, റോമാസാമ്രാജ്യം ശിഥിലമാകയും ചെയ്തു. അതേത്തുടർന്നു പുതുതായി രൂപംകൊൺ ചെറിയ രാജ്യങ്ങളിലെ സഭകൾ സ്വതന്ത്രമായി. അവയുടെ തലസ്ഥാന നഗരിയിലെ സഭാമേലദ്ധ്യക്ഷന്മാർ ആ പട്ടണത്തിന്റെ രാഷ്ട്രീയ പ്രാമുഖ്യത്തിന്റെ അടിസ്ഥാനത്തിൽ പാത്രിയർക്കീസുമാരായിതീരുകയും ചെയ്തു. അങ്ങനെയാണു സ്വയം ശീർഷക സഭകളും ഈ പതിനാലു പാത്രിയർക്കേറ്റുകളും ഉണ്ടായത്. രാഷ്ട്രീയ അടിസ്ഥാനത്തിനുള്ള സഭാവിജ്ഞാനീയത്തിന്റെ നൈസർഗികമായ പരിണതഫലമാണ് ഈ വിഭജന പ്രക്രിയ. 1823-ൽ ഗ്രീസിലെ സഭ ഓട്ടോസെഫാലസായി. 1864-ൽ റുമേനിയൻ സഭയും. 1870-ൽ ബൾഗേറിയൻ സഭയെ സ്വയം ശീർഷക സഭയായി പ്രഖ്യാപിച്ചത് അവിടുത്തെ സുൽത്താനാണ്. ഏറ്റവും അവസാനത്തേതു മക്കദോനിസൻ സഭയാണ്. അതിന്റെ അംഗീകാരം പൂർത്തിയായിട്ടില്ല എന്നു മാത്രം. ഈ പട്ടികയിൽ ഇന്ത്യൻ ഓർത്തഡോക്സുകാർ പെടുമെന്നു പറയുമ്പോൾ അതു വിശ്വസിക്കാനും ആളെ കിട്ടുന്നതാണ് അദ്ഭുതം.

സ്വയം ശീർഷക സഭകളുടെ പൊതു സ്വഭാവങ്ങൾ താഴെ കൊടുക്കുന്നു.

1. സ്വയം ശീർഷക സഭകളുകൾ ബൈസന്റയിൽ സഭാ വിശ്വാസത്തിൽപ്പെട്ടവയായിരിക്കണം.

2. ഇവ നിലവിൽ വരുന്നതു രാഷ്ട്രീയ സ്വാതന്ത്ര്യമുള്ള ഒരു സ്ഥലത്തെ സഭയുടെ യോജിച്ചുള്ള തീരുമാനപ്രകാരമാണ്.

3. സ്വയം പ്രഖ്യാപനത്തിലൂടെയാണ് അവ സ്വയശീർഷക സഭകളാകുന്നത്. സ്ഥാപനത്തിൽ പാത്രിയർക്കീസിന് പങ്കില്ല.

4. സ്വയം ശീർഷകത്വം പ്രാപിച്ച സഭയുടെ ഭരണകാര്യത്തിൽ ഇടപെടാൻ കുസ്തന്തീനോപ്പോലീസിലെ പാത്രിയർക്കീസിന് അവകാശമില്ല.

5. പാത്രിയർക്കീസ്, മേൽപ്പട്ടക്കാർ ഇവരുടെ തെരഞ്ഞെടുപ്പ്, വാഴ്ച, നിയമനം ഇവയിൽ പൂർണ്ണ സ്വാതന്ത്ര്യം.

6. നിലവിലുള്ള വിശ്വാസം, ആരാധനാക്രമം, കാനോൻ ഇവയിൽ വ്യത്യാസം വരുത്തികൂടാ.

ഇന്ത്യൻ ഓർത്തഡോക്സ് സഭകൾ ഈ മാനദണ്ഢങ്ങൾ അതിന്റെ സ്വയം ശീർഷക പ്രക്രിയയിൽ പാലിച്ചിട്ടുണ്ടോ എന്ന് തിരക്കണം.

1. ഇന്ത്യൻ ഓർത്തഡോക്സ് സഭ ബൈസന്റയിൻ സഭാ ഗോത്രത്തിൽപ്പെടുന്ന സഭ അല്ല.

2. ഇത് സഭയുടെ കൂട്ടായ തീരുമാനമായിരുന്നില്ല. വലിയ വിഭാഗം ഇത് നിഷേധിച്ചു. സഭ രണ്ടായി പിളർന്നു.

3. സഭ സ്വയംശീർഷകമാണ് എന്ന് ഔദ്യോഗിക രേഖകളിൽ ഇതുവരെ ചേർത്തിട്ടില്ല.

4. സ്വയം ശീർഷകത്വം നിലവിൽ വരുന്നത് സ്വയംപ്രഖ്യാപനം ( Self declaration) വഴിയാണ്. ഇവിടെ കാതോലിക്കേറ്റ് സ്ഥാപിച്ചത് സ്ഥാനഭൃഷ്ഠനായിരുന്നെങ്കിലും ഒരു പാത്രിയർക്കീസായിരുന്നു. അദ്ദേഹം നൽകിയ കല്പന അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധത്തിൽ നിന്ന് അന്യപ്പെടരുത് എന്നാണ്. സ്ഥാപന കല്പനയ്ക്ക് വിരുദ്ധങ്ങളായ നിലപാടാണിത്.

5. സ്വന്തമായി ഉണ്ടാക്കിയ ഭരണഘടനയിൽ ഈ സഭ സ്വയം ശീർഷക സ്വഭാവമില്ലാത്തതാണ്. ഇത് സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭാഗമാണ്. സ്വന്ത ഭരണഘടന പ്രയോഗത്തിൽ നിഷേധിക്കുന്നു.

6. ഭരണഘടനാപരകാരം അന്ത്യോഖ്യാ പാത്രിയർക്കീസ് സഹോദര സഭയുടെ മേലദ്ധ്യക്ഷനല്ല. മലങ്കര സഭ ഭാഗമായിട്ടുള്ള ആകമാന സുറിയാനി സഭയുടെ പ്രധാന മേലദ്ധ്യക്ഷനാണ്. ഭരണഘടന പ്രകാരം മലങ്കര സഭയിൽ പ്രശ്നമുണ്ടാക്കുമ്പോൾ പരാതി സമർപ്പിക്കേണ്ട അപ്പലറ്റ് അധികാരിയാണ്.

7. കാനോൻ തിരുത്താൻ സ്വയം ശീർഷക സഭയ്ക്ക് അധികാരമില്ല. നിലവിലിരുന്ന കാനോനു പകരം വ്യത്യസ്ത കാനോൻ സ്വീകരിച്ചു വിശ്വാസത്തിൽ വ്യത്യാസം വരുത്തി.

ഇവിടെ വന്നു ചേർന്നിരിക്കുന്ന പിശകുകൾ നിരവധിയാണ്.

1. മറ്റൊരു സഭയിലെ സഭാ വിജ്ഞാനീയം സുറിയാനി സഭയ്ക്ക് സ്വീകരിക്കാൻ ന്യായമില്ല. ഓരോ സഭയ്ക്കും അതിന്റേതായ വിശ്വാസപാരമ്പര്യങ്ങൾ ഉണ്ട്. അവയ്ക്ക് അനുരൂപമായ പരിവർത്തനങ്ങൾ മാത്രമേ സാധ്യമാകൂ. അതുകൊണ്ട് സ്വയം ശീർഷകത്വം പ്രഖ്യാപിക്കുന്നതിനു മുമ്പുതന്നെ ബൈസന്റയിൻ സഭയിൽ ഇൻഡ്യൻ ഓർത്തഡോക്സ് സഭ അംഗത്വം നേടണം. അല്ലാതെ ഇതു ചെയ്യുമ്പോൾ സുറിയാനി സഭയിൽ നിന്നും സ്വയം അന്യപ്പെടുന്നു. അതായത് സ്വയം ശീർഷകത്വം സുറിയാനി ഓർത്തഡോക്സ് സഭ വിജ്ഞാനീയത്തിലോ പാരമ്പര്യത്തിലോ പെടാത്ത കാര്യമാകയാൽ അത് സഭാ വിജ്ഞാനീയത്തിലോ പാരമ്പര്യത്തിലോ പെടാത്ത കാര്യമാകയാൽ അത് സഭാ വിജ്ഞാനീയത്തിലും ഭരണത്തിലും അവതരിപ്പിക്കുന്നത് സഭാ വിശ്വാസത്തിലുള്ള ബലപ്രയോഗമാണ്. ഇതിന് നീതീകരണമില്ല.

2. സ്വയം ശീർഷകത്വം നിലവിൽ വരുമ്പോൾ നിഷ്കർഷിക്കപ്പെട്ട വ്യവസ്ഥകൾ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ ഓട്ടോസെഫാലി പ്രക്രിയയിൽ പാലിച്ചിട്ടില്ല. ഇത് മുകളിലെ ചർച്ച വ്യക്തമാക്കുന്നു. സ്വയം ശീർഷകത്വം നടപ്പിൽ വരുന്നതിന് പാലിക്കപ്പെടുന്ന വ്യവസ്ഥകൾ പാലിക്കാതെ എങ്ങനെ സ്വയം ശീർഷകത്വം സിദ്ധിക്കും. വഴി വിട്ട് കാര്യം സാധിക്കുകയാണല്ലോ ഇന്ത്യൻ ഓർത്തഡോക്സ്കാരുടെ സാമർത്ഥ്യം.

3. സ്വയം ശീർഷകത്വം കണ്ടുപിടിച്ച ബൈസന്റയിൻ സഭ പോലും സഭാ കൂട്ടായ്മ ബലി കഴിച്ചു നിലനിർത്തേണ്ടതാണ് ഓട്ടോസെഫാലി എന്നു പറയുന്നില്ല. അത് പ്രശസ്ത ഓർത്തഡോക്സ് വേദശാസ്ത്രജ്ഞനായ ജോൺ മെയൻഡോർഫ് തന്റെ Catholicity and the Church എന്ന ഗ്രന്ഥത്തിൽ പറയുന്നുണ്ട്. സ്വയം ശീർഷ സിദ്ധാന്തത്തിന്റെ ഉപജ്ഞാതാക്കൾ പോലും ഉന്നയിക്കാത്ത വാദമാണ് കടം എടുപ്പുകാരായ ഇന്ത്യൻ ഓർത്തഡോക്സുകാർ അവലംബിച്ച് സഭയെ ഛിന്നഭിന്നമാക്കിയിരിക്കുന്നത്.

ഈ കൂടിക്കുഴച്ചിലും മാനദണ്ഡങ്ങളുടെ (norms) മേലുള്ള ബലപ്രയോഗവും അണ് വിശ്വാസകാര്യത്തിലും സഭാവിജ്ഞാനീയത്തിലും ഇന്ത്യൻ ഓർത്തഡോക്സിയുടെ അടിസ്ഥാന പിശക്. അവരുടെ നിലനിൽപിന് ആവശ്യമുള്ളത് ഏത് സഭയിൽ നിന്നും സ്വീകരിക്കും എന്നിട്ട് സ്വന്തമെന്ന് പറയും. എന്നാൽ അവ സ്വീകരിക്കുന്നതിലുള്ള മാനദണ്ഡങ്ങൾ പാലിക്കയില്ലതാനും. ഇതെന്തൊരു അശാസ്ത്രീയ സമീപനവും പ്രവർത്തന വൈകല്യവുമാണ്.

സുറിയാനി ഓർത്തഡോക്സ് സഭയ്ക്ക് സ്വയം ശീർഷകത്വം അംഗീകരിക്കാൻ സാധിക്കുകയില്ല. കാരണം-

1. ഇത് സഭയുടെ പാരമ്പര്യത്തിനും വിശ്വാസത്തിനും വിരുദ്ധമായ കാര്യമാണ്. ഇത് മുകളിൽ ചർച്ച ചെയ്തു കഴിഞ്ഞു.

2. സുറിയാനി സഭ അതിന്റെ ഐക്യത്തിലും സാർവ്വത്രികതയിലും വിശ്വസിക്കുന്നു. ലോകം മുഴുവനുമുള്ള സുറിയാനി സഭ ഏകവും വിഭജനാതീതവുമാണ്. സ്വയം ശീർഷകത്വം സഭയുടെ ഐക്യവും ആഗോളത്വവും തകർക്കുന്നു.

3. പത്രോസിന്റെ അധികാരവും ഉത്തരവാദിത്തവും ശ്ലൈഹിക പിന്തുടർച്ച വഴി അന്ത്യോഖ്യാ പാത്രിയർക്കീസ് നിക്ഷിപ്തമായിരിക്കുന്നു. അത് വിശ്വാസകാര്യമാണ്. സ്വയം ശീർഷകത്വം അത് നിഷേധിക്കുന്നു. രാഷ്ട്രീയ അടിസ്ഥാനത്തിലുള്ള സഭാ വിജ്ഞാനീയമല്ല സുറിയാനി സഭയ്ക്കുള്ളത്. സ്വയം ശീർഷകത്വത്തിനു വേണ്ടി സഭയുടെ അടിസ്ഥാന തത്വങ്ങൾ നിഷേധിക്കുമ്പോൾ സഭ സഭയല്ലാതായിത്തീരുന്നു എന്ന് ഇന്ത്യൻ ഓർത്തഡോകിസുകാർ മറന്നുപോകുന്നു എന്നത് ദുഃഖകരമാണ്.

അടുത്തതായി ചിന്തിക്കേണ്ട കാര്യം മലങ്കരസഭ ദേശീയസഭയാണ് എന്ന ഇന്ത്യൻ ഓർത്തഡോക്സുകാരുടെ വാദത്തെപ്പറ്റിയാണ്. ദേശീയസഭ എന്ന സങ്കല്പത്തിന് സുറിയാനി വേദശാസ്ത്രത്തിൽ എന്തെങ്കിലും നീതികരണമുണ്ടോ എന്ന് അന്വേഷിക്കേണ്ടിയിരിക്കുന്നു. അതിന് ദേശീയത എന്താണ് എന്ന വിശദീകരണം ആവശ്യമാണ്. ഒരു രാജ്യത്തിന്റെ പ്രത്യേകമായ രാഷ്ട്രീയ, വർഗീയ, മത പ്രത്യയശാസ്ത്രത്തിൽ അടിസ്ഥാനപ്പെട്ട ദേശഭക്തിയാണ് ദേശീയത. വിശദീകരണത്തിന് ഉദാഹരണങ്ങൾ കൊടുക്കുന്നു. യുഗോസ്ലോവിയായിലെ ഓർത്തഡോക്സുകാരായ സേർബുകൾ ആ നാട്ടിലെ ഇതര മതങ്ങളേയും- വർഗങ്ങളേയും അംഗീകാരിക്കാതെ സേർബിയൻ മത-സംസ്കാരത്തിന് വിധേയമാകുവാൻ ശ്രമിക്കുന്നു. ഇതിന് സേർബിയൻ ദേശീയത എന്നു വിളിക്കുന്നു. സേർബിയൻ ഓർത്തഡോക്സുസഭ ദേശീയ സഭയാണ്. ആര്യൻവംശജരുടെ ശ്രേഷ്ഠതയിൽ വിശ്വസിച്ച ജർമ്മൻകാർയൂദന്മാരുടെയും മറ്റു വംശജരുടെയും നിർമ്മാർജ്ജനത്തിനു ശ്രമിച്ചു.

സഭകൾ ഇതിന് കൂട്ടുനിന്നു ഇതാണ് ജർമ്മൻദേശീയത. അയർലണ്ടിൽ പ്രൊട്ടസ്റ്റന്റുകാരെ തുരുത്താൻ കത്തോലിക്കാർ അക്രമം നടത്തുന്നു. ഇതിന്റെ പേരാണ് ഐറീഷ് ദേശീയത. ഇന്ത്യയിൽ വളരുന്ന ഹിന്ദു ദേശീയത ഇന്ത്യയിലെ മതമൗലീക വാദികളുടെ സിദ്ധാന്തമാണ്. സ്വന്തം രാഷ്ട്രത്തിന്റെയോ സംസ്കാരത്തിന്റെയോ ജാതിയുടെയോ ഒക്കെ പേരിൽ അതിരു കവിഞ്ഞ അഭിമാനവും ഭ്രാന്തൻ കാഴ്ചപാടുമാണ് ദേശീയത. അതുവഴി ഇതര ജനവിഭാഗങ്ങളുടെ നിലനിൽപാണ് നിഷേധിക്കുന്നത്. ഉൾപ്പെട്ടിരിക്കുന്ന ദേശത്തിന്റെ സങ്കുചിതമായ നിക്ഷിപ്ത താത്പര്യത്തിൽ അടിസ്ഥാനപ്പെട്ട അന്യ നിഷേധ കാഴ്ചപാടാണ് ഇത്. ഇത് സഭയുടെ മൗലീക ദർശനത്തിന് വിരുദ്ധമാണ്. ഭൂമി ശാസ്ത്രപരമായും ഭാഷപരമായും സംസ്കാരത്തിന്റെ അടിസ്ഥാനത്തിലും സഭ വിഭജിക്കപ്പെട്ടിരിക്കുന്നുവെങ്കിലും ആ വിഭജനത്തിനധിഷ്ഠിതമായ സ്ഥലത്തോടൊ വംശത്തോടൊ ഉള്ള അതിഭക്തി സഭയുടെ കാതോലിക്ക സ്വഭാവത്തിന് എതിരാണ്. സഭ ദേശീയാന്തര (transnational catholic) പ്രസ്ഥാനമാണ്. അതുകൊണ്ട് ഇന്ത്യൻ ഓർത്തഡോക്സുകാർ ഉയർത്തിപ്പിടിക്കുന്ന ദേശീയവാദം പ്രഥമദൃഷ്ട്യാതന്നെ വേദവിപരീതമാണ്.

സുറിയാനിസഭ ഒരു ബഹുദേശീയ, ബഹുസാംസ്കാരിക സഭയാണ്. ദേശീയതയ്ക്കും, ഭാഷകൾക്കും, സംസ്കാരങ്ങൾക്കും ഉപരിയായി നില്ക്കുന്ന സാർവ്വത്രിക കാഴ്ചപാടുള്ള സഭ. അതിൽ വിവിധ രാജ്യക്കാരുണ്ട്. വിവിധ ഭാഷക്കാരുണ്ട്. വ്യത്യസ്തമാർന്ന പൈതൃകമുള്ളവരുണ്ട്. ദേശത്തിന്റെയും സംസ്കാരത്തിന്റെയും അടിസ്ഥാനത്തിൽ സഭയിൽ പിളർപ്പുണ്ടാകുവാൻ അതിന്റെ വിശ്വാസം അനുവദിക്കുന്നില്ല. അത് സഭയുടെ കാതോലികത്വത്തിന് വിരുദ്ധമാണ്.

എന്നാൽ തീർച്ചയായും ചില പ്രത്യേക കാര്യങ്ങളിൽ സഭ പ്രാദേശികത്വം പാലിക്കേണ്ടതാണ്. സഭ ബന്ധപ്പെട്ടിരിക്കുന്ന സംസ്കാരത്തിനും മതചിന്തയ്ക്കും അനുസൃതമായ ക്രൈസ്തവവിശ്വാസം വ്യാഖ്യാനിക്കാൻ സാധിക്കണം. അപ്പോഴാണ് മനുഷ്യന് അത് ഉൾക്കൊള്ളാൻ സാധിക്കുക. അതുപോലെ തന്നെ പ്രാദേശികമായ വെല്ലുവിളികൾ മനസ്സിലാക്കിയാൽ മാത്രമേ കാര്യക്ഷമമായി സഭയ്ക്ക് പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. കൂടാതെ പ്രാദേശികമായ സാമൂഹിക സാംസ്കാരിക പൈതൃകം ക്രിസ്തീയ മൂല്യങ്ങൾക്ക് വിരുദ്ധമല്ലാത്തിടത്തോളം കാലം അവയെ ആദരിക്കുവാൻ സാധിക്കണം. അല്ലെങ്കിൽ സാംസ്കാരിക അന്യവൽക്കരണത്തിനു സഭ വിധേയമാകും. അങ്ങനെ തന്നെ ജീവിക്കുന്ന ചുറ്റുപാടുകളിലെ ഭാഷയ്ക്കും, ആരാധനാ സങ്കേതങ്ങൾക്കും രീതിക്കും അനുരൂപമായി ക്രിസ്തീയ ആരാധനയ്ക്കും ആത്മീകതയ്ക്കും രൂപം കൊടുക്കേണ്ടതാമ്. ഇതിനൊന്നും ദേശീയത എന്ന് പറഞ്ഞുകൂടാ. പ്രാദേശിക പരിഗണനകൾ എന്നു വിളിക്കാവുന്നതാണ്. എന്നാൽ ഈ താത്പര്യങ്ങൾ ഒന്നും ദേശീയത പറയുന്ന ഇന്ത്യൻ ഓർത്തഡോക്സു സഭയ്ക്കില്ല. കോടതിയിൽ ദേശീയത പറഞ്ഞു ഭരണം സ്വതന്ത്രമാകണം എന്നല്ലാതെ തദ്ദേശീയമായ വെല്ലുവിളികളും ആത്മീകതയും അന്വേഷിക്കാൻ സാധിക്കുന്നില്ല.

ഇനി ചർച്ച ചെയ്യുന്ന കാര്യം സഭയുടെ സ്വാതന്ത്ര്യത്തിന്റേതാണ്. ഇത് സുറിയാനി സഭയുടെ പൊതുവായ ധാരണയാണ്. അത് വിവിധ നിലകളിൽ സ്വാതന്ത്ര്യം അനുഭവിക്കുന്നു. ഒന്നാമതായി ഇടവക തലത്തിൽ സഭ ആരാധിക്കുന്ന സമൂഹമാണ്. (liturgical community)ആരാധിക്കുന്ന സമൂഹത്തിന്റെ മൂർത്തമായ ആവിഷ്കരണം ദൈവാലയത്തിൽ ആരാധനയ്ക്കു ചേരുന്ന വിശ്വാസികളാമ്. സൃഷ്ടിക്കു മുഴുവനുംവേണ്ടി പ്രാർത്ഥിച്ച കർത്താവിന്റെ വിളിക്കായി സ്വയം സമർപ്പിക്കുകയും നമ്മുടെ കർത്താവിന്റെ തിരുശരീരരക്തത്തിൽ പങ്കുചേരുകയും ചെയ്യുന്ന ഇടവകസഭയുടെ പൂർണ്ണ രൂപമാണ്. അത്തരത്തിൽ അത് പൂർണ്ണമാണ്. സ്വതന്ത്രമാണ്. എന്നാൽ അതോടൊപ്പം ഈ ഇടവകകൾ ഇതുപോലുള്ള മറ്റ് ഇടവകകളുമായി ബന്ധപ്പെട്ട ഒരു ഭദ്രാസനമായി മെത്രാപ്പോലീത്തയോടൊന്നിച്ചു നിൽക്കുന്നു. അവിടെ മെത്രാപ്പോലീത്ത ഐക്യത്തിന്റെ പ്രതീകവും കണ്ണിയുമാണ്. ആ നിലയ്ക്ക് ഭദ്രാസനം സ്വതന്ത്രമാണ്. ഈ ഭദ്രാസനങ്ങളുടെ കൂട്ടായ്മ (fellowship) യാണ് സഭ. അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിൽ ലോകമെമ്പാടുമുള്ള എല്ലാ ഭദ്രാസനങ്ങളും അവയുടെ ഉൾഭരണ സ്വാതന്ത്യത്തിൽ കഴിയുന്നു. എന്നാൽ ഇതിനിടയ്ക്ക് ഇന്ത്യയിൽ ഒരു കാതോലിക്കേറ്റുണ്ട്. അത് ഇന്ത്യയുടെ പ്രത്യേക സാഹചര്യത്തിൽ അന്ത്യോഖ്യാ പാത്രയിർക്കീസിനു വേണ്ടി ഉൾഭരണ സ്വാതന്ത്ര്യത്തോടെ ഭരണം നടത്തുന്നു. അതായത് ഭരണ സ്വാതന്ത്ര്യം ഇടവകയ്ക്കും ഭദ്രാസനത്തിനും കാതോലിക്കേറ്റിനും പാത്രിയർക്കേറ്റിനും ഉണ്ടാകണം. അതാണ് സഭയുടെ ഭരണ സ്വാതന്ത്ര്യം.

ഈ ഭരണ സ്വാതന്ത്ര്യം ഇന്ത്യൻ ഓർത്തഡോക്സ് സഭയ്ക്ക് ഇന്നുണ്ടോ? മലങ്കരയിലെ ഓരോ പള്ളിയും മലങ്കര മെത്രാപ്പോലീത്തായുടെ ട്രസ്റ്റിന്റെ ഭാഗമെന്നാണു വാദം. മലങ്കര മെത്രാപ്പോലീത്ത കാതോലിക്കയ്ക്ക് അതുകൊണ്ട് ഏത് ഇടവകപള്ളിയുടെയും കാര്യത്തിൽ പൂർണ്ണ സ്വാതന്ത്ര്യം ഉണ്ടത്രെ. ആ അടിസ്ഥാനത്തിലാണ് 1064 പള്ളികൾക്കുവേണ്ടിയുള്ള കേസ്. അപ്പോൾ ഇടവകയുടെ സ്വാതന്ത്ര്യം പാലിക്കപ്പെടുന്നില്ല.

ഭാദ്രാസനം സ്വതന്ത്രമല്ല. സഭ ഭദ്രാസനങ്ങളുടെ കൂട്ടായ്മയാണെങ്കിൽ ഓരോ ഭദ്രാസനവും അതിന്റെ നിലയിൽ സ്വതന്ത്രമായിരിക്കണം. കൂടാതെ എപ്പിസ്ക്കോപ്പൽ ആചാര്യത്വത്തിന്റെ പൂർണ്ണതയും സഭദർശിക്കുന്നു. എന്നാൽ ഇന്ത്യൻ ഓർത്തഡോക്സ് സഭയിൽ ഭദ്രാസനം സ്വതന്ത്രമല്ല. അവിടെ ഭദ്രാസന സ്വത്തുക്കളിൽ മലങ്കര മെത്രാപ്പോലീത്ത അധീകാരം സ്ഥാപിക്കാൻ ശ്രമിക്കുന്നു. അതിന്റെ പേരിലാണല്ലൊ മൂവാറ്റുപുഴ അരമന പള്ളിയുടെ ചുറ്റുമുള്ള തെങ്ങിൻ ചുവടു കിളക്കുമ്പോൾ പോലും കാതോലിക്ക കേസ് കൊടുക്കുന്നത്. ഇടവക മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കാനുള്ള അവകാശമെങ്കിലും അവർ ഭദ്രാസനത്തിനു കൊടുക്കുന്നില്ല. പിന്നെയെന്താണു സഭയുടെ സ്വാതന്ത്ര്യം. ഇന്ത്യൻ ഓർത്തഡോക്സുകാരെ സംബന്ധിച്ചു മലങ്കര മെത്രാപ്പോലീത്ത കൂടിയായാ കാതോലിക്കായ്ക്ക് എവിടെയും ഭരിക്കാനുള്ള സ്വാതന്ത്ര്യം- അടവകയിലും ഭദ്രാസനത്തിലും തന്നിഷ്ടമായി ഭരണത്തിൽ കൈകടത്താനുള്ള സ്വാതന്ത്ര്യത്തിനാണ് സഭയുടെ സ്വാതന്ത്ര്യം എന്ന പേരു പറയുന്നത്. ഇത് സഭയുടെ സ്വാതന്ത്ര്യമല്ല. കാതോലിക്കേറ്റിന്റെ കേന്ദ്രീകൃത ദുർഭരണ സ്വാതന്ത്ര്യമാണ്. ഇവിടെ സഭയുടെ 'autonomy' കാതോലിക്കായുടെ 'autocracy' ആയി മനസ്സിലാക്കിയതാണ് തകരാറ്. ഇടവകയുടെയും ഭദ്രാസനത്തിന്റെയും സ്വാന്ത്ര്യം നിഷേധിച്ചുകൊണ്ടുള്ള കാതോലിക്കേറ്റിന്റെ സ്വാതന്ത്ര്യം സഭയുടെ സ്വാതന്ത്ര്യമായി അവതരിപ്പിക്കുന്നത് പിശകാണ്. അന്ത്യോഖ്യ പാത്രിയർക്കീസ് തന്നിൽ നിക്ഷിപ്തമായ ഭരണ മേലന്വേഷണം നടത്തിയാൽ മലങ്കര സഭാ അടിമത്തത്തിലാണ് എന്നു പറയുകയും കാതോലിക്ക ഭദ്രാസന- ഇടവക ഭരണത്തിൽ കൈകടത്തുകയും ട്രസ്റ്റിന്റെ ഭാഗമാണെന്നു വിധിച്ചു കിട്ടാൻ കോടതിയിൽ പോവുകയും ചെയ്യുന്നത് എന്ത് വൈരുദ്ധ്യമാണ്. അതുകൊണ്ട് പറയാനുദ്ദേശിച്ച കാര്യം: ഭദ്രാസനത്തിന്റെയും ഇടവകയുടെയും സ്വാതന്ത്ര്യം നിഷേധിക്കുന്ന മലങ്കര മെത്രാപ്പോലീത്ത കാതോലിക്ക അവകാശപ്പെടുന്ന സ്വാതന്ത്ര്യം അദ്ദേഹത്തിന്റെ സ്വാതന്ത്ര്യമാണ്, സഭയുടെ സ്വാതന്ത്ര്യമല്ല. ഭരണ പരമായ സ്വാതന്ത്ര്യം ഇടവകയ്ക്കും ഭദ്രാസനത്തിനും കാതോലിക്കേറ്റിനും പാത്രിയർക്കേറ്റിനുമുണ്ടാകണം.

ഈ സഭയിലെ പ്രശനത്തിന് പ്രധാനകാരണം ഇവിടെ വിവേചനം നടക്കുന്നു എന്നതാണ്. ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം മെത്രാപ്പോലീത്തയെ തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം പോലും ഭദ്രാസനത്തിനില്ല. ഉദാഹരണത്തിന് പത്തുപള്ളികൾ തികച്ചില്ലാത്ത ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ കൊച്ചി ഭദ്രാസനത്തിന് ഒരു മെത്രാപ്പോലീത്തയെ ആവശ്യമെങ്കിൽ മലങ്കര അസോസിയേഷൻ കൂടുന്നു. അവിടെ വരുന്ന ആയിരമോ അതിലധികമോ പ്രതിനിധികളിൽ കൊച്ചിക്കുള്ള പ്രാതിനിധ്യം ഇരുപത് ആയിരിക്കും. തെരഞ്ഞെടുപ്പിൽ യാതൊരു സ്വാധിനവും ഈ പ്രതിനിധികൾക്കുണ്ടാകില്ല. അവർക്കു വേണ്ടി തീരുമാനമെടുക്കുന്നത് മറ്റ് വലിയ ഭദ്രാസനങ്ങളാണ്. അതായത് കൊല്ലം, നിരണം, തുമ്പമൺ ഭദ്രാസനങ്ങളാണു കൊച്ചി ആര് ഭരിക്കണം എന്ന് തീരുമാനിക്കുന്നത്. ഇതാണ് ഇന്ത്യൻ ഓർത്തഡോക്സു സഭയിലെ ഭദ്രാസനത്തിന്റെ സ്വാതന്ത്ര്യം. ഇതാണ് ജനാധിപത്യം. കഴിഞ്ഞ മെത്രാൻ തെരഞ്ഞെടുപ്പിൽ വടക്കുനിന്നുള്ള ഏക സ്ഥാനാർത്ഥി തോറ്റു. പകരം തെക്കുനിന്നുള്ള സുന്നഹദോസ് അംഗീകാരമില്ലാത്ത അച്ചൻ ജയിച്ചു. മെത്രാൻ കക്ഷിയിലെ ഇരുപത്തിമൂന്ന് മെത്രാന്മാരിൽ മൂന്നുപേരല്ലെ വടക്കൻ ഭദ്രാസനങ്ങളിൽനിന്നുള്ളത്. ഈ വിവേചനം നടത്തുന്നതിനുള്ള സ്വാതന്ത്ര്യമാണോ സഭുയുടെ സ്വാതന്ത്ര്യം.

ഇനി ഈ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ എന്തുനേട്ടമുണ്ടായി.

1. സഭ രണ്ടായി പിളർന്നു. സഭാജീവിതം അധ: പതിച്ചു.
2. സഭയുടെ ദൗത്യനിർവ്വഹത്തിന് ചെലവാക്കേണ്ട കോടിക്കണക്കിനു രൂപ വ്യവഹാരത്തിനു ചെലവാക്കി.
3. അനേകർ മറ്റു സഭകളിൽ ചേർന്നു. റീത്ത് പ്രസ്ഥാനം തന്നെ ഇതുകൊണ്ടുണ്ടായത് ആണ്.
4. സഭാ ജീവിതം കലുഷിതമായി. ഇതാണ് സ്വാതന്ത്ര്യ സമരത്തിന്റെ ബാക്കിപത്രം.

ഇനി നിലവിലിരിക്കുന്ന ഭിന്നതയ്ക്ക് പരിഹാരമുണ്ടാകുമോ. രമ്യമായ പരിഹരിക്കാൻ നടത്തിയ സകല ശ്രമങ്ങളും നിസഹരണം കൊണ്ട് പരാജയപ്പെടുത്തിയത് കാതോലിക്കോസ് വിഭാഗമാണ്. അത് സമാധാനപരമായി പരിഹരിക്കാനുള്ള സാദ്ധ്യത കുറവാണ്. നാം പ്രശ്നം പരിഹരിക്കുന്നതിന് തയ്യാറാണ്. എന്നാൽ യോജിപ്പിനുള്ള ഉപാധികൾ കാതോലിക്കോസ് കക്ഷി അംഗീകരിക്കേണ്ടിവരും. അന്ത്യോഖ്യ പാത്രിയർക്കീസു ബാവായാക്കു ഭരണ വിധേയത്വം ഭദ്രാസനങ്ങൾക്കും ഇടവകകൾക്കും സ്വാതന്ത്ര്യം സംരക്ഷിച്ചു പോകാനുള്ള സംവിധാനം ഇന്ത്യൻ ഓർത്തഡോക്സ് സഭ വ്യവസ്ഥ ചെയ്യുന്ന പക്ഷം അതിനെപ്പറ്റി ചിന്തിക്കാവുന്നതാണ്. ഈ വിശ്വാസത്തിന്റെ കാര്യമാണ്. അതിലെങ്ങനെ വെള്ളം ചേർക്കും.

# പേരിലൊരു "മഹാ" സമ്മേളനം

## മീഡിയാ സ്കാൻ സൂക്ഷ്മദൃക്

മലങ്കരസഭയിലെ മെത്രാൻകക്ഷി വിഭാഗം സർവ്വശക്തിയും സംഭരിച്ച് ഒരു സമ്മേളനം കോട്ടയത്തുകൂടി മഹാസമ്മേളനം എന്ന് അതിന് പേരിട്ട ബുദ്ധിമാന്മാരെ ആദ്യം തന്നെ അഭിനന്ദിക്കട്ടെ. മാധ്യമങ്ങൾക്ക് ആ പേരില്ലാതെ അത് റിപ്പോർട്ട് ചെയ്യുവാൻ സാധ്യമല്ലല്ലോ! പട്ടികളെ വളർത്തുന്നവർ സാധാരണ പട്ടിയെ പട്ടി എന്നുവിളിക്കാതെ പേരിട്ടുവിളിക്കും. പട്ടിക്കിടുന്ന ഒരു സാധാരണ പേരാണ് 'ടൈഗർ'! ടൈഗർ എവിടെക്കിടക്കുന്നു? വീട്ടുമുറ്റത്തു കിടന്നു മോങ്ങുന്ന സാദാ കൊടിച്ചിപട്ടി എവിടെകിടക്കുന്നു! പക്ഷേ ഈ പാവം പട്ടിയും 'ടൈഗർ' എന്നുവിളിച്ചാൽ വാലും ആട്ടി പിറകെ ഓടിക്കൂടും! കോട്ടയം സമ്മേളനവും 'മഹാസമ്മേളനം' എന്ന് നാമകരണം ചെയ്ത് അങ്ങനെ പത്രങ്ങളിലും ഫ്ളക്സുകളിലും 'മഹാസമ്മേളന'മായി ഭവിക്കുവാൻ ഈ പേരിട്ട ബുദ്ധിസാമാർത്ഥ്യത്തിന്റെ മുമ്പിൽ ഈ ലക്കം മീഡിയാസ്കാൻ സമർപ്പിക്കുന്നു.

സുപ്രീംകോടതിവിധിയുടെ മുഴുവൻ നിഗമനങ്ങളും നിലംതൊടാതെ തട്ടിതെറിപ്പിക്കുകയും സ്വയശീർഷക സഭയല്ല എന്ന തീർപ്പിനെ അവഗണിച്ച് അങ്ങനെതന്നെ പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവർ ഈ ലക്ഷ്യം പ്രഖ്യാപിച്ചിരിക്കുന്നത് വേശ്യയുടെ ചാരിത്ര പ്രസംഗത്തേക്കാൾ അസംബന്ധവും അനഭലഷണീയവും അധാർമ്മികവുമാണ്. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന പോലെ കോടതികളിലും അപ്പീലുകളിലും എല്ലാം തോറ്റതിനുശേഷം കോട്ടയമാകെ "മണ്ടിനടന്ന് കുരയ്ക്കുന്നതിനു" തുല്യമാണിത്! (കുഞ്ചൻനമ്പ്യാരോട് കടപ്പാട്). ഇതിനെതിരെ സർക്കാരിനോട് തെരുവിൽ പോരാടുന്നത് സ്വന്തം മുഖം രക്ഷിക്കാനാണെന്നതാണ് സത്യം. കഴിഞ്ഞ 13 വർഷങ്ങളായി മാറി മാറി വന്ന സർക്കാരുകളോടെല്ലാം ഇതേ സമരപോരാട്ടമായിരുന്നു. സ്വന്തം കുഞ്ഞാടായ കുഞ്ഞൂഞ്ഞ് മുഖ്യമന്ത്രി ആയപ്പോൾ അദ്ദേഹത്തെ ബഹിഷ്കരിച്ചവരാണ് ഈ വിഭാഗം. ഇവർ നടത്തുന്ന സമരവും സമരാഭാസവും അപഹാസ്യമാണെന്ന് ഇവരുടെ ഇന്റർനെറ്റ് ഫോറത്തിൽ ചില വ്യക്തികളുടെ ഒറ്റപ്പെട്ട എഴുത്തുകൾ വായിക്കുന്നവർക്ക് മനസ്സിലാക്കാം. ഇവർ സമരം ചെയ്യേണ്ടത് ഇവരോട് തന്നെയാണ്. ഇവരുടെ സ്വയം സ്വീകരിച്ചിരിക്കുന്ന അന്ധതയോടാണ്, അഹന്തയോടാണ്, അല്പത്വത്തോടാണ്. ഇവർ കണ്ണു തുറക്കാത്തതുകൊണ്ട് അന്ധതയിൽ തുടരും! സമരാഹ്വാനം തുടർന്നുകൊണ്ടേയിരിക്കും!

ബസേലിയോസ് ഗ്രൗണ്ട് എന്ന പൊട്ടക്കിണറ്റിൽ നിന്നുനോക്കിയ 'തവള' ഒന്നു പൊങ്ങി നോക്കിയപ്പോൾ മറൈൻഡ്രൈവിലെ ജനക്കൂട്ടം ഇരുപതിൽ ഒന്നായി തോന്നിയതിന്റെ കുഴപ്പം പൊട്ടക്കുളവും കായലും തിരിച്ചറിയുവാൻ കഴിയാതെ പോകുന്ന 'തവള'കളുടെ കുഴപ്പമാണ്. കോട്ടയത്തെ ജനസംഖ്യ തിരിച്ചറിയുവാൻ മനോരമയുടെ ഫോട്ടോകൾ തലയെണ്ണി കൃത്യമായി പറയുവാൻ തക്കവിധം സൂക്ഷ്മമാണ്. അതിന്റെ ഇരട്ടി പുറത്തും വഴിയിൽ തങ്ങിപ്പോയ അംശവും എന്ന അവകാശവാദങ്ങളെല്ലാം ചേർത്താലും പരമാവധി 25000-30000 വരും! ഇതിനപ്പുറമുള്ളതൊക്കെ വെറും പൊള്ളയായ അവകാശവാദം! ഇനി മറുവശം ആൾബലം നോക്കി വിശ്വാസം ന്യായീകരിച്ചാൽ മലങ്കരസഭ തന്നെ എത്രയോ ഇഷ്കമാമാണ്. ഓറിയന്റൽ സഭകളിൽ തന്നെ കാതോലിക്ക കക്ഷി എന്ന മെത്രാൻ വിഭാഗം താരതമ്യേന എത്രയോ ചെറുതാണ്. "ഞാനും പുലിയച്ചാനും കൂടി" ഇരയെ പിടിച്ചു എന്നു പറയുമ്പോലെ അർമ്മീനിയൻ സഭയുടെ ആൾബലം കണ്ടോ? എന്നു ചോദിക്കുന്ന ഔദ്ധത്യവും നാം കേൾക്കുന്നു!

രക്തം ചൊരിഞ്ഞും സ്വത്തുക്കൾ സംരക്ഷിക്കും (എന്നു വച്ചാൽ പള്ളികൾ കൈയ്യേറും എന്നു പറയുന്നവർ) മഞ്ഞനിക്കര കൈയ്യേറും എന്ന് പറയുന്നതല്ലേ തീവ്രവാദ പ്രോത്സാഹനം. കാതോലിക്കാ ബാവായും മെത്രാച്ചനും കോനാട്ടച്ചനും നേതൃത്വം നൽകി കുരിശുംതൊട്ടിയുടെ ചില്ലു പൊട്ടിച്ച് അകത്തുകയറി, ചിത്തോല വലിച്ചെറിഞ്ഞ് ആഭാസത്തരം കാണിച്ച് "പ്രാർത്ഥിച്ചു" എന്നവകാശപ്പെടുന്നതാണോ കൈയ്യേറ്റം? അതോ സ്വന്തം പള്ളികളിൽ പ്രാർത്ഥിക്കുവാനുള്ള അവകാശം സംരക്ഷിക്കുവാൻ സംഘടിക്കുന്നതാണോ? ഈ അനധികൃത കൈയ്യേറ്റക്കാരെ പ്രതിരോധിക്കുന്നത് തീവ്രവാദമാണെങ്കിൽ ക്ഷമിക്കണം ഞങ്ങൾ തീവ്രവാദികൾ തന്നെയാണ്. മെത്രാൻകക്ഷി ഭൂരിപക്ഷമുള്ള ഏതെങ്കിലും പള്ളികളിലോ സ്ഥാപനങ്ങളിലോ പാത്രിയർക്കീസ് പക്ഷക്കാർ അവകാശം ഉണ്ടായിട്ടും തള്ളിക്കയറിയിട്ടില്ല. ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായുടെ പേരിലുള്ളതും പാത്രിയർക്കീസ് പക്ഷക്കാരുടെ പണം കൊണ്ട് പണിതതുമായ മൂവാറ്റുപുഴ-മണ്ണൂത്തി അരമനകൾ പോലും കൈയ്യടക്കി വച്ചിരിക്കുന്നവരാണ് ഈ പള്ളി സംരക്ഷണവാദവുമായി വന്നിരിക്കുന്നത്! എത്ര സഹതാപകരമായ കാപട്യമാണിവിടെ? മലങ്കര സുറിയാനി സഭയുടെ ഇന്നത്തെ വളർച്ചയുടെയും നേട്ടങ്ങളുടെയും സംഘടിത ശക്തികളുടെയും അടിസ്ഥാനമായ ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായെ വ്യക്തിഹത്യ ശ്രമിക്കുവാൻ ജോർജി എന്ന ദേവലോക സഭയുടെ ഈ കൊച്ചു സെക്രട്ടറി മൈക്കിനു മുന്നിലുള്ള 'തിണ്ണമിടുക്ക്' പ്രദർശിപ്പിച്ചാൽ അതിനുള്ള മറുപടി ഒരു പഴമൊഴിയാണ്. "ചന്ദ്രനുദിക്കുമ്പോൾ .......... ശബ്ദമുണ്ടാകും" ! എന്നാണത്. ശ്രേഷ്ഠ ബാവായെ 'ദിവന്നാസിയോസ്' എന്ന് ഈ കൊച്ചുമനുഷ്യൻ ആക്ഷേപിക്കുമ്പോൾ അദ്ദേഹം വീണ്ടും വളരെ ചെറുതായി പോയിരിക്കുന്നു. ഈ സ്വാഗതപ്രസംഗം കേട്ടുകഴിഞ്ഞപ്പോൾ ഈ ഡോക്ടർ ബിരുദധാരിയുടെ മതിപ്പ് അനേക മടങ്ങ് ശുഷ്കിച്ചുപോയിരിക്കുന്നു. പ്രിയ ജോർജ്ജി സ്വയം തരംതാഴരുത്! ശ്രേഷ്ഠ ബാവായെ മെത്രാച്ചനായി അംഗീകരിക്കാമെങ്കിൽ തത്സ്ഥാനത്തും അംഗീകരിക്കാം. കണ്ണടച്ചാൽ ഇരുട്ടാകുമോ?

മലങ്കരസഭയിൽ കോടതിവിധി അനുസരിച്ച് ഐക്യവും സമാധാനവും ഉണ്ടാകണം. എന്ന് പാത്രിയർക്കീസ് ബാവാ പറഞ്ഞപ്പോൾ മൂവാറ്റുപുഴ മെത്രാന് ഇപ്പോൾ പറയാനുള്ളത് കോടതിവിധിയുടെ സാഗത്യം എല്ലാം മറന്ന് ദേവലോകത്ത് പോയി സമ്പൂർണ്ണം കീഴടങ്ങിയും കാതോലിക്കാ കക്ഷിയുടെ എല്ലാ മുടന്തൻ ന്യായവാദങ്ങളും സ്വീകരിച്ച് സ്വന്തം ലെറ്റർഹെഡും തിരുത്തി ലോഗോയും മാറ്റി സ്വയം അപഹാസ്യനായ ഈ നിസഹായനായ പിതാവ് സഹതാപം മാത്രമേ അർഹിക്കുന്നുള്ളൂ. ഇന്ന് സ്ഥായിയായ ഒരു വികാരം മാത്രമേ അദ്ദേഹത്തെ ഭരിക്കുന്നുള്ളൂ! ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായെ ആക്ഷേപിക്കുക എന്നു മാത്രം! 1934 ഭരണഘടന അംഗീകരിക്കാത്ത പള്ളികളേയും അവയുടെ തനിമയേയും സംരക്ഷിക്കുന്ന വിധികളൊന്നും ഇദ്ദേഹം കണ്ടിട്ടുപോലുമില്ല. സുപ്രീം

ശേഷം 9-ാം പേജിൽ

# കോട്ടയം സമ്മേളനം : ഒരു വിഹഗവീക്ഷണം

ഡോ. കുറിയാക്കോസ് കോറെപ്പിസ്കോപ്പാ മൂലയിൽ



## ലക്ഷ്യവും പ്രഖ്യാപനങ്ങളും

ഈ 'മഹാസമ്മേളന'ത്തിന്റെ ലക്ഷ്യം ശക്തി തെളിയിക്കലും ഗവൺമെന്റ് വിരുദ്ധ പ്രതിഷേധവും യാക്കോബായക്കാരോടുള്ള വെല്ലുവിളിയും സ്വന്തം മുഖം വെടിപ്പാക്കുവാനുള്ള പരിശ്രമവും ആയിരുന്നവെങ്കിലും പ്രഖ്യാപിച്ചിരുന്നത് സുപ്രീംകോടതി വിധി നടപ്പാക്കുക, നീതിനിഷേധം അവസാനിപ്പിക്കുക, നീതി നടപ്പാക്കുക, പള്ളികളും സ്വത്തുക്കളും സംരക്ഷിക്കുക എന്നിവയായിരുന്നു. പക്ഷേ! പ്രതിജ്ഞാവാചകങ്ങളും പ്രസംഗങ്ങളും ഈ വിഷയങ്ങളെ സംബന്ധിച്ച് പ്രതിപാദിച്ചതേയില്ല. ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായെ വ്യക്തിപരമായി ആക്ഷേപിക്കുവാനും വളരെ ഉപരിപ്ലവമായ വികാരത്തള്ളലിനും ബാലിശമായ ആക്രോശങ്ങൾക്കും ഉള്ള വേദിയായി തരംതാണ ഒരു അല്പത്വ സമ്മേളനമായി തീർന്നതിനാൽ വികാരജീവികൾക്ക് സന്തോഷം ലഭിക്കും. പ്രഖ്യാപിത ലക്ഷ്യങ്ങളിലേക്ക് നോക്കാം.

## സുപ്രീം കോടതിവിധി നടപ്പാക്കുക

ഈ നൂറ്റാണ്ടിലെ ഏറ്റവും വലിയ തമാശയാണിത്. 1995ലെ സുപ്രീംകോടതി വിധി നടപ്പാക്കുവാൻ 2008ൽ കോട്ടയം ടൗണിൽ പ്രകടനം നടത്തുക എന്നത് വെറും തറ തമാശയാണെന്ന് ഉപദേശം നൽകുവാൻ ദേവലോകത്തെ ജൂണിയർ വക്കീലിന്റെ ഗുമസ്തൻ പോലും ആവശ്യമില്ല. വക്കീലാഫീസിലെ തൂപ്പുകാരനുപോലും സാധിക്കും! കോടതിവിധി നടപ്പാക്കാൻ പ്രകടനം നടത്തിയ ഈ സംഭവം വിഡ്ഢിത്തത്തിനുള്ള ലോകസമ്മാനം നേടിത്തരും എന്നതിനു ജഡ്ജസുപോലും ആവശ്യമില്ല. 1995ലെ വിധി നടപ്പാക്കി 1934ലെ ഭരണഘടന പള്ളികളിൽ നടപ്പാക്കികിട്ടുവാനും പള്ളിപ്രവേശനം ലഭ്യമാക്കുവാനും വേണ്ടി ഈ ദേവലോകകൂട്ടം കേരളഹൈക്കോടതിയിലും പിന്നീട് സുപ്രീംകോടതിയിലും പോയതാണ്. കേരളഹൈക്കോടതിയുടെ ഡിവിഷൻബഞ്ച് 2002 ഭരണഘടന സ്വീകരിക്കുവാനുള്ള ഇടവകപള്ളികളുടെ സ്വാതന്ത്ര്യത്തെ അംഗീകരിച്ച് വിധിയും നൽകിയതാണ്. ഈ പറയുന്നതിൽ സംശയമുള്ളവർ 2003[1] KLT780 കാണുക. പിന്നീട് സുപ്രീംകോടതിയിൽ ചെന്നപ്പോൾ ഇത്തരം ആവശ്യങ്ങളുമായി പുതിയ സിവിൽകേസുകൾ ആരംഭിക്കുവാൻ നിർദ്ദേശിച്ച് അപ്പീലുകൾ തള്ളുകയായിരുന്നു. (2007 [3] KLT749 [sc]കാണുക). ഇനി സുപ്രീംകോടതിവിധി നടപ്പാക്കുക എന്നുപറഞ്ഞാൽ ഒന്നാമതായി നടപ്പാക്കേണ്ടത് അന്ത്യോഖ്യാ പാത്രിയർക്കീസിനെ മലങ്കരസഭയുടെ ആത്മീകപരമാദ്ധ്യക്ഷനായി അംഗീകരിച്ച് ആദരിക്കുകയും പാത്രിയർക്കീസ് കാതോലിക്കോസിനേക്കാൾ ആത്മീകമായി ഉപരിസ്ഥാനിയാണെന്ന് അംഗീകരിക്കുക എന്നതുമാണ്. ഇത്രയുമായാൽ സഭാപ്രശ്നങ്ങൾ തന്നെ തീരും. അടുത്തത് ഇടവക പള്ളികളെ ബാധിക്കുന്ന യാതൊരു ഉത്തരവും തരുവാൻ സാധ്യമല്ല എന്ന വ്യക്തമായ സുപ്രീംകോടതിവിധിയുടെ തർക്കമറ്റ തീർപ്പാണ്. അതിന്റെ പിന്നാലെ വരുന്നതാണ് 1934 ഭരണഘടനയുടെ സാധുത.

## നീതി നടപ്പാക്കുക

നീതി നടപ്പാക്കുക, നീതിനിഷേധം അവസാനിപ്പിക്കുക എന്നീ ആവശ്യങ്ങൾ എന്താണെന്ന് ആരും വിശദീകരിച്ചിട്ടില്ല. യാക്കോബായ സഭാംഗങ്ങൾ മാത്രമുള്ള ഇടവക പള്ളികളിൽ കയറുവാൻ അനുവദിക്കുക എന്നതോ അല്ലെങ്കിൽ പള്ളി പൂട്ടിക്കുക എന്നതോ ആയിരിക്കണം ഇവരുടെ ആവശ്യം! മാത്യൂസ് ദ്വിതീയൻ ബാവാ മണർകാട് പള്ളിയിൽ കയറുവാൻ ഒരു സാഹസം കാണിച്ചു. നോട്ടീസും അടിച്ചിറക്കി. പക്ഷേ! സർക്കാരും കോടതിയും സമൂഹവും അംഗീകരിച്ചില്ല. ഇടവകാംഗങ്ങൾ ഒറ്റക്കെട്ടായി പ്രതിരോധിച്ചു. ഇതാണ് നീതിനിഷേധത്തിന്റെ ഒരുദാഹരണം. ഇടവകാംഗങ്ങളിൽ ഒരാൾപോലും ഇല്ലെങ്കിലും പള്ളികളും സ്വത്തുക്കളും സ്വന്തമാകണം എന്നതിന് ഇവർ കൊടുക്കുന്ന ഒരു പേരാണ് 'സ്വത്വാന്വേഷണം'. പക്ഷേ! ഇത് വെറും സ്വത്തന്വേഷണവും സ്വാർത്ഥതയും ആണെന്ന് പറയില്ലെന്നു മാത്രം! ഇവർ പ്രശ്നം സൃഷ്ടിക്കുന്ന സ്ഥലങ്ങളിൽ ചിലതു നോക്കുക. കട്ടച്ചിറ പള്ളിയിൽ 120 വീട്ടുകാരിൽ ഇവരുടെ അനുയായികൾ പത്തിൽ താഴെ. കത്തിപ്പാറത്തടം എന്ന പള്ളി 1975നു ശേഷം പൗലോസ് ദ്വിതീയൻ ബാവായുടെ കീഴിൽ സ്ഥാപിച്ചതാണ്. അവിടെ കണ്ടനാടിന്റെ കിഴക്കൻ ബിഷപ്പിന്റെ കീഴടങ്ങലിനു കൂട്ടു നിന്ന 8 വീട്ടുകാരാണ് പള്ളി പൂട്ടിച്ചതും പൊളിച്ചു നിരത്തിയതും! കുണ്ടറ പള്ളിയിലെ 400ൽ പരം വീട്ടുകാരിൽ 4 പേർ ചേർന്ന് ആ പള്ളി നശിപ്പിച്ചു. ഇതുപോലെ മലങ്കര സഭയിലെ 800ൽ പരം പള്ളികൾ നശിപ്പിച്ചാൽ നീതി നടപ്പാക്കപ്പെടും എന്നാണ് ഈ വിദ്വാന്മാർ പറയാതെ പറയുന്നത്. ഇതെന്തൊരു നീതിയാണ്? ഇവിടെ പള്ളി തങ്ങളുടെ ആരാധനയ്ക്കായി പണിതവരും പണിയിച്ചവരും ഒക്കെ അനുഭവിക്കുന്ന നീതി നിഷേധമാണ് ഇവരുടെ നീതി! ഇതെന്തൊരു അധാർമ്മികതയും അടിസ്ഥാന നീതിയുടെ നിഷേധവുമാണെന്ന് തിരിച്ചറിയുവാൻ ഇവരിൽ സുബോധമുള്ളവർ ആരുമില്ലേ?

## പള്ളികളും സ്വത്തുക്കളും സംരക്ഷിക്കണം

ഈ ആവശ്യംകൊണ്ട് ഇവർ എന്താണ് ആഗ്രഹിക്കുന്നതെന്ന് വ്യക്തമാക്കുന്നില്ല. പള്ളികളിലും പള്ളികളുടെ സ്വത്തുകളിന്മേലും ഇടവക യോഗത്തിന്റെ അംഗീകാരമില്ലാതെ "കൈയ്യേറ്റം" ചെയ്യുവാനുള്ള അവകാശമാണ് ഇവർക്കു വേണ്ടത്. ഒരു പള്ളിയിൽ ഇടവക മെത്രാപ്പോലീത്ത ഉൾപ്പെടെ ഒരു ബിഷപ്പ് വരണമെങ്കിൽ ഇടവകയുടെ തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി വികാരിയുടെ ക്ഷണത്തോട് കൂടിആയിരിക്കണം എന്നാണ് സുറിയാനി സഭയുടെ പാരമ്പര്യം. എന്നാൽ ഇടവകയ്ക്ക് മൊത്തം അനഭിമതരായി പോലീസ് സംരക്ഷണത്തോടെ കടന്നുകയറി ഭരിക്കുവാനുള്ള അവകാശമാണ് ഇവർ ആവശ്യപ്പെടുന്നത്. ഇടവക സ്വത്തുക്കളിന്മേലും സുപ്രീംകോടതിയുടെ വ്യക്തമായ തീർപ്പിനു വിരുദ്ധമായും സുറിയാനി സഭയുടെ പാരമ്പര്യത്തിന് വിപരീതമായുമുള്ള ഹീന കൈയ്യേറ്റ ശ്രമത്തിനാണ് ഇവർ ഈ "സംരക്ഷണം" എന്ന പേര് നൽകിയിരിക്കുന്നത്. കോട്ടയം സമ്മേളനത്തിന്റെ ലക്ഷ്യം തന്നെ ഇപ്രകാരം അധാർമ്മികവും നീതിക്ക് നിരക്കാത്തതും കോടതി വിധിയുടെ ലംഘനവും ആണെന്നിരിക്കെ ഈ സമ്മേളനം മൊത്തത്തിൽ കുഞ്ഞാടിന്റെ വേഷം ധരിച്ച ചെന്നായുടെ കൗശല തന്ത്രങ്ങൾ മാത്രമാണ്.

## യോഗനടപടികളെക്കുറിച്ച്

സ്വാഗത പ്രസംഗകൻ ഡോ. ജോർജ്ജി തന്റെ അപക്വതയും കാര്യഗ്രഹണശേഷിയുടെയും കുറവുകളും തന്റെ പ്രസംഗ പാടവത്തിലുടെ മറച്ചുവയ്ക്കുകയും സത്യത്തെ ശബ്ദം കൊണ്ട് കീഴടക്കുകയും ചെയ്തു. സ്വാഗതക്കാരൻ സ്വാഗതമല്ലാതെ സ്വഗതമായി പറഞ്ഞത് "1995 വിധി-മളീമറ് നിരീക്ഷിച്ച യോഗം-മലങ്കര സഭയിലെ ആൾബലം 25ലക്ഷം അതിൽ 1/20 മാത്രം വിഘടിതർ-മഞ്ഞനിക്കരയിൽ കയറും പതാക പറപ്പിക്കും-പള്ളികൾ സംരക്ഷിക്കും-ഏതറ്റംവരെയും പോകും-മൂവാറ്റുപുഴ അത്തനാസ്യോസ് സമാധാന മോഡൽ ആണ്-മറൈൻഡ്രൈവിൽ 20,000 പേർ പങ്കെടുത്തു, കോട്ടയത്ത് ലക്ഷങ്ങൾ പങ്കെടുത്തു-വിഘടിതരുടെ ബാവ ബാവയല്ല ദിവന്നാസ്യോസ് ആണ് വാക്ക് പാലിക്കാത്ത ആൾ - കോതമംഗലം, ഇളനാട്, കുളനട പള്ളികൾ വിജയങ്ങളാണ് - സിരകളിലെ രക്തം ഓർത്തഡോക്സാണ് - കോട്ടയത്തിനു വന്നവർ ഏറ്റുമാനൂരും പുതുപ്പള്ളിയിലും തങ്ങിക്കിടക്കുന്നു - 25 ലക്ഷത്തിനു വിളിച്ചു കൂട്ടരുതേ!" ഇങ്ങനെ പോകുന്നു ആ ഉണ്ടയില്ലാ വെടികൾ. സുപ്രീകോടതി വിധിയെക്കുറിച്ച് മുമ്പ് സൂചിപ്പിച്ചു കഴിഞ്ഞു. ആൾബലത്തെ കുറിച്ച് ഈ ബഡായി പറയുന്നവർ അതിന്റെ അടിത്തറ എന്താണെന്ന് വ്യക്തമാക്കാറില്ല. മലങ്കര സഭയിലെ ഇരുപക്ഷവും ചേർന്നാൽ പോലും ഇത്രയും വരില്ല എന്നതാണ് സത്യം. സെൻസസ് അനുസരിച്ചുള്ള ഔദ്യോഗിക കണക്കിൽ കേരളത്തിലെ ആകെ ക്രൈസ്തവർ 60 ലക്ഷമാണ്. പകുതിയിലധികവും കത്തോലിക്കർ, സി. എസ്. ഐ. മാർത്തോമ്മക്കാർ 10 ലക്ഷമെങ്കിലും വരും. മറ്റു ക്രൈസ്തവ വിഭാഗങ്ങൾ എല്ലാം കഴിഞ്ഞാൽ യഥാർത്ഥത്തിൽ ഇരുപക്ഷവും കൂടി ഒരു 15 ലക്ഷം വരും. അതിൽ 60 ശതമാനം പാത്രിയർക്കീസ് പക്ഷത്തുളളവരാണെന്ന് 1966ൽ സഭ ഒന്നിച്ച് കൃത്യമായി നടത്തിയ സെൻസസ് രേഖയിലുണ്ട്. ആ വിധത്തിൽ ആനുപാതികമായി വർദ്ധിച്ചാൽ പോലും കാതോലിക്കാ കക്ഷിയിൽ കുറവല്ലാതെ തെല്ലും കൂടുതലില്ല. കാരണം തെക്കൻ പ്രദേശങ്ങളിൽ സഭയിൽ നിന്നുണ്ടായ കൊഴിഞ്ഞുപോകൽ ശക്തവുമാണ്. മഞ്ഞനിക്കര ദയറായും സിംഹാസനപള്ളിയും ക്നാനായ ഭദ്രാസനവും സുവിശേഷ സമാജവും എല്ലാം പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിലാണെന്ന് 80ലും 90ലും 1995ലും കോടതികൾ അരക്കിട്ട് ഉറപ്പിച്ച് ആവർത്തിച്ച് പ്രഖ്യാപിച്ചിട്ടും "ഈ വിധികൾ" നടപ്പാക്കാൻ ചെറുവിരൽ പോലും അനക്കാത്തവരാണ് കോടതിവിധി നടപ്പാക്കാൻ വിലപിക്കുന്നത്! മുമ്പു പറഞ്ഞതുപോലെ കോടതിവിധി നടപ്പാക്കുന്നതിന്റെ ഒരു പ്രധാന ഘടകമാണിത്. അതിനെതിരെ നീങ്ങുന്നവർ കോടതിവിധി ലംഘിക്കുന്നവരാണെന്ന സത്യം വളരെ സ്പഷ്ടമാണ്. മൂവാറ്റുപുഴ അത്തനാസിയോസ് മെത്രാച്ചന്റെ സമാധാനാഭിവാഞ്ജ ഇദ്ദേഹം വാഴ്ത്തുന്നുണ്ട്. മൂവാറ്റുപുഴ മോഡലിന്റെ "കീഴടങ്ങൽ" മോഡൽ മനസ്സിലാക്കേണ്ടവർ അദ്ദേഹത്തിന്റെ കോട്ടയം പ്രസംഗവും 1995 വിധിക്കുശേഷവും മുമ്പും എഴുതിയ ലേഖനങ്ങളും താരതമ്യം ചെയ്തു വായിച്ചാൽ മതിയാകും. തീവ്രവാദവും കൈയ്യേറ്റവും പ്രോത്സാഹിപ്പിക്കുന്നത് ആരെണെന്ന് മനസ്സിലാക്കുവാനും ഈ സമ്മേളനം ഉപകരിക്കും. കോതമംഗലം, ഇളനാട്, കുളനട പള്ളികളിലേക്ക് കടന്നു വിശദാംശങ്ങൾ പറയാതെ ഒരു കാര്യം പറയട്ടെ, കോടതിവിധികൾ ഉണ്ടായാൽ അവ നടപ്പാകുന്ന ഒരു രാജ്യത്താണ് നാം ജീവിക്കുന്നത്. നിങ്ങൾ പറയുന്ന വിധം ഇവിടെ വിധി നടപ്പായി എങ്കിൽ പിന്നെ എന്തിനീ സമരം? എന്തിനീ വൃഥാ വാദമുഖങ്ങൾ? ആ പള്ളികളിലെ കേസുകൾ എല്ലാം അപ്പീലുകൾക്ക് വിധേയമാണെന്ന് കൂടി വായനക്കാർ അറിഞ്ഞിരിക്കണം. ഇടവകക്കാരെ ഏതെങ്കിലും വിധത്തിൽ പുറത്താക്കുന്നതാണോ നീതി എന്നും പാത്രിയർക്കീസാണ് ആത്മീകാധ്യക്ഷൻ എന്നു വിശ്വസിക്കുന്ന ജനസമൂഹത്തെ, അല്ല , കാതോലിക്കോസാണെന്ന് പറഞ്ഞ് അടിച്ചേല്പിക്കുന്നതാണോ നീതി?

## ദിദിമോസ് ബാവാ

ദിദിമോസ് ബാവായുടെ എഴുതി തയ്യാറാക്കിയ പ്രസംഗം ആരംഭിക്കുന്നത് "ഇത്രയും വലിയ ജനക്കൂട്ടത്തെ കണ്ടിട്ടില്ല" എന്ന ആമുഖത്തോടെയാണ്. ആൾബലം പ്രഖ്യാപിക്കുവാൻ എഴുതി തയ്യാറാക്കിയിരുന്നു എന്നതുതന്നെ യോഗലക്ഷ്യം വിളിച്ചറിയിക്കുന്നു. കോട്ടയം പട്ടണത്തിലെ ഒരു കിലോമീറ്ററിൽ താഴെയുള്ള ദൂരത്തിൽ 4 വരിയായി നടത്തിയ ഒരു പ്രകടനവും യാതൊരു തിക്കും തിരക്കുമില്ലാതെ പട്ടണത്തെ മാതൃകാപരമായി 'അടുക്കുംചിട്ടയിലും' 'ക്രമീകരിച്ചതുമായ' ഈ 'മഹായോഗ'ത്തെക്കുറിച്ച് പ്രസംഗം തയ്യാറാക്കിയവർ നേരത്തെതന്നെ പ്രഖ്യാപിച്ചിരുന്നു. "ലക്ഷം ലക്ഷം" എന്നു വിളിച്ചുപറയുവാൻ
'ചില' മാധ്യമക്കാരെയും ശട്ടം കെട്ടിയിരുന്നു. ബാവായുടെ പ്രസംഗവും ചിട്ടയായി എഴുതിയത് ഏതായാലും ഭംഗിയായി! അതെന്തുതന്നെയായാലും ദിദിമോസ് ബാവായുടെ പ്രസംഗത്തിലെ രണ്ട് ആശയങ്ങൾ സുപ്രീംകോടതി വിധിയുടെ നഗ്നമായ ലംഘനമാണ്. "കാതോലിക്കേറ്റിനു മുകളിൽ ദൈവംതമ്പുരാൻ മാത്രമേയുള്ളൂ! മറ്റൊരു സ്ഥാനിയുടെ കീഴിലുള്ളത് കാതോലിക്കേറ്റല്ല". കോടതിവിധി നടപ്പാക്കാൻ എന്ന് പറഞ്ഞ് വിളിച്ചു ചേർത്ത ഈ യോഗത്തിലെ ഏറ്റം സുപ്രധാന പ്രഖ്യാപനം കോടതിവിധിയുടെ അടിസ്ഥാന ആശയത്തിനു കടകവിരുദ്ധമാണ്! ".....but all the same he (Patriarch) remains the supreme head of the syrian church of which Malankara church is a division. He is spiritually superior to the Catholicose..."പാത്രിയർക്കീസ് ബാവായുടെ ഭരണാധികാരങ്ങൾ സൂക്ഷ്മമായി ചുരുങ്ങിയിരിക്കാമെയങ്കിലും അദ്ദേഹം സഭയുടെ പരമാദ്ധ്യക്ഷനാണ്, കാതോലിക്കയുടെ ഉപരിസ്ഥാനിയുമാണ്. സുറിയാനി സഭയിൽ കാതോലിക്കേറ്റ് സ്ഥാപിതമായ കാലം മുതൽ ഈ സ്ഥാനം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ വിധേയത്വത്തിലായിരുന്നു. (നെസ്തോറിയ കാതോലിക്കോസ് പേർഷ്യയിൽ സ്വതന്ത്രനുമായിരുന്നു. ) മുടക്കപ്പെട്ട അന്ത്യോഖ്യാ പാത്രിയർക്കീസ് തനിയെ മലങ്കരയിൽ വന്ന് സ്ഥാപിച്ചതായി അവകാശപ്പെടുന്ന സ്ഥാപനം നെസ്തോറിയം ആകാൻ വഴിയില്ലല്ലോ! ആ സ്ഥാപനം കാനോനികമായിരുന്നാൽ പോലും സുറിയാനി സഭയിലെ കാതോലിക്കോസ്/ മഫ്രിയാനാ മാത്രമാണ്. സഭാ പാരമ്പര്യത്തിനും എല്ലാ കോടതി വിധികൾക്കും വിരുദ്ധമായ ഈ പ്രസ്താവന തികച്ചും സത്യസന്ധതയോടുള്ള വെല്ലുവിളിയാണ്. തിഗ്രീസിലെ മഫ്രിയാനേറ്റ് മലങ്കരയിലേക്ക് മാറ്റി സ്ഥാപിക്കുന്നുഎന്ന് അബ്ദുൾ മ്ശിഹാ തന്നെ കല്പനയിൽ പറയുമ്പോൾ - ആ കല്പനയാണ് മലങ്കര കാതോലിക്കേറ്റിന്റെ അടിസ്ഥാനശില എന്നു വാദിക്കുമ്പോൾ - മറിച്ച് മറ്റൊന്നാകുവാനും വഴിയില്ലല്ലോ! ദേവലോക ചരിത്രകാരന്മാർ കോടതിവിധിയും ചരിത്രനീതിയും പരിശോധിച്ചുവേണം പ്രസംഗങ്ങൾ എഴുതി കൊടുക്കുവാൻ എന്നു മാത്രം അഭ്യർത്ഥിക്കുന്നു.

## കണ്ടനാടിന്റെ കിഴക്കുള്ള മോർ അത്തനാസ്യോസ്

മലങ്കര യാക്കോബായ സഭയേയും അതിന്റെ പ്രാദേശിക അദ്ധ്യക്ഷനേയും പുലഭ്യം പറയുവാൻ നിയുക്തനായിരുന്നത് കിഴക്കൻ കണ്ടനാടിന്റെ മോർ അത്തനാസ്യോസ് ആയിരുന്നു. പ്രസംഗം ആകെ കേട്ടുകഴിഞ്ഞപ്പോൾ ബുദ്ധിമാനായിരുന്ന ഈ മെത്രാച്ചന്റെ തിരിച്ചറിവും ധിഷണാശക്തിയും എവിടെപ്പോയി എന്ന് മാത്രമാണെന്റെ സംശയം! പൈതൃകത്തേയും ആത്മീക പിതൃത്വത്തേയും സമൂലം ചോദ്യം ചെയ്യുന്ന ഈ പുത്തൻ ചങ്ങാത്തത്തിൽ എല്ലാ പാകതയും നഷ്ടപ്പെട്ട ഇദ്ദേഹം പ്രസംഗത്തിൽ മുഴനീളം ആശയത്തേക്കാൾ ആവേശത്തിനു മുൻതൂക്കം നൽകിയതായി കാണപ്പെട്ടു. ശ്രദ്ധേയമായ പരാമർശങ്ങൾ ഇവയാണ്. 1995 മുതൽ കോടതിവിധി ലംഘിക്കുന്ന ഒരു സമൂഹമുണ്ടിവിടെ- 1934 ഭരണഘടന അംഗീകരിക്കുന്നവരും അതിനെ അംഗീകരിക്കാത്ത ഒരു സൊസൈറ്റിയുമാണിവിടെ-സർക്കാരും പൊതുസമൂഹവും അത് മനസ്സിലാക്കുന്നില്ല. ഇതെല്ലാം നിയമവിരുദ്ധമാണെന്ന് മനസ്സിലാക്കണം - ഇവർ കോടതി വിധി അനുസരിക്കുന്നില്ല - നേതൃത്വത്തിനു നിരോധനമുണ്ട് - അക്രമിസംഘമാണിത് - തൃക്കുന്നത്ത് സെമിനാരി മലങ്കര സഭയുടേതാണെന്ന് കോടതി വിധിയുണ്ട് - നടുറോഡിൽ വെട്ടിക്കൊല്ലുന്നു - ചെയ്തവരാരാണെന്ന് എല്ലാവർക്കും അറിയാം - സഭയെന്ന പേരിന് അർഹതയില്ല- സൊസൈറ്റി എന്ന പേരിനും അർഹതയില്ല-പക്ഷേ സർക്കാരുകൾ സംരക്ഷിക്കുന്നു- മാറി മാറി വരുന്നവരെല്ലാം അതുതന്നെ ചെയ്യുന്നു- കത്തിപ്പാറത്തടം പള്ളി പൊളിച്ചു കളഞ്ഞു - പിറവത്ത് സമാധാനപൂർവ്വം പ്രതിഷേധിച്ചപ്പോൾ പോലീസ് തല്ലി-

കാബിനറ്റിന്റെ പകുതി ജൂബിലി ആഘോഷത്തിനു പോയി- റൗഡികളെ സഭാ ശുശ്രൂഷയ്ക്ക് നിയോഗിക്കുന്നു - പ്രതിപക്ഷ നേതാവ് പുതുപ്പള്ളിക്കാരന്റെ സ്വഭാവം കാണിക്കണം - ശ്രേഷ്ഠ ബാവായെപ്പോലെ ഒരു ആത്മീയനേതാവില്ലെന്ന് പറഞ്ഞു - ഇതൊരു ഗതികേടാണ് - സഭയുടെ സ്വത്ത് പങ്കിടാനുള്ളതല്ല- ഒന്നാക്കണം - ഈ സഭ ഒന്നാണ്. ഈ വിധമൊക്കെയാണ് ഈ പെരിയാമ്പറ മെത്രാച്ചന്റെ രോഷത്തോടുകൂടിയുള്ള പെരുമ്പറഘോഷം. കോടതിവിധി ലംഘനത്തെക്കുറിച്ച് ഈ ലേഖനത്തിന്റെ ആരംഭത്തിൽ പറയുന്നുണ്ട്. പോരാത്തവർക്ക് 1995 നുശേഷം ഇദ്ദേഹം എഴുതിയ ഒരു ലഘു കൃതി കൂടി വായിക്കാം. 'ജനാധിപത്യവത്ക്കരണത്തിലൂടെ അനുരഞ്ജനം' എന്നാണ് എന്നു തോന്നുന്നു അന്നൊക്കെ കോടതിവിധിയുടെ എല്ലാ വശങ്ങളും ഇദ്ദേഹത്തിന് ഓർമ്മയുണ്ടായിരുന്നു. ഇപ്പോൾ ഇദ്ദേഹത്തിനു 1934 ഭരണഘടന എന്നു മാത്രമേ അറിയാവൂ! കോടതിവിധി അനുസരിക്കുന്നില്ല, നിരോധനമുണ്ട് എന്നൊക്കെ പറഞ്ഞിട്ട് അദ്ദേഹം ഒരു കാര്യം കൂടി പറഞ്ഞു സത്യസന്ധത കാണിച്ചു. ഈ വിധികൾക്കൊക്കെ അപ്പീലും ഉണ്ട് എന്നും പറഞ്ഞു. ഏതെങ്കിലും കോടതിവിധി നടപ്പാക്കാവുന്ന വിധം കൈവശമുണ്ടായിരുന്നെങ്കിൽ ഇവരാരെങ്കിലും പ്രസംഗവും ഭീഷണിയുമായി കോട്ടയം പട്ടണത്തിലൂടെ നടക്കുമായിരുന്നില്ല എന്നത് ഏവർക്കും അറിവുള്ള കാര്യമാണ്. വിധിയുള്ളത് നടപ്പാക്കുക വിധിയില്ലാത്തത് ഉണ്ടെന്ന് ഭാവിച്ച് നടപ്പാക്കിത്തരണം എന്ന് ആക്രോശിച്ചുകൊണ്ടിരിക്കും എന്ന പാഠമാണ് മൂവാറ്റുപുഴ നിന്നും ദേവലോകത്തേക്കു ഓടാൻ തുടങ്ങിയതിനുശേഷം ആദ്യം പഠിച്ചത്. മലങ്കര യാക്കോബായ സഭയ്ക്ക് സഭ എന്ന പേരിനർഹതയില്ലെന്ന് പറഞ്ഞപ്പോൾ അദ്ദേഹം ആ സഭയിൽ പട്ടമേറ്റതും സഭയുടെ ഭരണം നിർവ്വഹിച്ചതും ഒക്കെ സഭയില്ലാത്തിടത്തായിരുന്നല്ലോ. അദ്ദേഹത്തിന്റെ വന്ദ്യനായ പിതാവും സഹോദരനുമൊക്കെ വൈദീകനായിരുന്നത് സഭയിലല്ലായിരുന്നെങ്കിൽ ഇദ്ദേഹത്തിന്റെ ഈ സ്ഥാനവും മുടിയും താടിയും ധാടിയുമൊക്കെ എവിടെ നിന്ന് കിട്ടിയെന്ന് ചിന്തിക്കണം. 1995ലെ വിധിക്ക് ശേഷമാണ് ഈ സഭ സഭയല്ലാതായതെങ്കിൽ 1995ലെ കേസു തോറ്റാൽ എന്തുചെയ്യും എന്ന വിചാരത്താലാണ് മെത്രാൻ ഭാരം ഈ സഭയിൽ ഏറ്റതെന്ന് പറയണം? കോടതിവിധി വന്നശേഷം അനുരഞ്ജന സമിതിയംഗമായി നടന്നപ്പോൾ ഇത് സഭയായിരുന്നോ? പൗലോസ് ദ്വിതീയൻ ബാവായുടെ പിൻഗാമിയായി സ്വത്തും അരമനയും കൈവശമാക്കിയത് 1995ലെ വിധിക്കുശേഷം വേർപിരിഞ്ഞുനിന്ന സഭയിലെ അംഗമായിട്ടായിരുന്നില്ലേ? 2002ലെ സൊസൈറ്റിയിലൂടെ സഭയല്ലാതായി എന്നാണെങ്കിൽ അത് വളരെ വിചിത്രമാണ്. കണ്ടനാട്ടെ അച്ചൻമാർക്ക് ഒരു സൊസൈറ്റി ഉണ്ടെന്നാണ് എന്റെ അറിവ്. അതുണ്ടായതുകൊണ്ട് അവർ അച്ചന്മാരല്ലാതെയായോ? അവിടെയും പല രജിസ്റ്റേഡ് പ്രസ്ഥാനങ്ങളുണ്ട്. അവയൊക്കെ സഭയല്ലാതെയായോ? 'കുലംകുത്തി'കളെ ഒഴിവാക്കാനും അവരുടെ കാലുമാറ്റത്തിലൂടെ സ്ഥാപനങ്ങൾ നഷ്ടപ്പെടാതിരിക്കാനും സുരക്ഷിതമാക്കുന്നത് അനിഷ്ടമാകുന്നത് ഞങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. യാക്കോബായ സഭ സുസംഘടിതമാകുന്നതും സമൂഹത്തിൽ അംഗീകാരം നേടുന്നതിനേയും ആക്ഷേപിക്കുന്നതും തകിടം മറിക്കുവാൻ ശ്രമിക്കുന്നതും സ്വാഭാവികമാണ്. അങ്ങേക്ക് ഇപ്പോൾ ലഭിച്ചിരിക്കുന്ന ഈ വ്യവസായ - വാണിജ്യ- ധനകാര്യ കൂട്ടുകെട്ടിനെ ഒരു സഭയാക്കി രൂപപ്പെടുത്തുവാൻ അങ്ങേക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. മന്ത്രിമാർ എറണാകുളത്ത് വന്നത് ഇദ്ദേഹത്തിനൊട്ടും സഹിക്കുന്നില്ല. അദ്ദേഹം സ്വഭാവികമായിത്തനെ ഒരു ഇടതുപക്ഷ ചായ്‌വുകാരനാണ്. എന്നിട്ട് പാത്രിയർക്കീസ് ബാവായും ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായും വന്നിടത്ത് ഈ മന്ത്രിമാരും സാമൂഹികനേതാക്കളും വന്നതാണ് ഇദ്ദേഹത്തിനു സഹിക്കാത്തത്! ഇപ്പോഴെങ്കിലും അദ്ദേഹത്തിനും കൂട്ടുകാർക്കും മനസ്സിലായി കാണും കേരളം യാക്കോബായ സഭയെ സഭയായിത്തനെ കാണുന്നുണ്ട് എന്ന് ! സൊസൈറ്റി എന്നും വിഘടിതർ എന്നും ആക്ഷേപിക്കുമ്പോൾ സമൂഹം ഈ സഭയെ സഭയായിത്തന്നെ അംഗീകരിച്ച് ആദരിക്കുന്നു എന്ന തിരിച്ചറിവുണ്ടാകാൻ വിനയവും യാഥാർത്ഥ്യ ബോധവും ഉണ്ടാകണം. ഉമ്മൻചാണ്ടിയോടുള്ള രോഷപ്രകടനം ഏതായാലും ശോഭിച്ചില്ല. യോഗത്തിൽ ആരവം മുഴക്കാൻ നിയോഗിച്ചിരുന്നവർ പോലും ഉമ്മൻ ചാണ്ടിയെ ആക്ഷേപിച്ചതിനെ അംഗീകരിച്ചില്ല. ഉമ്മൻ ചാണ്ടിക്ക് മണ്ഡലവും രാഷ്ട്രിയവും കഴിഞ്ഞേ കക്ഷിക്കാരനാകുവാൻ കഴിയൂ. അദ്ദേഹത്തെ വെറും കുഞ്ഞുഞ്ഞായി കാണരുത്. അദ്ദേഹത്തെ പ്രസംഗത്തിലൂടെ ഭീഷണിപ്പെടുത്തുന്നത് പിണറായി ഭാഷയിൽ പറഞ്ഞാൽ വെടിക്കെട്ടുകാരന്റെ നായെ ഉടുക്കു കൊട്ടി പേടിപ്പിക്കുന്നതിനു തുല്ല്യമാണ്. ഇരുപക്ഷത്തേയും മുൻവിധിയില്ലാതെ കാണുന്ന പക്വതയുള്ള രാഷ്ട്രിയക്കാരനാണദ്ദേഹം. സമൂഹത്തിന്റ പ്രതിധ്വനിയാണ് അദ്ദേഹം ശ്രേഷ്ഠ തോമസ് പ്രഥമൻ ബാവായെക്കുറിച്ച് പറഞ്ഞത്. ഇതുപോലൊരു ആത്മീയ നേതാവ് വേറയില്ല, എന്നദ്ദേഹം പറഞ്ഞത് സമൂഹത്തെ തിരിച്ചറിയുന്ന ഒരു വ്യക്തിയുടെ സാക്ഷ്യമാണ്. കക്ഷിവൈരാഗ്യവും വ്യക്തി വൈരാഗ്യവും നിറഞ്ഞുനിൽക്കുന്ന മെത്രാൻ കക്ഷിയുടെ പ്രതിനിധിയായിട്ടല്ല, അദ്ദേഹം അതു പറഞ്ഞത്. തരിച്ചറിവിന്റെ വകതിരിവ് അദ്ദേഹത്തിനുണ്ട്! എനിക്ക് ഈ അഭി. പിതാവിനോടും പറയുവാനുള്ളത് അങ്ങയുടെ വാക്കുകൾ തന്നെയാണ്. മന്ത്രിസഭയല്ല മാറേണ്ടത്, മനോഭാവമാണ് മാറേണ്ടത്! (പക്ഷേ! മാറും എന്ന് എനിക്ക് പ്രതീക്ഷ അശേഷവുമില്ല)

## പുതിയൊരു കൂനൻ കുരിശ്

1653 ജനുവരി 23-ാം തിയതി മട്ടാഞ്ചേരിയിലൊരു കുരിശിൻ ആലത്തുകെട്ടി അതിൽ പിടിച്ച് മലങ്കര സുറിയാനിക്കാർ ഒരു സത്യപ്രതിജ്ഞ ചെയ്തു. പാത്രിയർക്കിസിനെ അറുകൊല ചെയ്ത പറുങ്കികളോടു ചേരില്ലെന്നും ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കല്പന അനുസരിച്ച് തോമസ് അർക്കദിയാക്കോനെ സഭാതലവനായി അംഗീകരിച്ച് മുന്നോട്ട് പോകും എന്നും ആയിരുന്നു അവിടെ പ്രതിജ്ഞ ചെയ്തത്. ഇവിടെ അഭിനവ കൂനൻ കുരിശുകാർ പറയുന്നത് വിദേശാധിപത്യത്തിനെതിരായിട്ടാണ് അന്ന് പ്രത്ജ്ഞ ചെയ്തതെന്ന്. വിദേശ പോർട്ടുഗീസ് പൗരോഹിത്യ നേതൃത്വത്തിനെതിരെ എന്നത് മൊത്തം വിദേശാധിപത്യത്തിനെതിരെ എന്നാക്കി. ഈ വാദത്തിന്റെ പൊള്ളത്തരം എന്തിനായിരുന്നു. ഈ നീക്കം എന്നും അനന്തരനടപടി എന്തായിരുന്നു എന്നും നോക്കിയാൽ മതിയാകും. അഹത്തുള്ള പാത്രിയർക്കീസിനെ അപായപ്പെടുത്തിയതിലെ രോഷം പ്രതിജ്ഞയായി വന്നു. അത് വിദേശിയാണെങ്കിലും തങ്ങളുടെ പിതാവിനെ കൊലപ്പെടുത്തിയതിനെതിരെയായിരുന്നു.തുടർന്ന് ഇഗ്നാത്തിയോസ് പാത്രിയർക്കിസിന്റെ കല്പന പ്രകാരം തുടരുവാനും തിരുമാനിച്ചു. 1665 ൽ വന്ന മോർ ഗ്രീഗോറിയോസിന്റെ നേതൃത്വത്തിൽ തുടരുകയും ചെയ്തു. ഇവിടെയാണ് വിദേശ വിരോധവും ദേശീയതയൊന്നുമല്ല വിശ്വാസ ഐക്യമാണ് പരമോന്നതസ്വീകാര്യതയെന്നു തെളിയിച്ചു. ഇവിടെ പറയുന്നത് ദേശീയതയുടെ കാപട്യമുഖമാണ്. ഇവിടെ കൂനൻ കുരിശിന്റെ ആവർത്തനമല്ല, സത്യത്തിന്റെ പ്രതീകമായ കുരിശിന്റെ കൂനലാണ് നടക്കുന്നത്. ഇവർ കുരിശിൽ കെട്ടിയ കയർ കഴുത്തിൽകെട്ടി അറബിക്കടലിൽ ചാടുന്നതിനു തുല്യമാണിത്.

## കോനാട്ടച്ചന്റെ രോഷ പ്രകടനങ്ങൾ

കോനാട്ട് ജോൺസ് അച്ചൻ രാഷ്ട്രീയ നേതാക്കന്മാരോടുള്ള രോഷ പ്രകടനത്തിന് ശേഷം നിർഭാഗ്യവശാൽ തിരിഞ്ഞത് സുറിയാനി പൈതൃകത്തിനു നേരേയാണ്. അന്ത്യോഖ്യ ബന്ധം നിലനിർത്തുന്നവർ അടിമത്തവാദികളാണ് എന്നായിരുന്നു അദ്ദേഹത്തിന്റെ പിതാമഹാന്മാരുൾപ്പെടുന്നവരെക്കുറിച്ചുള്ള അദ്ദേഹത്തിന്റ വിലയിരുത്തൽ. അടിമത്തവാദികൾക്ക് മനസ്സിലാകുവാൻ അറിവും പഠിപ്പും ഇല്ലാ എന്നുമാണ് അദ്ദേഹത്തിന്റെ ചിന്ത. മുൻ വിധി നിറഞ്ഞ പണ്ഡിതനെക്കുറിച്ച് മനസ്സിലാക്കുവാൻ ഞാൻ അറിവില്ലാത്തവനാണെന്നു പറയുമോ എന്ന് എനിക്കറിഞ്ഞുകൂടാ. ഈ അറിവും പഠിപ്പും ഉള്ള കോനാട്ടച്ചൻ സുറിയാനി സഭയെക്കുറിച്ചു പറയുന്നതെന്താണെന്നു കേൾക്കുക.സുറിയാനി സഭയ്ക്കു സ്വന്തമായ യാതൊരു പൈതൃകവുമില്ല- ഇന്നു കാണുന്നതെല്ലാം ഗ്രീക്കു പാരമ്പര്യമാണ്- ബസേലിയോസ് എന്ന പിതാവിനു സുറിയാനി ഭാഷ തന്നെ അറിയില്ല. സുറിയാനി ബൈബിൾ കേവലം വിവർത്തനമാണ്- യാക്കോബിന്റെ തക്സാ ഗ്രീക്കാണ്. സുറിയാനി സഭ അടി മുടി ഗ്രീക്കു പാരമ്പര്യമാണ്. അതുകൊണ്ട് സുറിയാനിക്കാർ ഗ്രീക്കു പാത്രിയർക്കീസിനു കീഴ്പ്പെടണം. അച്ചന്റെ കുപ്പായം ആംഗ്ലിക്കനാണ്, തൊപ്പി ഗ്രീക്കാണ്. മൂന്നിന്മേൽ അന്ത്യോഖ്യായിലില്ല. മലയാളത്തിലെ ആരാധനകൾ കോപ്പിയും പകർപ്പുമല്ല. പല പാരമ്പര്യങ്ങളുടെ സംയുക്തതയാണ്-ദീർഘ ശുശ്രൂഷകളാണ് സഭാ പാരമ്പര്യം- ചുരുക്കംവേണ്ട- സുറിയാനി പൈതൃകത്തിന്റ മഹത്വം തള്ളിപ്പറയുന്ന ഈ ആധുനിക പണ്ഡിതൻ സ്വന്തം പൈതൃകത്തെയാണ് തള്ളിപ്പറയുന്നത്. ഇങ്ങനെയൊരു അറിവും പഠിപ്പും ആർക്കും ഉണ്ടാകരുതേ എന്നാണ് പ്രാർത്ഥന. ഇവരുടെ വിശ്വാസം എന്താണെന്ന് ചോദിച്ചാൽ അഞ്ചാം തുബ്ദേനിലെ പിതാക്കന്മാരുടെ വിശ്വാസം ആണെന്നു പറയും. അവർ ആരാണെന്നു ചോദിച്ചാൽ ശ്ലൈഹികവും കുറ്റമില്ലാത്തതുമായ വിശ്വാസം ഭരമേല്പ്പിച്ചു തന്നവരാണെന്നു പറയും. അവരുടെ പെരുനാളുകൾ നടത്തും ആരാധന ക്രമങ്ങളെല്ലാം അന്ത്യോഖ്യൻ സുറിയാനി സഭയുടെ കാർബൺ കോപ്പിയാണ്. പ്രാർത്ഥനകൾ പോലും മധ്യപൗരസ്ത്യ പശ്ചാത്തലങ്ങളിൽ എഴുതപ്പെട്ടവയിൽ നിന്നും വള്ളിപുള്ളി മാറ്റമില്ല. വൈദിക വേഷ വിധാനങ്ങൾ എല്ലാം സുറിയാനി സഭയുടെതാണ്! സംഗീതം സുറിയാനി എക്കാറാ ക്രമം. സഭാ കലണ്ടർ അന്ത്യോഖ്യൻ സുറിയാനി സഭയുടേത്. പെരുന്നാളുകൾ, നൊമ്പുകൾ എല്ലാം അതേപടി തുടരുന്നു. എന്നിട്ടും പറയുന്നു എല്ലാം സമ്മിശ്രമാണെന്ന്. സുറിയാനിക്കാരന്റെ സഭാ വേഷമായ കമ്മീസ് ഉപേക്ഷിച്ച് കാസക് ഇട്ടിട്ടു പറയുന്നു, വേഷം ആംഗ്ലിക്കനാണെന്ന്! പക്ഷേ! പട്ടം ഏൽക്കണമെങ്കിൽ ഇപ്പോഴും കാസക് പോരാ കമ്മീസും കറുത്ത കുപ്പായവും വേണം! ഇനി എന്റെ ചോദ്യം ഈ വേഷങ്ങളും ആരാധനകളും എല്ലാം പല പാരമ്പര്യങ്ങളുടെ സങ്കലനമാണെങ്കിൽ എന്തുകൊണ്ട് അർമ്മീനിയാക്കാരുടെ വേഷവും തൊപ്പിയുമില്ല? എത്യോപ്യാക്കാരുടെ ദീർഘ കാനോനുകൾ ബൈബിളിലില്ല? കോപ്റ്റിക്കുകാരുടെ നോമ്പു ക്രമങ്ങളില്ല? അവരെ ആരെയും വി. കുർബ്ബാനയിൽ ഓർക്കുന്നില്ല. അവരുടെ കുർബ്ബാന തക്സാകൾകൂടി ഉപയോഗിക്കുന്നില്ല. സുറിയാനി ഭാഷയോടു വൈരാഗ്യം വർദ്ധിച്ചിട്ട് കർത്താവ് സംസാരിച്ച ഭാഷ തന്നെ ഗ്രീക്കു ഭാഷയായിരുന്നു എന്നു പറയുമോ? ഗ്രീക്കു ബൈബിളും കർത്തവുപയോഗിച്ച അരമ്യപദങ്ങൾ ചേർത്തിരിക്കുന്നത് എന്തിനാണ്? കർത്താവും ശിഷ്യന്മാരും സംസാരിച്ച ഭാഷയോടുള്ള ബന്ധത്തിന്റെ കൃത്യതയിൽ സുറിയാനി ബൈബിളിനു മഹത്വമുള്ളതു കൊണ്ടല്ലേ രണ്ടാം നൂറ്റാണ്ടിൽ തന്നെ സുറിയാനി ബൈബിൾ രൂപപ്പെട്ടത്? സുറിയാനി പിതാക്കന്മാരുടെ വൈജ്ഞാനിക ദാഹം കൊണ്ടല്ലേ ഗ്രീക്കു പിതാക്കന്മാരുടെ കൃതികൾ എല്ലാം സുറിയാനി ഭാഷയിലേക്ക് മൊഴിമാറ്റപ്പെട്ടത്. ഇപ്പോഴത്തെ അന്ത്യോഖ്യൻ വിരോധം വർദ്ധിപ്പിച്ച് സുറിയാനി പൈതൃകം നഷ്ടപ്പെടുത്തി സ്വയം നശിക്കരുതെന്നു മാത്രമാണ് അറിവും പഠിപ്പും ഇല്ലാത്ത എന്റെ അപേക്ഷ. യാക്കോബിന്റെ തക്സാ ഇന്ന് ഉപയോഗിക്കുന്ന ഗ്രീക്കു സഭകളെക്കൂടി പണ്ഡിതനായ കോനാട്ടച്ചൻ ചൂണ്ടിക്കാണിച്ചു തരും എന്നു വിശ്വസിക്കുന്നു. മഹത്തായ ഈ പൈതൃക പാരമ്പര്യമല്ലാതെ സുറിയാനി സഭയുടെ ശ്രേഷ്ഠതയ്ക്കു നിദാനമായി മറ്റൊന്നില്ല. ഇത് അറിവും പഠിപ്പും കുറഞ്ഞവരാരും പറഞ്ഞതല്ല, പണ്ഡിതനായ കോനാട്ടച്ചന്റെയും ഗുരുവായിരുന്ന പൗലോസ് മോർ ഗ്രീഗോറിയോസ് എഴുതിയിട്ടുള്ളതാണ്. സുറിയാനി പൈതൃകത്തിനു പ്രാധാന്യമില്ലെങ്കിൽ കോനാട്ടു കുടുംബത്തിനു തന്നെ സഭയിൽ പ്രസക്തിയില്ല എന്നതും മറന്നുപോകരുത്. ജനത്തെ ഇളക്കാൻ ആവേശം കൊള്ളാം, പക്ഷേ ആവേശം അപക്വതയാകരുതെന്നു മാത്രം!

ഇനി ശുശ്രൂഷാ ദൈർഘ്യത്തെക്കുറിച്ചൊരു വാക്ക്: ദീർഘമായ ശുശ്രൂഷകളാണ് കേമം എന്നു വരുമ്പോൾ വുശുദ്ധ കുർബാന ക്രമത്തിലെ ക്സൊസ്ത്തോസ് തുടങ്ങിയ ക്രമങ്ങൾ അപ്രധാനങ്ങളാകുമോ? യാക്കോബിന്റെ ക്രമത്തേക്കാൾ ദൈർഘ്യമേറിയ ക്രമങ്ങളുണ്ട്, അവയാകുമോ യാക്കോബിന്റെതിനെക്കാൾ വൈശിഷ്ട്യമേറിയത്? ദൈർഘ്യവും ഹ്രസ്വതയുമല്ല കൂദാശകളെ ഫലവത്താക്കുന്നത്. അർപ്പണത്തിന്റെ സാധുതയും വിശ്വാസവും ആണെന്നു മനസ്സിലാക്കുവാൻ അറിവും പഠിപ്പും അധികം വേണമെന്നില്ല, സാമന്യ ജ്ഞാനം മതിയാകും! പ. പാത്രിയർക്കീസ് ബാവാ വന്നപ്പോഴത്തെ പള്ളികൂദാശകളാണെങ്കിൽ കൂദാശാക്രമങ്ങൾ മെത്രാന്മാർ പൂർത്തീകരിക്കുകയും പ.പിതാവ് വി. മൂറോനഭിഷേകത്തിന്റെ ഒരു കർമ്മം മാത്രം നിർവ്വഹിക്കുകയും ആയിരുന്നു എന്നു പങ്കെടുത്തവർക്കൊക്കെ അറിയാം. അച്ചന്റെ പട്ടിക പ്രകാരം പള്ളികൂദാശ അരമണിക്കൂർ, തബ്ലൈത്തായ്ക്ക് 15 മിനിറ്റ് പ. പ്രഖ്യാപനത്തിനു 10 മിനിറ്റ് എന്നാണ്. ഒന്ന് പഠിപ്പും അറിവും ഉള്ള ഈ അച്ചന് പള്ളി കൂദാശയും തബ്ലൈത്താ കൂദാശയും ഒന്നാണെന്ന പ്രാഥമിക അറിവു പോലും പാണ്ഡിത്യഭാരം കൊണ്ടു മറന്നു പോയോ? വിശുദ്ധപ്രഖ്യപനം എന്ന ചടങ്ങുകൾ ഇപ്രാവിശ്യം നടത്തിയപ്പോൾ "പ്രഖ്യാപിച്ചു വിശുദ്ധനാക്കുകയല്ലായിരുന്നു" എന്നത് അച്ചൻ ഓർക്കണം. യഥാർത്ഥ വിശുദ്ധൻ മാരായിരുന്നവരെ അവരുടെ പദവിയിലും സ്വീകാര്യതയിലും സഭാ തലവൻ പ്രഖ്യാപിക്കുകയായിരുന്നു. മലങ്കരസഭയുടെ വിശ്വാസ പരിരക്ഷണത്തിനു വേണ്ടി ജീവിച്ച ഈ പിതാക്കന്മാരെക്കുറിച്ച് ഒരു ശത്രുവിനുപോലും എതിരഭിപ്രായം ഇല്ലാത്തതുകൊണ്ടാണല്ലോ കോനാട്ടച്ചനും ഇവരെക്കുറിച്ച് മറുത്തൊന്നും പറയാതെ പ്രഖ്യാപന സമയഹ്രസ്വതയെ വിമർശിക്കുന്നത്. ബ. അച്ചന്റെ പിതാമഹനായ മാത്തൻ മല്പാനെ തല്ലിയും, വാഴിച്ച പാത്രിയർക്കീസിനെ ആക്ഷേപിച്ചും സത്യത്തിന്മേൽ കളവുപറഞ്ഞും മുടക്കുവാങ്ങിയും ജീവിച്ചവരെ "വിശുദ്ധരാക്കുവാനും പ്രഖ്യാപിക്കുവാനും" ദീർഘസമയം മാത്രം പോരാ അസാമാന്യ ചങ്കൂറ്റവും വേണം.

ഈ സത്യങ്ങൾ എഴുതിയതിന് എന്റെ സുഹൃത്തുക്കൾ പരിഭവിക്കരുത്. തെറ്റുകൾ ചൂണ്ടിക്കാണിക്കണം. എതിർ വാദങ്ങൾ എഴുതണം. ആശയ പരമായി നേരിടണം. കാത്തിരിക്കുന്നു. മാർദ്ദവം കുറഞ്ഞിട്ടുള്ളിടത്ത് ഭാഷാ ഭംഗിക്കു മാപ്പുതരണം!

---

## പേരിലൊരു "മഹാ" സമ്മേ

7-ാം പേജിൽ നിന്ന് തുടർച്ച

കോടതി വിധിയിലെ കാതോലിക്കാ പക്ഷത്തിനനുകൂലമായ പരാമർശനങ്ങൾ മാത്രമേ അദ്ദേഹം കാണുന്നുള്ളൂ. മുമ്പു കണ്ടിരുന്ന പല ഭാഗങ്ങളും ഇപ്പോൾ അദ്ദേഹം കണ്ണടച്ചുകളയുന്നു. പെരുമ്പാവൂരിൽ നടുറോഡിൽ ഒരു പാവം ബിനുവിനെ കാറിടിപ്പിച്ചു കൊന്ന സംഭവം അദ്ദേഹം കേട്ടിരുന്നെങ്കിലും ഇപ്പോൾ കേൾക്കാൻ ഇഷ്ടപ്പെടുന്നില്ല. പകരം ആ കാർ ഓടിച്ചിരുന്ന വ്യക്തി എന്ന് സംശയിക്കപ്പെടുന്ന അറിയപ്പെട്ട ഒരു ഗുണ്ടയോടാണിപ്പോൾ അദ്ദേഹത്തിനു പ്രിയം. താമസിയാതെ ആനപാപ്പിയേയും വിശുദ്ധനാക്കുന്ന ചടങ്ങിലും അദ്ദേഹം പ്രസംഗിക്കേണ്ടി വരും എന്ന് ആശംസിക്കുന്നു.

പിറവത്ത് സമാധാനപൂർവ്വം റാലി നടത്തിയെന്ന് പറഞ്ഞപ്പോൾ ഞാൻ വീഡിയോയിൽ ഒന്നുകൂടി അദ്ദേഹത്തെ സൂക്ഷിച്ചുനോക്കി. എനിക്ക് തെറ്റിയില്ല, അദ്ദേഹം ഖദർ തന്നെയാണ് ഇട്ടിരിക്കുന്നത്. എം. പി. മന്മഥൻ സാറിനെ സംബന്ധിക്കുന്ന "ഖദർ" എന്ന ചെമ്മനത്തിന്റെ കവിതയും ഞാൻ ഓർത്തു. പിറവത്തെ സംഭവം മനോരമ തന്നെ കൃത്യമായി റിപ്പോർട്ട് ചെയ്തതാണ്. കുരിശിൻ തൊട്ടിയുടെ ചില്ലു ഗ്ലാസ് തകർത്തതും പ. പിതാക്കന്മാരുടെ ചിത്രങ്ങൾ വലിച്ചു കീറിയതും ചിത്തോല എടുത്തെറിഞ്ഞതും ഒക്കെ വളരെ സമാധാന പൂർവ്വം ആയിരുന്നു എന്നാണ് 'ഖദറി'ട്ടു പറയുന്നത്. കർത്താവിന്റെ കുരിശിന്റെ ശ്രേയസിനായി ഉയർത്തിയിരിക്കുന്ന കുരിശും തൊട്ടിയുടെ കണ്ണാടി പൊട്ടിക്കുന്നതും അതിക്രമിച്ചു കയറുന്നതും പരിശുദ്ധന്മാരുടെ നാമത്തിലുള്ള കുരിശിൻതൊട്ടി അപമാനിക്കുന്നതും കക്ഷി വൈരാഗ്യത്തിൽ ന്യായീകരിക്കാവുന്നതാണെന്ന ദുർമാതൃക കാണിച്ചതിൽ ഒന്നാമൻ മാർ അത്താനാസ്യോസും അദ്ദേഹത്തിന്റെ പുതിയ നേതൃത്വവുമാണ്. കുരിശും തൊട്ടി തകർത്തതിൽ ആദ്യം ശിക്ഷിക്കേണ്ടത് ഈ അഭിവന്ദ്യന്മാരെയാണ്. പട്ടാപ്പകൽ ഈ ഹീന കർമ്മം ചെയ്തവർ ആരൊക്കെയെന്ന് പത്രങ്ങളിലും വീഡിയോ ക്ലിപ്പിംഗുകളിലും കൂടെ ലോകം കണ്ടതാണ്. കണ്ടവരെ പിടിക്കാതെ കാണാത്തവരെ പിടികൂടാനാണ് ഇപ്പോൾ പ്രതിഷേധങ്ങൾ നടക്കുന്നത്.

ഇനിയും താരങ്ങൾ നിരവധിയുണ്ട് കഥാ കാലക്ഷേപം കൊണ്ടു ജീവിതം നയിക്കുന്ന ഒമ്പതാം ക്ലാസുവരെ പഠിച്ച് കോടതി വിധി അനുസരിക്കാൻ അഭ്യസിച്ച വൈദികൻ മുതൽ പാത്രിയാർക്കേറ്റിൽ പോയി പ. ബാവായുടെ അനുഗ്രഹം നേടി ഇവിടെ വന്ന് വാതോരാതെ പറഞ്ഞും ലേഖനം എഴുതിയും കഴിവ് തെളിയിച്ച വനിതാ രത്നവും ഒക്കെ അനേകം ഫലിതങ്ങൾ പറഞ്ഞു. അവരെയൊക്കെ അർഹിക്കുന്ന വിധത്തിൽ ഒഴിവാക്കുന്നു എന്നത് വായനക്കാരുടെ ക്ഷമയെ ഇനിയും പരീക്ഷിക്കാതിരിക്കുവാനാണ്.

# കോട്ടയം സമ്മേളനത്തിന്റെ ബാക്കി പത്രം.........!

**വീക്ഷാഗോപുരം നിരീക്ഷകൻ**

അങ്ങനെ കോട്ടയം സമ്മേളനം കഴിഞ്ഞു! എന്തെല്ലാം വീരവാദങ്ങളായിരുന്നു! ലക്ഷങ്ങൾ പങ്കെടുക്കും! കോടതി വിധി നടപ്പിലാക്കുക! നീതിന്യായ വ്യവസ്ഥകൾ മാനിക്കുക! നീതിനിഷേധം അവസാനിപ്പിക്കുക! പള്ളി കൈയ്യേറ്റങ്ങൾ അവസാനിപ്പിക്കുക! എന്ന് തുടങ്ങി വിവിധ ആവശ്യങ്ങൾ, ഈ ആവശ്യങ്ങൾക്ക് വേണ്ടി റാലിയും സമ്മേളനവും നടത്തുകയാണോ വേണ്ടത്? എന്ന് ആരും ചോദിച്ച് ദേവലോക വാസികളെ ബുദ്ധിമുട്ടിക്കരുത്. കാരണം ഇത് ആവശ്യങ്ങൾ നേടാനുള്ളതല്ല മറിച്ച് യാക്കോബായ സഭാംഗങ്ങൾ മറൈൻ ഡ്രൈവ് മൈതാനത്ത് നടത്തിയ യോഗത്തിന് ബദലായും, മെത്രാൻ കക്ഷിക്കാരുടെ ലേബലിൽ ഒരു സ്ഥാനാർത്ഥി ടിക്കറ്റ് ഒപ്പിച്ചെടുക്കാനുള്ള തത്രപ്പാടിൽ നിൽക്കുന്ന ഡോ. ജോർജ്ജ് ജോസഫിനെ ബൂസ്റ്റ് ചെയ്യാനുള്ള ഒരു പാഴ്‌വേലയുമായിരുന്നു.

മല..........ഒ.........റ്റിവീക്കർ (കടപ്പാട് അത്മായവേദിക്കാരനായ കുഞ്ഞെറുക്കൻ) സമ്മേളനത്തിന്റെ പ്രസക്തഭാഗങ്ങൾ ഉന്റർനെറ്റ് വഴി പ്രസിദ്ധപ്പെടുത്തിയതിനാൽ, വിവിധ പ്രസംഗകരുടെ 'അധികപ്രസംഗങ്ങൾ' കേൾക്കാൻ സാധിച്ചു. വിശ്വാസം(?)സംരക്ഷിക്കാൻ നടത്തിയ റാലിയും സമ്മേളനവും, യാക്കോബായ സഭയ്ക്കെതിരെ മുദ്രാവാക്യം വിളിക്കാനും, യാക്കോബായ സഭയുടെ ശ്രേഷ്ഠ ബാവായെ ചീത്ത പറയാനും മാത്രമുള്ളതായിത്തീർന്നു! പഴഞ്ചൊല്ല് സ്റ്റൈലിൽ പറഞ്ഞാൽ കഴുത.....കരഞ്ഞ് തീർക്കും ദേവലോക സപ്പോർട്ടേഴ്സ് മുദ്രാവാക്യം വിളിച്ച് തീർക്കും! കോട്ടയം നെഹ്റു സ്റ്റേഡിയം ലഭിക്കാഞ്ഞത് ദേവലോക വാസികൾക്ക് ആശ്വാസം പകർന്നു. വൈദ്യൻ കൽപ്പിച്ചതും രോഗി ഇശ്ചിച്ചതും പാല് എന്ന പോലെ ബസേലിയോസ് കോളേജിലെ അതിവിശാലമായ(?) മൈതാനത്ത് യോഗം നടത്താൻ തീരുമാനവുമായി. നെഹ്റു സ്റ്റേഡിയം കിട്ടാതെ വന്നപ്പോൾ തിരഞ്ഞെടുത്ത ബസേലിയോസ് മൈതാനത്ത് പകരം തിരുനക്കരമൈതാനം തിരഞ്ഞെടുത്തിരുന്നു എങ്കിൽ വിശ്വാസികൾ തിങ്ങിനിറഞ്ഞ യോഗം എന്ന് പറയാമായിരുന്നു!

## മനോരമ അച്ചായന്റെ തമാശകൾ

മെത്രാൻ കക്ഷി തീവ്രവാദികൾ എന്തെല്ലാം പറഞ്ഞാലും, മനോരമ ചെയ്തുകൊടുക്കുന്ന സേവനങ്ങൾ മെത്രാൻപക്ഷം ഒരുകാലത്തും മറക്കരുത് എന്നാണ് നിരീക്ഷകന്റെ പക്ഷം. ഈ യോഗം സംബന്ധിച്ച വാർത്തകൾ അതീവ പ്രാധാന്യത്തോടെ, ദിവസങ്ങളോളം, മനോരമ എല്ലാ എഡിഷനിലും ന്യൂസ് കൊടുത്തുകൊണ്ടിരുന്നു. പ. പാത്രിയർക്കിസ് ബാവായുടെ സന്ദർശനത്തോടനുബന്ധിച്ച് മെത്രാൻ പക്ഷം കൊടുത്ത കേസ് വാർത്ത മനോരമയുടെ ഇന്റർനെറ്റ് എഡിഷനിൽ കേരളം വാർത്തയോടൊപ്പം കൊടുത്തു. കേസ് തള്ളിയ വാർത്ത അധികമാരും വായിക്കാത്ത തലസ്ഥാന വാർത്താ വിഭാഗത്തിൽ കൊടുത്തു! വീണ്ടും ഇതേ കേസിന്റെ അപ്പീൽ വാർത്ത കേരളം പേജിൽ വന്നു! അപ്പീൽ തള്ളി തീർപ്പാക്കിയ ന്യായാധിപൻ മെത്രാൻ കക്ഷിക്കനുകൂലമായി എന്തോ പറഞ്ഞു എന്ന തെറ്റിദ്ധാരണയിൽ ആ വാർത്ത വലിയ പ്രാധാന്യത്തോടെ കേരളം പേജിൽ തന്നെ കൊടുത്തു. ഒക്ടോബർ 19-ാം തീയതിയിൽ മറൈൻ ഡ്രൈവിൽ നടന്ന യോഗത്തിന്റെ രണ്ട് വാർത്തകൾ കേരളം പേജിൽ കൊടുത്തു.അതേ പ്രാധാന്യത്തോടെ പിറവത്തെ കുരിശടിയിൽ അതിക്രമിച്ച് കയറിയ കോട്ടയം കാതോലിക്കായുടെയും, മൂവാറ്റുപുഴ അത്താനാസ്യോസിന്റേയും കാട്ടിക്കൂട്ടലുകളുടേയും വാർത്ത മെറൈൻ ഡ്രൈവ് യോഗ വാർത്തയുടെ തൊട്ട് താഴെ കൊടുത്ത് മനോരമ 'ബാലൻസ്' ചെയ്തു.

മെത്രാൻ കക്ഷിക്കാരുടെ കൈവശമായ പരുമലയിലെ പെരുന്നാൾ വാർത്ത വൻ പ്രാധാന്യത്തോടെ കൊടുക്കുന്നതിൽ നിരീക്ഷകന് എതിർപ്പില്ല, എന്നാൽ മണർകാട്, കോതമംഗലം, മഞ്ഞനിക്കര തുടങ്ങിയ തീർത്ഥാടന കേന്ദ്രങ്ങളിലെ പെരുന്നാൾ വാർത്ത പ്രത്യേകിച്ച് ലക്ഷക്കണക്കിന് വിശ്വാസികൾ എത്തുന്ന കോതമംഗലം പെരുന്നാൾ വാർത്ത ഇന്റർനെറ്റിൽ കാണാൻ പോലും സാധിക്കുന്നില്ല. അതേ സമയം മെത്രാൻ പക്ഷത്തിന്റെ കൈവശമായതിന് ശേഷം പുതുപ്പള്ളിയിലെ പള്ളി പെരുന്നാൾ വാർത്തകൾക്ക് മനോരമ പ്രാധാന്യം നൽകി വരുന്നു. ഇതു പോലെ എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ചൂണ്ടിക്കാണിക്കാൻ പറ്റും.

ശ്രേഷ്ഠ ബാവായുടെ പൗരോഹിത്യ ജൂബിലി ദിനത്തിൽ ബാവായെക്കുറിച്ച് ഒരു ലേഖനവും പ്രസിദ്ധപ്പെടുത്താതെ നിഷ്പക്ഷത പാലിച്ച മനോരമ, ദിദിമോസ് ബാവായുടെ പിറന്നാൾ വാർത്ത കൊടുത്ത് ദേവലോക ഭക്തികാട്ടി. എന്തായാലും മനോരമ കോട്ടയം യോഗ വാർത്ത ആദ്യം ഇന്റർനെറ്റിൽ കൊടുത്തപ്പോൾ ഒരു സത്യം പറഞ്ഞു! **അരലക്ഷത്തോളം പേർ പങ്കെടുത്തു എന്നായിരുന്നു വാർത്ത**. അല്പം അതിശയോക്തി പരമായിരുന്നു ഈ വാർത്ത. എന്നാൽ പിന്നീട് ഈ വാർത്ത മാറ്റി ഒരു ലക്ഷത്തിലധികം പേർ പങ്കെടുത്തു എന്ന വാർത്ത കൊടുത്തു. (മനോരമ, മെത്രാൻ കക്ഷികളുടെ പരിപാടികൾ നടക്കുമ്പോൾ കൊടുക്കുന്ന വാർത്തയിൽ പതിനായിരങ്ങൾ പങ്കെടുത്തു എന്ന് പറയും. ശരിയായ സംഖ്യ അറിയാൻ, മനോരമ പറയുന്ന സംഖ്യയുടെ പകുതി എടുത്തിട്ട് അതിനെ രണ്ട് കൊണ്ട് ഹരിച്ചാൽ യഥാർത്ഥ സംഖ്യ ലഭിക്കും.) മനോരമ മെത്രാൻ കക്ഷിക്കാരെ കുറിച്ചുള്ള വാർത്ത കൊടുക്കുമ്പോൾ മൂന്നിരട്ടിയാക്കി കൊടുക്കും. യാക്കോബായക്കാരുടെ വാർത്ത കൊടുക്കുമ്പോൾ മൂന്നിലൊന്നാക്കി കുറച്ച് കൊടുക്കും. എല്ലാം അച്ചായന്റെ തമാശകൾ.

## റാലിയുടെ ആരംഭം

റാലി നാഗമ്പടത്ത് നിന്ന് ആരംഭിച്ചപ്പോൾ നിയുക്ത കാതോലിക്ക പ്രാർത്ഥിച്ചു. "ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിച്ചതുപ്പോലെ........" എന്നഭാഗം അദ്ദേഹം ചൊല്ലിയത് കേട്ടപ്പോൾ നിരീക്ഷകൻ കോരിത്തരിച്ചുപ്പോയി. എത്ര ആത്മാർത്ഥമായ പ്രാർത്ഥന! താടി നീട്ടി വളർത്തുന്നതും, മേൽമീശ വെട്ടാതിരിക്കുന്നതുമാണ് മെത്രാനായിരുക്കുന്നതിന് വേണ്ട യോഗ്യത എന്ന് കരുതുന്ന നിരണത്തിന്റെ മോർ ക്രിസോസ്റ്റമോസ് റാലിയിൽ പങ്കെടുത്തത് പ്രത്യേക സ്റ്റൈലിലാണ്! അദ്ദേഹം 'തലയിൽ മുണ്ടിട്ട്' റാലിയുടെ മുൻ നിരയിൽ നിന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. അല്ലെങ്കിലും തലയിൽ മുണ്ടിട്ട് നടക്കേണ്ടി വരുന്ന രീതിയിലുള്ള പ്രവർത്തന ശൈലിയാണല്ലോ ദേവലോക സ്ഥാനികൾ കാലകാലങ്ങളായി തുടർന്നു വരുന്നത്!

കോട്ടയത്തെ നാഗമ്പടം പോപ്പ് മൈതാനം മുതൽ ബസേലിയോസ് കോളേജ് മൈതാനം വരെ ഏകദേശം ഒരു കിലോമീറ്റർ ദൂരം വരും. ശക്തി പ്രകടനം നടത്താൻ പറ്റിയ സ്ഥലമല്ല കോട്ടയത്തെ "ഠാ വട്ടം" കോട്ടയത്തെ ഇടുങ്ങിയ വഴികളിൽ കൂടി രണ്ട് ലൈനായി പോയാൽ പോലും നിറഞ്ഞ് കവിയും എന്നത് യാഥാർത്ഥ്യമാണ്. കോട്ടയം ടൗണിലെ റോഡിൽ കൂടി ഒരു കാള വണ്ടി പോയാൽ പോലും ട്രാഫിക്ക് ബ്ലോക്ക് അനുഭവപ്പെടും എന്നിരിക്കെ മെത്രാൻ കക്ഷികളുടെ മഹാ(?) റാലി നടക്കുമ്പോൾ റോഡ് ബ്ലോക്കായതും മറ്റും ചുണ്ടിക്കാണിച്ച് റാലിയുടെ വിജയമവകാശപ്പെടുന്നവർ പൊട്ടക്കുളങ്ങൾ വിട്ട് പുറത്തേ ലോകത്തേക്ക് വരണം. എറണാകുളത്തെ മറൈൻ ഡ്രൈവ് മൈതാനവും, മഹാരാജാസ് കോളേജ് മൈതാനവും അവിടെ നിന്ന് എം. ജി. റോഡു വഴി മറൈൻ ഡ്രൈവിലെത്താനുള്ള ദൂരമൊക്കെ ഒന്ന് മനസ്സിലാക്കണം. പത്തനംതിട്ട-കോട്ടയം റൂട്ടാണ് ഏറ്റവും ദൈർഘ്യമേറിയ ദൂരം എന്ന് മനസ്സിലുറപ്പിച്ചവർ, അതിനപ്പുറത്ത് അതിവിശാലമായ ഒരു ലോകമുണ്ടെന്ന് തിരിച്ചറിയണം.

## മഹാ (?) സമ്മേളനം

എന്തായാലും മെത്രാൻ കക്ഷിക്കാരെ സമ്മതിക്കണം. കാരണം അവർ നടത്തുന്ന യോഗങ്ങളിൽ പ. പാത്രിയർക്കീസ് ബാവായെയും, യാക്കോബായ സഭയേയും പത്ത് പറയാൻ തിരഞ്ഞെടുക്കുന്നത് മുൻ പാത്രിയർക്കീസ് വിഭാഗക്കാരെയാണ്. 'ശത്രുവിന്റെ ശത്രു മിത്രമെന്നാണല്ലോ ദേവലോക മതം'. എല്ലാപ്രാർത്ഥനകളിലുമോർക്കുന്ന പ. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായെക്കുറിച്ച് മോശമായി പറയാൻ അവർക്ക് ബുദ്ധിമുട്ടുള്ളതിനാലായിരിക്കും, കാലാകാലങ്ങളിൽ ദേവലോക പളയത്തിൽ 'വിവിധ ഉദ്ദേശങ്ങളോടെ' എത്തിപ്പെടുന്നരെ, അല്ലെങ്കിൽ എത്തിപ്പെടുത്തപ്പെട്ടവരെ ഉപയോഗിച്ച് പാരകൾ പണിയുന്നതാണല്ലോ ദേവലോകരീതി.ദേവലോക സഭയിലെത്തപ്പെട്ട ഇത്തരം 'കുലംകുത്തികൾ' യാക്കോബായക്കാരേയും പ. പാത്രിയർക്കീസ് ബാവായേയും കുറിച്ച് എന്തനാവശ്യം പറയാനും മുൻ പന്തിയിൽ നിൽക്കും. മെത്രാൻ കക്ഷി ജനങ്ങളെ ത്രസ്സിപ്പിക്കാൻ കിട്ടിയ അവസരം മുതലാക്കുക എന്നതാണിത്തരക്കാരുടെ നയം. കോട്ടയം സമ്മേളനത്തിലും ഇപ്രകാരമുള്ള രംഗങ്ങൾ ഉണ്ടായിരുന്നു. മൂവാറ്റുപുഴ മാർ അത്തനാസ്യോസ്, ഫാ. ഇടയനാൽ, ഫാ. ജോൺസ് കോനാട്ട് എന്നീ മുൻ പാത്രിയർക്കീസ് വിഭാഗക്കാരാണ് യാക്കാബായ സഭയേയും അധിക്ഷേപിക്കാൻ മുന്നിട്ടിറങ്ങിയത്. മെത്രാൻ പക്ഷ സുന്നഹദോസ് സെക്രട്ടറി ഡോ. മാർ സേവേറിയോസിനെ ഒതുക്കി ചെങ്ങന്നൂർ മാർ അത്താനാസ്യോസ് ഇടിച്ചു കേറി.

## ചെങ്ങന്നൂരെ മലർപ്പെടിക്കാരന്റെ സ്വപ്നം

നിയുക്ത കാതോലിക്കാ സ്ഥാനം ലഭിക്കാഞ്ഞതിൽ ദു:ഖിതനായിരുന്ന ചെങ്ങന്നൂർ അത്താനാസ്യോസ് എന്ന വഴക്കാളി സോറി പോരാളി നിയുക്തനെ കടത്തിവെട്ടി തന്റെ ഉശ്ശിര് കാട്ടി. വട്ടക്കുന്നേൽ ബാവായുടെ പ്രത്യേക താത്പര്യ പ്രകാരം മെത്രാൻ സ്ഥാനത്തെത്തിയ ഇദ്ദേഹം കാതോലിക്ക ആകാൻ നോക്കിപ്പാർത്തിരുന്നതാണ്. തനിക്ക് അനഭിമതന്മാരായവരെ മെത്രാൻ സ്ഥാനത്ത് നിന്ന് പുറം തള്ളി കഴിവ് തെളിയിച്ച വ്യക്തിയുമാണ്. അദ്ദേഹത്തിന്റെ ഗുരുനാഥൻ മുൻ പാത്രിയർക്കീസ് പക്ഷക്കാരനാണെന്ന് അദ്ദേഹം പറഞ്ഞു.ഇദ്ദേഹം പറയുന്ന വ്യക്തി മഞ്ഞനിക്കരയിൽ നിന്ന് പിണങ്ങി അടൂർ പോയി യാക്കോബായ പള്ളിയിൽ താമസിച്ചതും പിന്നീട് ചെങ്ങളം യാക്കോബായ പള്ളിയിൽ താമസിച്ചു വരവെ ടിയാൻ ചില "എക്സ്ട്രാ കരിക്കുലർ ആക്ടിവിട്ടീസ്" പ്രവർത്തനങ്ങൾ നടത്തിവന്നത് പള്ളിക്കാർ കൈയ്യോടെ പിടിച്ചതുമൊന്നും ശിഷ്യൻ അറിഞ്ഞിട്ടില്ല. അച്ചനായ ശേഷം വിവാഹം നിഷിധമായിരിക്കെ, മേൽപ്പറഞ്ഞ കത്തനാർ കല്ല്യാണം കഴിക്കുകയും അതിന് ശേഷം മെത്രാൻ പക്ഷത്ത് എത്തിച്ചേരുകയുമായിരുന്നു എന്ന ധാരണയൊന്നും ചെങ്ങന്നൂരെ ബിഷപ്പിനില്ല. വൈദീകനായ ശേഷം വിവാഹം കഴിക്കുന്നതിൽ യാതൊരു തെറ്റുമില്ല എന്ന് പറഞ്ഞും പ്രചരിപ്പിച്ചും വന്ന ലോകപ്രശസ്ത തിയോളജിയന്റെ കാഴ്ചപാട് തന്നെയാണോ ശിഷ്യനുള്ളത് എന്നറിയാൻ താത്പര്യപ്പെടുന്നു.

വടക്കൻ മേഖലയിൽ പള്ളികൾ കൂടിയതിന്റെ കണക്ക് പറയുന്ന ചെങ്ങന്നൂർ ബിഷപ്പ് ഒന്ന് മനസ്സിലാക്കുക. യാക്കോബായക്കാർ തെക്കോട്ടും വർദ്ധിക്കുന്നുണ്ട്. അഞ്ച് വർഷം മുൻപ് വരെ ഞങ്ങൾക്ക് ഒരു ആസ്ഥാനം മാത്രമായിരുന്നു ഉണ്ടായിരുന്നത്. ഇപ്പോൾ തെക്കൻ പ്രദേശത്തെ എല്ലാ ഭദ്രാസനങ്ങൾക്കും സ്വന്തം മെത്രാപ്പോലീത്താമാരും അരമനകളും പള്ളികളും സ്വത്തുക്കളുമുണ്ട് നിങ്ങളുടെ പ്രധാന കേന്ദ്രങ്ങളിലെല്ലാം ഞങ്ങൾ ദൈവാലയങ്ങൾ സ്ഥാപിച്ച് കഴിഞ്ഞു. മാർട്ടിൻ ലൂഥറിനെപ്പോലെ സ്വപ്നം സൂക്ഷിക്കുന്ന ചെങ്ങന്നൂർ മെത്രാൻ ഒരു കാര്യം സമ്മതിച്ചതിൽ സന്തോഷമുണ്ട്. മലങ്കരക്കാരനായ ഒരു കാതോലിക്കാ, പരമാദ്ധ്യക്ഷൻ ഉണ്ടാകണമെന്നതാണ്! അപ്പോൾ ഒരു സംശയം പിതാവേ? ഇപ്പോഴത്തെ കാതോലിക്കായ്ക്ക് പരമാദ്ധ്യക്ഷസ്ഥാനം (മെത്രാൻ പക്ഷം പറയും പോലെ ആകാശത്തിലുള്ള ബാവാ കഴിഞ്ഞുള്ള സ്ഥാനം) ഇല്ലേ? ദിദിമോസ് ബാവായേയും, നിയുക്തനേയും ഇരുത്തി ഇങ്ങനെ പറഞ്ഞ് മോശമായിപ്പോയി എന്നേ നിരീക്ഷകന് പറയാനുള്ളു. ചെങ്ങനൂർ മെത്രാൻ ഒരു കൊതിക്കെറു പറഞ്ഞതേയുള്ളു എന്ന് കരുതി നടക്കുന്ന ബാവായും ഇരിക്കുന്ന ബാവായും ആശ്വസിച്ചു കാണും! സ്വപ്നത്തിൽ കണ്ട പരമാദ്ധ്യക്ഷൻ "സുപ്രീം കോതോലിക്കയായി" വാഴിക്കപ്പെട്ട് ദിദിമോസ് ബാവായുടേയും, നിയുക്ത കാതോലിക്കായുടെയും മുകളിൽ സിംഹാസനത്തിൽ ഇരിക്കുന്നതായും, അദ്ദേഹം പുത്തൻകാവ് - ബറോഡ- ചെങ്ങന്നൂർ വഴി സഞ്ചരിച്ച് സിംഹാസനധിപനായി തീർന്നു. എന്നുമായിരുന്നോ ആ സ്വപ്നത്തിന്റെ അവസാനഭാഗം? എന്തായാലും സ്വീറ്റ് ഡ്രീംസ്......!

## മൂവാറ്റുപുഴയിലെ മാർ അത്താനാസ്യോസ്

മൂവാറ്റുപുഴ മാർ അത്താനാസ്യോസ് എന്ന മുൻ യാക്കോബായ ബിഷപ്പ് കോട്ടയത്തെ യോഗത്തിൽ പങ്കെടുത്തതും പ്രസംഗിച്ചതും കണ്ട നിരീക്ഷകന് ചില പഴയ ഓർമ്മകൾ പൊന്തിവന്നു. 1990 മെയിലാണ് ഇദ്ദേഹത്തെ മേത്രാനായി വാഴിച്ചത്. ഇദ്ദേഹം വലതു കാൽ വച്ച് യാക്കോബായ സഭയിൽ കയറിയതോടെ യാക്കോബാക്കാരുടെ കഷ്ടകാലം ആരംഭിച്ചു. 1990 ജൂണിലെ ഹൈക്കോടതി വിധി തന്നെ യാക്കോബായ സഭയ്ക്കെതിരായി. അന്ന് യാക്കോബായ സഭയിലെ ലക്ഷോപലക്ഷം വിശ്വാസികൾ മഹാരാജാസ് കോളേജ് മൈതാനത്തുനിന്ന് മറൈൻ ഡ്രൈവിലേക്ക് വിശ്വാസസംരക്ഷണ റാലിയും, പ. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ ഉറച്ച് നിൽക്കുമെന്ന പ്രതിജ്ഞയും എടുത്തിരുന്നു. അവിടെ വെച്ച് പ്രത്ജ്ഞയും എടുത്ത്, എന്ത് കഷ്ടനഷ്ടങ്ങൾ സംഭവിച്ചാലും പ. അന്ത്യോഖ്യാ സിംഹാസന വിധേയത്വത്തിലും, ബന്ധത്തിലും തുടരുമെന്ന് പ്രസംഗിച്ച അത്താനാസ്യോസ് ഇപ്പോൾ കോട്ടയത്ത് മെത്രാൻ കക്ഷിയോഗത്തിൽ പങ്കെടുത്ത്, പ്രസംഗിച്ച്, പ്രത്ജ്ഞ ചെയ്തിരിക്കുന്നു! കുറച്ചുനാൾ കഴിഞ്ഞ് മാർ അത്തനാസിയോസ് പുനരൈക്യറാലിയിൽ പങ്കെടുത്ത് മലങ്കര റീത്ത് സഭയിൽ എത്തില്ലാ എന്ന് ആരു കണ്ടു?

ഇദ്ദേഹം മെത്രാൻ കക്ഷിയിലെത്തിയതോടെ അവരുടെ കഷ്ടകാലം ആരംഭിച്ചു. "പാപി ചെന്നിടം പാതാളം". യാക്കോബായ സഭാ ഔന്നിത്യത്തിലെത്തിച്ചേരുകയും, നാൾക്കുനാൾ വളരുകയും ചെയ്യുന്നതിന് കാരണമായ സാഹചര്യങ്ങളിൽ ഒന്ന് മോർ അത്താനാസ്യോസിന്റെയും പിണിയാളന്മാരുടെയും പുറത്ത് പോക്ക് തന്നെയാണ്. ശ്രേഷ്ഠ ബാവായെ രഹസ്യമായി സന്ദർശിച്ച് കൈയും മുത്തി പോന്ന, മോർ അത്തനാസ്യോസ് ഇപ്പോൾ ശ്രേഷ്ഠ ബാവായെ അധിക്ഷേപിച്ച് പ്രസംഗിച്ചത് കൈയ്യടിക്ക് വേണ്ടി മാത്രമായിരുന്നു. പുതുപ്പള്ളിയിലെ മെത്രാൻ പക്ഷ തീവ്രവാദികളുടെ വിശ്വാസ തീവ്രത ഉമ്മൻ ചാണ്ടിക്കില്ലെന്ന് പറയുന്ന മൂവാറ്റുപുഴ മെത്രാൻ ആദ്യം ചെയ്യേണ്ടത് പുറ്റാനിൽ വല്ല്യച്ചന് പ. അന്ത്യോഖ്യാ സിംഹാസനത്തോടുണ്ടായിരുന്ന വിശ്വാസ തീവ്രത സ്വന്ത ജീവിതത്തിലുണ്ടോ എന്ന് ചിന്തിക്കുകയാണ്. അതിന് ശേഷം ഉമ്മൻചാണ്ടിയെ അളക്കാം. നാഴികയ്ക്ക് നാല്പത് വട്ടം വാക്കുമാറ്റുന്ന മോർ അത്താനാസ്യോസ് മോഡൽ കുപ്പായധാരികളാണ് യഥാർത്ഥ പ്രശനക്കാർ.

## ഇടയനാലിന്റെ കഥാപ്രസംഗം

മെത്രാൻ കക്ഷി യോഗം കൊഴിപ്പിക്കാൻ കണ്ടെത്തിയ താരമാണ് ഇടയനാൽ കത്തനാർ. കഥാപ്രസംഗത്തിലൂടെ കലാ കൊലപാതകം നടത്തിവരുന്ന ഇടയനാൽ കിട്ടിയ അവസരം ശ്രേഷ്ഠ ബാവായെ ആക്ഷേപിക്കാൻ ഉപയോഗപ്പെടുത്തി. ശ്രേഷ്ഠ ബാവായുടെ വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ച് പറയുന്ന ഈ മഹാൻ ഏതോ ഉന്നത വിദ്യാഭ്യാസം ലഭിച്ച വ്യക്തിയാണെന്ന രീതിയിലാണ് പ്രസംഗം ആരംഭിച്ചത്. അല്പസമയത്തിനകം തന്റെ 'തറ കാർഡുകൾ' അദ്ദേഹം പുറത്തെടുത്തു. ഞാനും മുതലേച്ചനും കൂടി ഇരപിടിച്ചു എന്ന രീതിയിലാണ് മെത്രാൻ പക്ഷ ഭരണഘടനയെക്കുറിച്ച് വാചാലനായത്.1958 ലെ സഭായോജിപ്പിന്റെ മറയിൽ യോജിച്ച സഭയിലും 1972 ലെ പിളർപ്പിലൂടെ മെത്രാൻ കക്ഷിസഭയിലും എത്തിയ ഇടയനാലിന് മെത്രാൻ കക്ഷി പിതാക്കന്മാരുടെ ബുദ്ധി (അതോ കുബുദ്ധിയോ) യെക്കുറിച്ച പറയാൻ എന്തവകാശമാണുള്ളത്? കൈരേഖയുടെ കാര്യം പറയുന്ന അച്ചൻ കൂടുതൽ വിവരങ്ങൾ ദേവലോകത്ത് ചോദിച്ചു മനസ്സിലാക്കുക. കാരണം ദേവലോക ബാവാമാരാണ് ഗൗളീ ശാസ്ത്രം, ജോതിഷം, വാസ്തു ശകുനം തുടങ്ങിയ വിധി പ്രകാരം സഭാഭരണം നടത്തുന്നത്.

അന്ത്യോഖ്യാ പാത്രിയർക്കീസിന് 1934 ഭരണഘടനാപരമായും അല്ലാതെയും മലങ്കരയിൽ ഒരു കാര്യവുമില്ലാ എന്നും, മലങ്കരയെ പരിചയപ്പെടുത്തിയപ്പോൾ അന്ത്യോഖ്യാ പാത്രിയർക്കേറ്റിനേക്കുറിച്ചുള്ള ബന്ധം പറഞ്ഞുവെന്നേയുള്ളൂ എന്നാണ് ഇടയനാലിന്റെ വാദം. ഇത് വിചിത്രമായിരിക്കുന്നു. ഇടയനാലിന്റെ കുടുംബത്തേക്കുറിച്ച് ചോദിക്കുമ്പോൾ അയൽപക്കത്തെ കുടുംബത്തിന്റെ കാര്യം പറയുന്നത് ഏത് അടിസ്ഥാനത്തിലാണച്ചോ?

ഇനി അങ്ങനെ പറയണമെങ്കിൽ അച്ചന് അയൽപക്കത്തെ കുടുംബവുമായി വഴിപിരിയാത്ത ബന്ധമുണ്ടാകണമെന്നതാണ് ന്യായം.

ശാരീരിക ബലഹീനതകൾ മൂലം പ. പാത്രിയർക്കീസ് ബാവായെ വീൽചെയറിലിരുത്തിയതിനെ പുഛരിക്കുന്ന അച്ചൻ മലേഷ്യയിൽ പോയ ദിദിമോസ് ബാവായെ ഏത് വണ്ടിയിലാണ് കൊണ്ടുപോയത് എന്ന് അന്വേഷിക്കുന്നത് നന്നായിരിക്കും. പ. അന്ത്യോഖ്യാ സിംഹാസനത്തിന് മലങ്കരയുമായുള്ള ബന്ധം പറയാൻ ക്ഷുരകനുമായി സാമ്യപ്പെടുത്തിയ ഇത്ര നീചനും നികൃഷ്ടനുമായ ഒരു കത്തനാർ വേഷധാരിയെ കേരളമിതുവരെ കണ്ടിട്ടില്ല. 2002ന് മുമ്പ് യാക്കോബായക്കാരുണ്ടാക്കിയ സ്വത്തു വേണമെന്ന അച്ചന്റെ അവകാശവാദം രസകരമായിരുന്നു. യാക്കോബായക്കാരെ വേണ്ട എന്നാൽ സ്വത്ത് വേണം! എത്ര ലജ്ജാകരമായ ആവശ്യമാണിത്? കുറുക്കൻ ചത്താലും കണ്ണ് കോഴിക്കൂട്ടിൽ തന്നെ!

## ദേവലോക സെക്രട്ടറിയുടെ വീരവാദങ്ങൾ

ദേവലോക സഭാ സെക്രട്ടറിയുടെ അഭിനയമായിരുന്നു കോട്ടയം സമ്മേളനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഇനം. ചതുരവടിവിൽ സംസാരിച്ചു അദ്ദേഹം അണികളെ ആവേശം കൊള്ളിച്ചു. ബസേലിയോസ് കോളേജ് മൈതാനത്ത് "തിങ്ങിനിറഞ്ഞ" ആളുകളെ കണ്ടായിരിക്കും സെക്രട്ടറി ചില വീരവാദങ്ങൾ മുഴക്കി മെത്രാൻ കക്ഷികൾ 25 ലക്ഷമുണ്ട് എന്നാണീ വിദ്വാൻ ധരിച്ചിരിക്കുന്നത്. ആകെയുള്ള 60 ലക്ഷം കേരള ക്രൈസ്തവരിൽ 60 ശതമാനം ഏകദേശം 36 ലക്ഷം കത്തോലിക്കാ സഭക്കാരാണ്. ബാക്കി വരുന്നർ 24 ലക്ഷം വരും അപ്പോൾ ഇദ്ദേഹം പറയുന്നു 25 ലക്ഷം മെത്രാൻ കക്ഷികൾ ഉണ്ടെന്ന്! കേരളത്തിലെ ഇതര സഭാവിഭാഗങ്ങൾ വട്ട പൂജ്യമാണെന്നാണോ ഡോ. ജോർജ് പറയുന്നത് ? കൂടാതെ ഇരുപതിനായിരം പേർ മാത്രമാണ് മറൈൻ ഡ്രൈവ് മൈതാനിയിൽ വന്ന് എന്നും ഡോ. ജോർജ് കണ്ടെത്തി! സെക്രട്ടറിയുടെ വിചാരം ആയിരം പേർ വന്നാൽ നിറയുന്ന ബസേലിയോസ് മൈതാനമാണ് കേരളത്തിലെ ഏറ്റവും വലിയ മൈതാനമെന്നാണ്! സമയം കിട്ടുമ്പോൾ എറണാകുളത്ത് പോയി മറൈൻ ഡ്രൈവ് മൈതാനമൊക്കെ ഒന്ന് കാണണമെന്ന് മാത്രമേ നിരീക്ഷകന് പറയാനുള്ളു. വട്ടശേരിൽ തിരുമേനിയെ സഹദാ ആക്കിക്കൊണ്ട് ഡോ. ജോർജ്ജ് എഴുതിയ ലേഖനം മനോരമയിൽ കണ്ടു. അതിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും വസ്തുതാ വിരുദ്ധമാണ്. വള്ളിക്കാട് ബാവായെ വാഴിച്ചതാരാണെന്ന് എങ്കിലും കുറഞ്ഞ പക്ഷം ജോർജ്ജ് മനസ്സിലാക്കുക. വട്ടശേരിൽ തിരുമേനി രണ്ടാം കോതോലിക്കായെ വാഴിക്കാനും, മാർ ഈവാനിയോസിനെ (റീത്ത് സഭാ സ്ഥാപകൻ) വാഴിക്കാനുമെന്നും പോകാഞ്ഞതിന്റെ കാരണം മാർ ഈവാനിയോസ് പിന്നീട് വിവരിച്ചിട്ടുണ്ട്.

ബഹു. സുപ്രിം കോടതിയിൽ വച്ച് നടന്ന അനുരഞ്ജന ചർച്ചകളിൽ നിന്ന് ഓടിയൊളിച്ചത് ആരെന്ന് താങ്കൾ മണ്ണുത്തി മിലിത്തോസിനോട് ചോദിച്ച് മനസ്സിലാക്കുക. മഞ്ഞനിക്കര ദയറാ കൈയ്യേറുമെന്ന ഡോ. ജോർജിന്റെ ഭീഷണിയുടെ സ്ഥാനം ചവറ്റുകുട്ടയിലാണ്. പണ്ട് മഞ്ഞനിക്കര ദയറാ കൈയ്യേറാൻ മാർച്ച് നടത്താൻ മാക്കാംകുന്നിൽ കൂടിയവർക്ക് എന്ത് പറ്റിയെന്ന് അന്വേഷിച്ചറിയുന്നത് നന്നായിരിക്കും. ദേവലോക സഭാ സെക്രട്ടറിയുടെ വിവരക്കേടുകൾക്ക് ദൈവം മാപ്പ് കൊടുക്കട്ടെ.

സമ്മേളനത്തിൽ സംസാരിച്ച ആധുനിക കോനാട്ടച്ചൻ സുറിയാനി സഭയ്ക്ക് സ്വന്തമായി ഒന്നുമില്ല എന്നും ഗ്രീക്ക് സഭയുടെ രചനകൾ കടമെടുക്കുക മാത്രമാണ് സുറിനിയാനിക്കാർ ചെയ്തത് എന്നുമാണ് പറഞ്ഞത്. കർത്താവ് സംസാരിച്ചതും ഗ്രീക്ക് ഭാഷയാണെന്ന് കോനാട്ടച്ചൻ പറയുമെന്ന് നിരീക്ഷകൻ വിചാരിച്ചു. എന്തായാലും കർത്താവിനെ കോനാട്ടച്ചൻ ഒഴിവാക്കിയതിനാൽ ദൈവത്തിന് സ്തുതി.

കോട്ടയം യോഗത്തിൽ പ്രസംഗത്തിൽ അവസരം കിട്ടിയ മഹിളാമണി പറഞ്ഞത് ഫീലിപ്പോസ് മോർ തെയോഫിലോസിന്റെ കബറിടം സ്ഥിതി ചെയ്യുന്ന മണ്ണ് വിട്ടുകൊടുക്കില്ല എന്നാണ്. മോർ തെയോഫിലോസിന് മുമ്പ് അവിടെ കബറടക്കപ്പെട്ട പിതാക്കന്മാരെ കുറിച്ച് അറിയാത്ത മാഡം, ഇത് പറഞ്ഞത് തെറ്റിദ്ധാരണയുടെ ഭാഗമായിട്ടായിരിക്കും! പ. അന്ത്യോഖ്യാ സിംഹാസന ഭക്തരായി ജീവിച്ച് കബറടക്കപ്പെട്ട പിതാക്കന്മാരുടെ അന്ത്യവിശ്രമസ്ഥാനം വിട്ടുകൊടുക്കില്ലാ എന്നാണ് യാക്കോബായക്കാർ പറയുന്നത്.

പ. പാത്രിയർക്കീസ് ബാവായുടെ ശ്ലൈഹീക സന്ദർശനം കേരളസമൂഹത്തിനും പ്രത്യേകിച്ച് യാക്കോബായ സഭയിലും ഉളവാക്കിയ ചലനം കണ്ട് അസ്വസ്ഥരായവർ ജനശ്രദ്ധ ആകർഷിക്കാൻ മാത്രം നടത്തിയ ശ്രമമാണ് കോട്ടയം മഹാ (?) സമ്മേളനം. അടിസ്ഥാനരഹിതവും അർത്ഥശൂന്യവും, ആത്മാർത്ഥതയില്ലാത്തതുമായ മുദ്രാവാക്യങ്ങൾ മുഴക്കി സ്വന്തസഭാംഗങ്ങളായ കുറച്ചുപേരെ വിഢികളാക്കാൻ സാധിച്ചുവെന്നത് മാത്രമാണ് കോട്ടയംസമ്മേളനത്തിന്റെ ബാക്കിപത്രം.

വാൽകഷ്ണം:- കോടതിവിധി നിരസിക്കുന്നത് ദൈവഹിതമല്ലാ എന്ന് നിയുക്ത കാതോലിക്കാ മോർ മിലിത്തിയോസ്.

കോടതിയിൽ കേസു കൊടുക്കുന്നത് ദൈവഹിതമാണോ പിതാവേ?..........

## ആദരാഞ്ജലികൾ

### എം. റ്റി. ഫിലിപ്പ് (71)

### മൂഴിപ്പറമ്പിൽ ചിങ്ങവനം, കോട്ടയം



ഞങ്ങളെ ആശ്വസിപ്പിക്കുകയും, മരണാനന്തര ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും ചെയ്ത ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവായോടും, അഭി. ഡോ. തോമസ് മോർ തീമോത്തിയോസ് (കോട്ടയം), അഭി. ഗീവർഗീസ് മോർ പോളികാർപ്പോസ് (പെരുമ്പാവൂർ), അഭി. ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ ഗ്രീഗോറിയോസ്, അഭി. കുര്യാക്കോസ് മോർ ഈവാനിയോസ്, അഭി. ആയൂബ് മോർ സിൽവാനോസ് (ചിങ്ങവനം), അഭി. ഡോ. കുര്യാക്കോസ് മോർ ക്ലീമ്മീസ് (ഇടുക്കി), ബഹു. കോറെപ്പിസ്കോപ്പാമാർ, റമ്പാച്ചൻ, വൈദീകർ, ശെമ്മാശന്മാർ, കന്യാസ്ത്രീകൾ, സാമൂഹ്യ രാഷ്ട്രീയ നേതാക്കന്മാർ തുടങ്ങി എല്ലാവരോടുമുള്ള നന്ദി സമർപ്പിക്കുന്നു.

എന്ന് ഭാര്യ അന്നമ്മ ഫിലിപ്പ് (കുറിച്ചി ഈശ്വരൻപറമ്പിൽ കുടുംബാംഗം)
മക്കൾ ബിജു ഫിലിപ്പ് & ബിൻസി, ഫാ. ബിനോ ഫിലിപ്പ് & അബിയ
കൊച്ചുമക്കൾ നിദിയ, നോഹിൻ



## ആദരാഞ്ജലികൾ

**നവംബർ 21-ാം തീയതി അമേരിക്കയിലെ, ന്യൂജേഴ്സി - ക്ലിഫ്റ്റൺ സെന്റ് തോമസ് ക്നാനായ യാക്കോബായ പള്ളിയിൽ അക്രമിയുടെ വെടിവയ്പിൽ മരിച്ച ഡെന്നീസ് ജോൺ മല്ലൂശേരിലിന് വിശ്വാസസംരക്ഷകൻ പ്രവർത്തകരുടെ ആദരാഞ്ജലികൾ**

## ലോകപ്രശസ്ത സുറിയാനി പണ്ഡിതനും ഓക്സ്ഫോഡ് യൂണിവേഴ്സിറ്റിയിലെ ഓറിയന്റൽ ഇൻസ്റ്റിറ്റ്യൂട്ട് തലവനുമായ ഡോ. സെബാസ്റ്റ്യൻ ബ്രോക് ത്രിഭാഷാ തക്സായേക്കുറിച്ച് എഴുതിയ പ്രതികരണം

The Syrian Orthodox Church has a far richer collection of Anaphoras than that of any other Church: according to Patriach Ignatius Apherm Barsaum, in his *The Scattered Pearls: A History of Syriac Literaature and Sciences*, there are no less than 79 surviving Anaphoras. Printed editions of the Qurobo, however, usually only give the Anaphora of St. James and a very small selection of others. The largest printed collection of Anaphoras intended for liturgical use was the now very rare editon published at Pampakuda in 1931; this provided the texts of eighteen Anaphoras, whereas the much more recent Pampakuda edition of 1986 has thirteen. The present very welcome trilingual edition, prepared by the Mor Adai Study Centre, likewise contains thirteen Anaphoras, but with a different selection, for it has taken as its basis the bilingual, Syriac-English edition prepared by the late Mor Athanasius Samuel and published in the United States in 1991. Besides adding the Malayalam translation, this new edition has occasionally modified, where necessary, the English translation, and has added at the end some further proemions and sedre. The following are the Anaphoras which are to be found in the present edition: St. James, St. John Chrysostom, St. Cyril of Alexandria, St. Jacob of Serugh, St. Philoxenus, St. Severus of Antioch, Dionysius Bar Salibi.

Of these, the Anaphoras of St. James and of the Twelve Apostles are among the most ancient of all surviving Anaphoras. The former, associated with Jerusalem, was once quite widely used in the Greek Orthodox tradition, but has now almost entirely dropped out of use there. The Anaphora of St. John Chrysostom which is today in general use, alongside that of St. Basil (in Lent), in the Greek and Russian Orthodox Churches, is quite different from the Syriac Anaphora under his name (some Syriac manuscripts attribute it instead to a certain John of Harran). The selection includes two Anaphoras associated with Rome (Xystus and Julius were both early Bishops of Rome), and one with Alexandria (though the Cyril is sometimes identified as St. Cyril of Jerusalem). Three are linked with the great saints of the Syrian Orthodox Church of the Late fifth/early sixth century, St. Jacob of Serugh, St. Philoxenus, and St. Severus. The Anaphora of Dionysius Bar Salibi will be the latest one in the collection: Dionysius, who died in 1171, was one of the great Syriac scholar bishops of the medieval period. Three of the Anaphoras, those of St. Jacob of Serugh, St. philoxenus, and St. Severus, have never previously been printed in Kerala.

While bilingual editions of liturgical texts are not uncommon, a trilingual one such as this has the distinction of being quite a rarity, but it is particularly good, in the modern situation, to have these three languages combined together for practical liturgical use. By providing the texts of these Anaphoras in this way, the editor, Dr Kuriakose Corepiscopa Moolayil, has done a great service, making available these spiritual riches, many of which have long lain hidden

Sebastian Brock, Oriental Institute, Oxford, England

**കോപ്പികൾക്കു ബന്ധപ്പെടുക: മോർ ആദായി സ്റ്റഡി സെന്റർ, ചീരംചിറ, ചങ്ങനാശേരി ഫോൺ: 9446203002**

## ത്രിഭാഷാ തക്സാ

**(Triliugual Encharist service Book)** സുറിയാനി- ഇംഗ്ലീഷ്- മലയാളം ഭാഷകളിൽ ഒരേ സമയം ഉപയോഗിക്കാവുന്ന 13 ക്രമങ്ങളുള്ള വി. കുർബ്ബാന തക്സാ വിതരണത്തിനു തയ്യാറായിരിക്കുന്നു.

മൂലയിൽ കുര്യാക്കോസ് കോർഎപ്പിസ്കോപ്പാ എഡിറ്റ് ചെയ്ത് മോർ ആദായി സ്റ്റഡി സെന്റർ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ തക്സായിൽ മലയാളത്തിൽ പ്രചാരത്തിലുള്ള വി. കുർബ്ബാന തക്സാകൾ കൂടാതെ **സുവിശേഷകനായ മോർ മർക്കോസ്, മാബൂഗിലെ മോർ പീലക്സിനോസ്, അന്ത്യോഖ്യായുടെ മോർ സേവേറിയോസ്, അലക്സന്ത്ര്യായിലെ മോർ കൂറിലോസ്, സ്രൂഗിലെ മോർ യാക്കൂബ്**, തുടങ്ങിയ ക്രമങ്ങളും നിരവധി ഗ്രൂമിയോൻ സെദ്റോകൾ സുറിയാനി- ഇംഗ്ലീഷ്- മലയാളം ഭാഷകളിലും ചേർത്തിരിക്കുന്നു.

ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ശ്രേഷ്ഠാനുമതിയും മോർ അപ്രേം മാത്യൂസ് മെത്രാപ്പോലീത്തായുടെ പരിശോധനാനുമതിയും ഉള്ള ഈ വി.കുർബ്ബാന ക്രമം കേരളത്തിലും പുറത്തുമുള്ള എല്ലാ പള്ളികൾക്കും വൈദീകർക്കും വളരെ അനുപേഷണീയമായ ഈ വി. കുർബ്ബാന തക്സാ ബുക്കുഷോപ്പുകളിൽ ലഭ്യമാകുന്നതല്ല. കോപ്പികൾ ആവശ്യമുള്ളവർ നേരിട്ട ബന്ധപ്പെടുവാൻ താല്പര്യപ്പെടുന്നു. **മോർ ആദായി സ്റ്റഡി സെന്റർ, ചീരംചിറ, ചങ്ങനാശേരി 686106, Kerala-India, e-mail: Moolelachan @ yahoo. com, Ph: 0481-2724353, 0481-3170484, 944 -620-3002**

## അഖില മലങ്കര ക്വിസ്മത്സരം

കുമരകം സെന്റ് ജോൺസ് ആറ്റാമംഗലം പള്ളിയിലെ മോർ ഇഗ്നാത്തിയോസ് യൂത്ത് അസ്സോസ്സിയേഷന്റെ ആഭിമുഖ്യത്തിൽ മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിക്കുള്ള 13-ാം മത് അഖില മലങ്കര ക്വിസ്മത്സരം ഡിസംബർ മാസം 14-ാം തീയതി ഞായറാഴ്ച രാവിലെ 10 മുതൽ ആറ്റമംഗലം പള്ളിഹാളിൽ നടത്തപ്പെടുന്നു. ഒന്നാം സ്ഥാനം നേടുന്ന ടീമിന് മോർ ബസ്സേലിയോസ് പൗലോസ് ദ്വിതിയൻ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 1501 രൂപയും രണ്ടാം സ്ഥാനം നേടുന്ന ടീമിന് വാലയിൽ മത്തായി കത്തനാർ മെമ്മോറിയൽ എവർറോളിംഗ് ട്രോഫിയും 1001 രൂപയും, മൂന്നാം സ്ഥാനം നേടുന്ന ടീമിന് യൂത്ത് അസ്സോസിയേഷൻ വക എവർറോളിംഗ് ട്രോഫിയും 501 രൂപയും. മലങ്കര യാക്കോബായ സുറിയാനി സഭയിലെ എല്ലാ പള്ളികളിൽ നിന്നും രണ്ട് അംഗങ്ങൾ വീതമടങ്ങുന്ന എത്ര ടീമുകൾക്ക് വേണമെങ്കിലും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.

വിശദവിവരങ്ങൾക്ക്- www.kumarakomchurch.com
Ph: 9496324439,9446503549,9895085112.

ചീഫ് എഡിറ്റർ: ഷെവ. ബിബി ഏബ്രഹാം കടവുംഭാഗം, പുളിക്കൽകവല പി. ഒ. ,വാഴൂർ
Ph: 0481-2456498, 2458198, 9446921775,
Sponsored by: Mor adai Study Center http://moradaistudycenter.cjb.net
editor@viswasasamrakshakan.org abrahambibby@yahoo.com